കേരള സർക്കാർ



2011-2012

ഡോ. ടി. എം. തോമസ് ഐസക്
ധനകാര്യമന്ത്രി

# ബജറ്റ് പ്രസംഗം

10 ഫെബ്രുവരി 2011

# ബജറ്റ് പ്രസംഗം

## 2011–2012

ഡോ. ടി. എം. തോമസ് ഐസക്
ധനകാര്യ മന്ത്രി

2011 ഫെബ്രുവരി 10

കേരള സർക്കാർ

## ഉള്ളടക്കം


| | | | | പേജ് നമ്പർ |
|---|---|---|---|---|
| ഭാഗം ഒന്ന് | - | ആമുഖം | .. | 1-7 |
| ഭാഗം രണ്ട് | - | സമഗ്ര റോഡ് പുനരുദ്ധാരണ പദ്ധതി | .. | 7-17 |
| ഭാഗം മൂന്ന് | - | മറ്റു പശ്ചാത്തല സൗകര്യ നിക്ഷേപങ്ങൾ | .. | 17-21 |
| ഭാഗം നാല് | - | പൊതുമേഖലയുടെ ചരിത്ര മുന്നേറ്റം | .. | 21-24 |
| ഭാഗം അഞ്ച് | - | പുത്തൻ വളർച്ചാ മേഖലകൾ | .. | 25-28 |
| ഭാഗം ആറ് | - | സമഗ്ര സാമൂഹ്യ സുരക്ഷാ പദ്ധതി | .. | 28-34 |
| ഭാഗം ഏഴ് | - | വിലക്കയറ്റത്തിന് പ്രതിരോധം | .. | 34-36 |
| ഭാഗം എട്ട് | - | പരമ്പരാഗത മേഖലകൾ | .. | 37-41 |
| ഭാഗം ഒമ്പത് | - | ക്ഷേമപ്രവർത്തനങ്ങൾ | .. | 41-47 |
| ഭാഗം പത്ത് | - | ഭക്ഷ്യസുരക്ഷ | .. | 47-50 |
| ഭാഗം പതിനൊന്ന് | - | ഹരിത ബജറ്റ് | .. | 50-52 |
| ഭാഗം പന്ത്രണ്ട് | - | വിദ്യാഭ്യാസം | .. | 52-61 |
| ഭാഗം പതിമൂന്ന് | - | ആരോഗ്യം | .. | 62-65 |
| ഭാഗം പതിനാല് | - | തദ്ദേശസ്വയംഭരണം | .. | 65-69 |
| ഭാഗം പതിനഞ്ച് | - | പൊതുഭരണം | .. | 70-79 |
| ഭാഗം പതിനാറ് | - | വിഭവസമാഹരണം | .. | 80-93 |
| ഭാഗം പതിനേഴ് | - | ഉപസംഹാരം | .. | 93-97 |

# ആമുഖം

1. 2011-12-ലെ ബജറ്റ് പ്രസംഗത്തിനു കാവ്യശോഭ പകരാൻ ഏതാനും വരികൾ *'ദിനാന്ത'* ത്തിൽ നിന്ന് ഉദ്ധരിക്കാൻ സന്തോഷപൂർവം അനുവാദം നൽകുക മാത്രമല്ല, ഈ ബജറ്റിനായി മലയാളത്തിന്റെ പ്രിയപ്പെട്ട കവി ശ്രീ. ഒ എൻ വി കുറുപ്പ് താഴെ കൊടുക്കുന്ന കവിതാശകലം എഴുതിത്തരികയും ചെയ്തു.

*പാലിച്ചുവാഗ്ദാനമേറെ, യെന്നാകിലും*

*പാലിക്കാനുണ്ടിനിയേറെ!*

*പിന്നിട്ടുദൂരങ്ങളേറെയെന്നാകിലും*

*പിന്നിടാനുണ്ടിനിയേറെ!,*

*അന്നവും വസ്ത്രവും പാർക്കാനിടവുമീ*

*മന്നിൽപ്പിറന്നവർക്കെല്ലാം -*

*ഒന്നേ നിയമവും നീതിയുമേവർക്കു-*

*മെന്നുറപ്പാകും വരേയും*

*പോവുക ധീരമായ് മുന്നോട്ട്-വാഗ്ദത്ത-*

*ഭൂവിലേയ്ക്കാവട്ടെ യാത്ര!*

സർ, 2011-12-ലെ ബജറ്റ് ഞാൻ അവതരിപ്പിക്കുന്നു.

**2.** വാഗ്ദാനങ്ങളേറെയും നിറവേറ്റിയ സംതൃപ്തിയോടെയാണ് ഞാനിവിടെ നിൽക്കുന്നത്. സമാനതകളില്ലാത്ത നേട്ടങ്ങളാണ് സാമൂഹ്യക്ഷേമരംഗത്ത് ഈ സർക്കാർ കൈവരിച്ചത് എന്ന് വിമർശകർപോലും സമ്മതിക്കുന്നു. സാമ്പത്തികരംഗത്തും കഴിഞ്ഞ അഞ്ചുവർഷത്തിലുണ്ടായ വളർച്ച ഒരുകാലത്തുമുണ്ടായിട്ടില്ല എന്നാണ് എന്റെ വാദം. തൊണ്ണൂറുകളുടെ അവസാനം ആരംഭിച്ച കാർഷിക തകർച്ചയുടെ ചൊരുക്കും ആഗോളമാന്ദ്യത്തിന്റെ സമ്മർദ്ദവുമുണ്ടായിട്ടും കേരളം കഴിഞ്ഞ അഞ്ചുവർഷം ഏതാണ്ട് 9 ശതമാനം വേഗത്തിൽ വളർന്നു. സർ, ഞാൻ ഉറപ്പു പറയുന്നു, രണ്ടോ മൂന്നോ വർഷത്തിനുള്ളിൽ ഇന്ത്യയിൽ ഏറ്റവും വേഗത്തിൽ വളരുന്ന സംസ്ഥാനമായി കേരളം മാറും.

**3.** എല്ലാം ഭദ്രമാണെന്നു വാദിക്കുന്നില്ല. ദൗർബല്യങ്ങളേറെയുണ്ട്. വർദ്ധിച്ചുവരുന്ന അസമത്വവും കീഴ്ത്തട്ടിലുള്ളവരുടെ പാപ്പരീകരണവും പരിഹരിക്കണം. ആസിയാൻ കരാർ, ഈ നൂറ്റാണ്ടിലെ ആദ്യവർഷങ്ങളിലേതുപോലുള്ള വിലത്തകർച്ചയുടെ ഭീഷണി ഉയർത്തുന്നു. വിദ്യാഭ്യാസ ആരോഗ്യാദി മേഖലകളിലെ രണ്ടാം തലമുറ പ്രശ്നങ്ങൾക്ക് ഉത്തരം കാണണം. നാം പരിസ്ഥിതി സൗഹൃദമാകേണ്ടതുണ്ട്. സ്ത്രീപുരുഷ തുല്യതയില്ലാതെ സാമൂഹ്യനീതിയില്ല എന്നു തിരിച്ചറിയണം. യുവതലമുറയുടെ പ്രതീക്ഷകൾക്കനുസൃതമായ തൊഴിലവസരങ്ങൾ വേണ്ടത്ര വേഗത്തിൽ ഉണ്ടാകുന്നില്ല. ഡോ. അബ്ദുൽ കലാം ഈ നിയമസഭയിൽ ചൂണ്ടിക്കാണിച്ച, നമുക്കനുയോജ്യവും കൂടുതൽ മത്സരശേഷിയുള്ളതുമായ, പുതിയ വളർച്ചാമേഖലകൾ ഇനിയും ശക്തിപ്പെടണം. മേൽപറഞ്ഞ ദൗർബല്യങ്ങൾ തിരുത്തുന്നതിനുള്ള പരിശ്രമങ്ങളായിരുന്നു ഈ സർക്കാരിന്റെ അഞ്ചു ബജറ്റുകളും.

**4.** യാഥാസ്ഥിതിക ധനനയങ്ങൾക്കു പകരം സംസ്ഥാനത്തിന്റെ ക്ഷേമ വികസന ആവശ്യങ്ങൾ അടിസ്ഥാനമാക്കിയുള്ള സമീപന മാണു സ്വീകരിച്ചത്. ഇതിന്റെ ഫലമായി 2001-06 കാലയളവിൽ സർക്കാർ ചെലവ് 53 ശതമാനം മാത്രം വർദ്ധിച്ചപ്പോൾ, ഈ സർക്കാരിന്റെ കാലത്ത് 100 ശതമാനത്തിലേറെ വർദ്ധിച്ചു. അതായത്, 2005-06-ലെ 19,528 കോടി രൂപയിൽ നിന്ന് 2010-11-ൽ 39,790 കോടി രൂപയായി സർക്കാർ ചെലവ് ഉയർന്നു. മൂലധനച്ചെലവിന്റെ കാര്യത്തിലും ഇക്കാലത്തു ഗുണപരമായ മാറ്റമുണ്ടായി. സർക്കാരിന്റെ മൊത്തം ചെലവിൽ 5.65 ശതമാനമായിരുന്ന മൂലധനച്ചെലവ് 12.51 ശതമാനമായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 6.6 ശതമാനത്തിൽ നിന്ന് 8 ശതമാനമായി. പദ്ധതിച്ചെലവ് 22.0 ശതമാനത്തിൽ നിന്ന് 25.3 ശതമാനമായി. വികസനച്ചെലവ് 53 ശതമാനത്തിൽ നിന്ന് 55 ശതമാനമായി ഉയർന്നു.

**5.** സർക്കാരിന്റെ ചെലവ് ഇരട്ടിയായപ്പോഴും കമ്മി താഴ്ത്തി നിർത്തുന്നതിൽ വിജയിച്ചു. 2001-06 കാലയളവിൽ റവന്യൂ വരുമാനത്തിന്റെ 28.5 ശതമാനമായിരുന്ന റവന്യൂ കമ്മി 2006-11-ൽ 15.5 ശതമാനമായി താണു. ധനക്കമ്മിയും ഗണ്യമായി താഴ്ന്നു.

**6.** അഭിമാനത്തോടെ പറയട്ടെ, സർ, കഴിഞ്ഞ മൂന്നുവർഷങ്ങളിൽ ഒരു ദിവസം പോലും ട്രഷറി ഓവർഡ്രാഫ്റ്റിലായില്ല. നടപ്പുവർഷ ത്തിൽ ഇതുവരെ ഒരു ദിവസം പോലും റിസർവ് ബാങ്കിൽ നിന്നു കൈവായ്പ വാങ്ങേണ്ടി വന്നിട്ടില്ല. ഏതാണ്ടെല്ലാ വെയ്സ് ആൻഡ് മീൻസ് നിയന്ത്രണങ്ങളും വേണ്ടെന്നു വെച്ചിരിക്കുകയാണ്. ഇക്കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനിടയിൽ കേരളത്തിൽ ഇങ്ങനെയൊരു അനുഭവമുണ്ടായിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂരിപക്ഷം ദിവസങ്ങളിലും ട്രഷറി ഓവർഡ്രാഫ്റ്റിലായിരുന്നു എന്നോർക്കണം.

**7.** സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെട്ടതിന്റെ അടിസ്ഥാനകാരണം സംസ്ഥാനത്തിന്റെ സ്വന്തം വരുമാനത്തിലുണ്ടായ വർദ്ധനയാണ്. സംസ്ഥാന നികുതി വരുമാനം 2005-06-ൽ 7000 കോടി രൂപ

ആയിരുന്നത് 2010-11-ൽ ഏതാണ്ട് 16,000 കോടി രൂപയായി ഉയരും. അതേസമയം കേന്ദ്രസർക്കാരിന്റെ സഹായം സംസ്ഥാന സർക്കാരിന്റെ മൊത്തം റവന്യൂ വരുമാനത്തിന്റെ 29.94 ശതമാനത്തിൽ നിന്ന് 25.6 ശതമാനമായി ഇക്കാലയളവിൽ താഴ്ന്നു.

**8.** സർ, മിച്ച ബജറ്റ് അവതരിപ്പിക്കാൻ കഴിയുമെന്ന പ്രതീക്ഷ പ്രഥമ ബജറ്റ് പ്രസംഗത്തിൽ ഞാൻ പ്രകടിപ്പിച്ചിരുന്നു. എന്നാൽ പ്രതീക്ഷയ്ക്കു വിരുദ്ധമായി പതിമൂന്നാം ധനകാര്യകമ്മിഷൻ കേരളത്തിനുള്ള കേന്ദ്ര നികുതിവിഹിതം വീണ്ടും കുറയ്ക്കുകയാണ് ഉണ്ടായത്. കേന്ദ്രം പ്രഖ്യാപിച്ച ചരക്കുസേവന നികുതി സമ്പ്രദായവും നടപ്പായില്ല. ആഗോളമാന്ദ്യം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക നിലയെ പ്രതികൂലമായി ബാധിച്ചു. കേന്ദ്രവും ഏതാണ്ട് എല്ലാ സംസ്ഥാനങ്ങളും കമ്മിയിലായി. ഈ പശ്ചാത്തലത്തിൽ ക്ഷേമച്ചെലവുകൾ വെട്ടിച്ചുരുക്കുകയും ശമ്പളപരിഷ്കരണം വേണ്ടെന്നുവെയ്ക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് കുറയ്ക്കുകയും ചെയ്താലല്ലാതെ മിച്ചബജറ്റിലേയ്ക്കു നീങ്ങാനാവില്ല. ഈ ജനവിരുദ്ധനയം സ്വീകരിക്കാൻ ഞങ്ങൾ തയ്യാറല്ല. ശമ്പളപരിഷ്കരണത്തിനു വേണ്ട അധികച്ചെലവുണ്ടായിട്ടും 2011-12-ൽ റവന്യൂകമ്മി 1.97 ശതമാനം മാത്രമാണ്. 2010-11-ലെ ബജറ്റിലെ 1.48 ശതമാനത്തിൽ നിന്നുള്ള ഈ ചെറിയ വർദ്ധന പോലും താൽക്കാലികമാണ്. ചരക്കുസേവന നികുതി പ്രാബല്യത്തിൽ വരുമ്പോൾ കേരളത്തിലെ നികുതി വരുമാനം ഇനിയും ഗണ്യമായി ഉയരും. നികുതിയേതര വരുമാനവും വർദ്ധിക്കുന്നതിനുള്ള സാധ്യതകളും തെളിഞ്ഞിട്ടുണ്ട്. ഇതോടെ റവന്യൂകമ്മി കുറയും.

**9.** വൻതോതിൽ വായ്പയെടുത്തതുകൊണ്ടാണ് കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെട്ടത് എന്ന ആരോപണം ഞാൻ തള്ളിക്കളയുന്നു. 2005-06-ൽ 45,929 കോടി രൂപ ആയിരുന്ന കടം ഈ വർഷം

അവസാനിക്കുമ്പോൾ 78,327 കോടി രൂപയായി ഉയരും. പക്ഷേ, കടത്തിന്റെ മൊത്തം തുക നോക്കിയല്ല കടഭാരം നിർണ്ണയിക്കുന്നത്. വലിയ സമ്പദ്ഘടനയ്ക്ക് കൂടുതൽ കടഭാരം താങ്ങാനാവും. കടഭാരം അളക്കേണ്ടത് സംസ്ഥാന ആഭ്യന്തര വരുമാനവുമായി താരതമ്യപ്പെടുത്തി വേണം. 2000-01-ൽ 32.9 ശതമാനമായിരുന്ന കടഭാരം 2005-06-ൽ 33.6 ശതമാനമായി ഉയർന്നു. എന്നാലിന്നോ, 2010-11-ൽ ഇത് 29.52 ശതമാനമായി താണു. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ കേരളത്തിന്റെ കടം 70 ശതമാനം ഉയർന്നു. അതിനു മുമ്പുള്ള അഞ്ചുവർഷത്തിലോ, 92 ശതമാനമാണ് വർദ്ധന. ഈ സർക്കാരിന്റെ കാലത്ത് കടം പെരുകുന്നതിന്റെ വേഗത കുറയുകയാണ് ചെയ്തത്.

**10.** സർ, കടത്തിന്റെ വലിപ്പമല്ല, സംസ്ഥാനത്തിന്റെ വായ്പാ പരിധി ചുരുക്കാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കങ്ങളാണ് എന്നെ ആശങ്കപ്പെടുത്തുന്നത്. വായ്പാസമ്മർദ്ദം നേരിടുന്ന സംസ്ഥാനങ്ങളുടെ പട്ടികയിലാണ് ഇപ്പോൾ കേരളം. നിലവിലെ നിർവചനം പൊളിച്ചെഴുതിയാണ് കേന്ദ്രം ഇതു ചെയ്തത്. സംസ്ഥാന ആഭ്യന്തരവരുമാനത്തിന്റെ 35 ശതമാനം കടമുള്ള സംസ്ഥാനങ്ങളെയാണ് വായ്പാസമ്മർദ്ദം നേരിടുന്ന സംസ്ഥാനങ്ങളായി നേരത്തെ കണക്കാക്കിയിരുന്നത്. ഇതിനു പുറമെ മറ്റു ചില മാനദണ്ഡങ്ങൾ കൂടി പരിഗണിച്ചിരുന്നു. പുതുക്കിയ മാനദണ്ഡപ്രകാരം ആഭ്യന്തര വരുമാനത്തിന്റെ 27 ശതമാനത്തിനു മുകളിൽ കടബാധ്യതയുള്ള സംസ്ഥാനങ്ങൾ വായ്പാ സമ്മർദ്ദത്തിലാണു പോലും. മറ്റു മാനദണ്ഡങ്ങളും ഇതുപോലെ താഴ്ത്തി നിശ്ചയിച്ചിട്ടുണ്ട്. കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെട്ടപ്പോൾ കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളും മാറ്റി. ഈ കസർത്തുകൾക്കൊന്നിനും സാമ്പത്തികശാസ്ത്ര സിദ്ധാന്തങ്ങളുടെ യാതൊരു പിൻബലവുമില്ല.

**11.** സർ, കേരളം കടക്കെണിയിലല്ല. കടക്കെണിയിലേയ്ക്ക് സർക്കാർ നീങ്ങുകയാണോ എന്നു വിലയിരുത്താൻ പ്രസിദ്ധ

സാമ്പത്തിക ശാസ്ത്രജ്ഞനായ ഹരോഡ് ഡോമർ രൂപം നൽകിയ സൂത്രവാക്യത്തെയാണ് സാമ്പത്തിക വിദഗ്ധർ അടിസ്ഥാനമാക്കുന്നത്. അതുപ്രകാരം കടത്തിന്റെ ശരാശരി പലിശ നിരക്കിനെക്കാൾ ഉയർന്ന താണ് സംസ്ഥാന വരുമാനത്തിന്റെ വളർച്ചാനിരക്കെങ്കിൽ കടം അപ കടനിലയിലല്ല. കേരളത്തിൽ സർക്കാർ കടത്തിന്റെ ശരാശരി പലിശ നിരക്ക് 7.8 – 8.2 ശതമാനം വരെയാണ്. എന്നാൽ സംസ്ഥാന വരു മാനം 14 – 15 ശതമാനം വരെ വേഗതയിലാണ് വളരുന്നത്. ചുരുക്കത്തിൽ കടക്കെണിയിലാണെന്നുള്ള പരിഭ്രാന്തി പടർത്തി യാഥാസ്ഥിതിക ധനനയം അടിച്ചേൽപ്പിക്കാനുള്ള പരിശ്രമമാണ് നടക്കുന്നത്.

**12.** സർ, വായ്പയെടുക്കാൻ തടസ്സം നിൽക്കുന്ന കേന്ദ്ര സർക്കാരിന്റെ നിലപാട് സംസ്ഥാനവികസനത്തിനു കൂച്ചുവിലങ്ങായി മാറുകയാണ്. 2011–12–ൽ സംസ്ഥാന വരുമാനത്തിന്റെ 3.5 ശതമാനം വായ്പയെടുക്കുന്നതിന് അനുവദിച്ചിട്ടുണ്ടെങ്കിലും അടുത്ത വർഷം മുതൽ വായ്പാപരിധി മൂന്നു ശതമാനമാകും. ഇതിനു പുറമെ സംസ്ഥാന ആഭ്യന്തരവരുമാനത്തിന്റെ 25 ശതമാനമായി കടം ചുരുക്കണമെന്ന നിർദ്ദേശവുമുണ്ട്. റവന്യൂ കമ്മി ഇല്ലാതാക്കാനുള്ള ഒരു സമയബന്ധിത പരിപാടി സംസ്ഥാനം അംഗീകരിച്ചാൽ പിന്നെ മൂലധനച്ചെലവിനു വായ്പയെടുക്കാൻ എന്തിനു തടസ്സം നിൽക്കണം? ഇതെത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല സർ!

**13.** മാത്രമല്ല, ഫലത്തിൽ അനുവദനീയമായ പരിധിവരെ പോലും വായ്പയെടുക്കാൻ സംസ്ഥാനത്തിനു കഴിയുന്നില്ല. ഇതിനു പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്ന സമ്പ്രദായങ്ങളാണ് കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. അതുകൊണ്ടാണ് 2009–10–ൽ കേരളത്തിന്റെ ധനക്കമ്മി 3.42 ശതമാനമായി പരിമിതപ്പെട്ടത്. ആഗോളമാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ ധനക്കമ്മി 4 ശതമാനം വരെ ഉയർത്താൻ അനുവാദമുണ്ടായിരുന്നു എന്നോർക്കണം. 2010–11–ലാകട്ടെ 3.5 ശതമാനം ധനക്കമ്മി അനുവദിച്ചിരുന്നുവെങ്കിലും പുതുക്കിയ

കണക്കുപ്രകാരം അത് 2.89 ശതമാനം മാത്രമാണ്. കേരളത്തിലെ ട്രഷറി സേവിംഗ്സ് ബാങ്ക് ഉപയോഗപ്പെടുത്തി വൻതോതിൽ വായ്പയെടുക്കുന്നു എന്ന ആരോപണം അടിസ്ഥാനരഹിതമാണെന്ന് ഈ വസ്തുതകൾ തെളിയിക്കുന്നു. സംസ്ഥാന ട്രഷറി സേവിംഗ്സ് ബാങ്കുതന്നെ നിർത്തലാക്കണം എന്നാണ് കേന്ദ്രസർക്കാരിന്റെ ഇപ്പോഴത്തെ ആവശ്യം. ഇതംഗീകരിച്ചാൽ സംസ്ഥാനത്തിന്റെ പരിമിതമായ ധനകാര്യ സ്വാതന്ത്ര്യവും കവർന്നെടുക്കപ്പെടും. തിരുവിതാംകൂർ ഇന്ത്യൻ യൂണിയനിൽ ലയിച്ചപ്പോൾ കേരളത്തിന് ഒസ്യത്തായി കിട്ടിയ ട്രഷറി സേവിംഗ്സ് ബാങ്കിനുമേൽ കൈവെയ്ക്കാനുള്ള ഏതു നീക്കത്തെയും ഒറ്റക്കെട്ടായി കേരളത്തിലെ ജനങ്ങൾ ചെറുക്കും. കക്ഷി രാഷ്ട്രീയത്തിന് അതീതമായ സമന്വയം ഇക്കാര്യത്തിൽ സംസ്ഥാനത്തുണ്ടാവണം.

## II

## സമഗ്ര റോഡ് പുനരുദ്ധാരണ പദ്ധതി

**14.** കേന്ദ്രസർക്കാർ പിന്തുടരുന്ന യാഥാസ്ഥിതിക ധനനയം കേരളത്തിന്റെ വികസനത്തിനു എങ്ങനെ കുച്ചുവിലങ്ങാകുന്നുവെന്ന് ഒരുദാഹരണത്തിലൂടെ വ്യക്തമാക്കാം. സംസ്ഥാനത്തെ റോഡു ശൃംഖല അടിയന്തിരമായി നവീകരിക്കേണ്ടതുണ്ട്. വർദ്ധിച്ചുവരുന്ന ഗതാഗതത്തിരക്കും വാഹനഭാരവും താങ്ങാൻ റോഡുകൾക്കാവുന്നില്ല. ഇന്നത്തെ നിർമ്മാണരീതി മാറ്റുകയാണ് ഇതിനുള്ള പരിഹാരം. ബിറ്റുമിൻ മക്കാഡം - ബിറ്റുമിൻ കോൺക്രീറ്റ് ഡിസൈനർ റോഡുകളിലേയ്ക്കു നാം മാറണം. പൊതുമരാമത്തു വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ ഇപ്രകാരം നവീകരിക്കാനുള്ള ചെലവ് സംസ്ഥാന ഗതാഗതനയത്തിനു രൂപം നൽകാൻ നിയോഗിച്ച കമ്മിറ്റി കണക്കാക്കിയിട്ടുണ്ട് - ഏകദേശം 40,000 കോടി രൂപ.

**15.** വായ്പയല്ലാതെ ഇത്രയും പണം സ്വരൂപിക്കാൻ മാർഗമില്ല. കേരളം എത്ര ത്യാഗം സഹിച്ച് റവന്യൂ കമ്മി ഇല്ലാതാക്കിയാലും ആഭ്യന്തരവരുമാനത്തിന്റെ മൂന്നു ശതമാനത്തിനപ്പുറം വായ്പയെടുക്കാൻ കേന്ദ്രസർക്കാർ അനുവദിക്കുകയുമില്ല. ദേശീയ പാതയുടെ കാര്യത്തിൽ കേന്ദ്രസർക്കാർ അടിച്ചേൽപ്പിച്ച ബിഒടി മോഡൽ സംസ്ഥാന പാതകളുടെയും ജില്ലാ ഗ്രാമീണ റോഡുകളുടെയും നിർമ്മാണത്തിൽ പരീക്ഷിക്കാൻ പോലും പറ്റില്ല. പിന്നെ, എന്താണ് പോംവഴി?

**16.** യാഥാസ്ഥിതിക ധനനയം മുറുകെപ്പിടിക്കുന്ന കേന്ദ്രസർക്കാരിന്റെ പിടിവാശി മറികടക്കാൻ ഒരു ബദൽ സമീപനത്തിനു രൂപം നൽകിയേ തീരൂ. സംസ്ഥാന സർക്കാർ നേരിട്ടല്ലാതെ സർക്കാർ നിയന്ത്രണത്തിലുള്ള സ്വതന്ത്രമായ ബോർഡുകളോ കമ്പനികളോ വഴി വായ്പയെടുത്ത് റോഡു പുനരുദ്ധാരണം നടത്തണം. ഈ ചുമതല റോഡ് ഫണ്ട് ബോർഡിനും റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷനുമായിരിക്കും.

**17.** ഈ നീക്കം വിജയിക്കണമെങ്കിൽ രണ്ടു കാര്യങ്ങൾ അത്യന്താപേക്ഷിതമായി ചെയ്യേണ്ടതുണ്ട്. ഒന്നാമത്തേത്, ഈ രണ്ടുസ്ഥാപനങ്ങളുടെയും പുനഃസംഘടനയാണ്. അവയിന്ന് ഡിപ്പാർട്ടുമെന്റിന്റെ അനുബന്ധ സ്ഥാപനങ്ങളാണ്. ഈ നില മാറണം. പ്രഗത്ഭരായ ധനകാര്യവിദഗ്ധർ അടക്കമുള്ള പ്രൊഫഷണലുകളെ ഉൾപ്പെടുത്തി സ്വതന്ത്രമായ ഡയറക്ടർ ബോർഡുകൾ നിലവിൽ വരണം. കോൺട്രാക്ടർ - എഞ്ചിനീയർ - രാഷ്ട്രീയ മുക്കൂട്ട് അഴിമതിരാജിൽ നിന്ന് പുതിയ സംവിധാനത്തെ വിമുക്തമാക്കണം. ഇതിനു സഹായകരമാണ് പൊതുമരാമത്തു മേഖലയിൽ ഇതിനകം കൊണ്ടുവന്നിട്ടുള്ള പരിഷ്കാരങ്ങൾ. ഇ-ടെൻഡറിംഗ്, ദീർഘകാല മെയിന്റനൻസ് കോൺട്രാക്ട്

സമ്പ്രദായം തുടങ്ങിയ പരിഷ്കാരങ്ങൾ പൂർണ്ണതയിലെത്തിക്കണം. കോൺട്രാക്ടർമാർക്ക് കുടിശികയില്ല എന്നുളളതും പുതിയൊരു അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്. സർ, ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 26 മാസമായിരുന്നു കുടിശിക. ഇപ്പോൾ ഒരു ബില്ലും ധനവകുപ്പിൽ കുടിശികയില്ല.

**18.** രണ്ടാമത്തേത്, ഒരു ദശകം കൊണ്ടു 40,000 കോടി വരുന്ന ഭീമമായ തുക വായ്പയെടുക്കാനുള്ള ക്രെഡിറ്റ് റേറ്റിംഗ് അഥവാ കമ്പോള വിശ്വാസം റോഡ് ഫണ്ട് ബോർഡിനും റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷനും ഉറപ്പുവരുത്തുകയാണ്. ഇതിനായി മോട്ടോർ വാഹന നികുതിയുടെ ആദ്യത്തെ മുന്ന്-ആറുമാസത്തെ വരുമാനം എസ്ക്രൂ അക്കൗണ്ടായി ഈ രണ്ടു സ്ഥാപനങ്ങൾക്കു നൽകും എന്ന് നിയമനിർമ്മാണം വഴി ഉറപ്പാക്കണം. പരസ്യനികുതി, ഭൂവികസന പരിപാടികൾ തുടങ്ങിയ തനതു വരുമാന സ്രോതസുകളും ഈ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തണം. വായ്പാ തിരിച്ചടവ് ഉറപ്പു നൽകുന്ന നിയമബദ്ധമായ വരുമാനസ്രോതസ് ഉണ്ടെങ്കിൽ കമ്പോള വായ്പ എടുത്ത് റോഡ് പുനരുദ്ധാരണം നടത്താൻ പ്രാപ്തിയുള്ള സ്ഥാപനങ്ങളായി റോഡ് ഫണ്ട് ബോർഡും റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷനും മാറും.

**19.** അൽബറാക് എന്ന പലിശരഹിത ധനകാര്യ സ്ഥാപനം പ്രവർത്തനക്ഷമമാകുന്നതോടെ സമഗ്ര റോഡു വികസന പദ്ധതിയ്ക്കുള്ള വിഭവങ്ങൾ കണ്ടെത്തുന്നത് കൂടുതൽ എളുപ്പമാകും. റോഡ് ഫണ്ട് ബോർഡും റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷനും ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ഒരു നിശ്ചിത ശതമാനം സർവീസ് ചാർജായി സംസ്ഥാന സർക്കാർ അനുവദിക്കുന്നതാണ്. ഇതിൽനിന്ന് ലാഭ വിഹിതം പലിശരഹിത സ്ഥാപനമായ അൽബറാക്കിനു നൽകാൻ കഴിയും. പലിശരഹിത സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് 'ഡബിൾ ടാക്സേഷൻ' പോലുള്ള ചില പ്രായോഗിക വൈഷമ്യങ്ങളുണ്ട്. ഇവ പഠിക്കുന്നതിനു വേണ്ടി ഒരു വിദഗ്ധസമിതിയെ നിയോഗിക്കുന്നതാണ്.

**20.** സർ, ഈ 40,000 കോടി രൂപയുടെ സമഗ്ര റോഡ് പുനരുദ്ധാരണ പദ്ധതിയിലേയ്ക്ക് 1000 കോടി രൂപ ഞാൻ വകയിരുത്തുന്നു. പലിശരഹിത വായ്പയായി റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷനും റോഡ് ഫണ്ട് ബോർഡിനും ഈ തുക ലഭ്യമാക്കും. ഇതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന 5000 കോടിയിൽപ്പരം രൂപയുടെ റോഡു നിർമ്മാണ പ്രവൃത്തികൾ 2011-12-ൽ ഈ സ്ഥാപനങ്ങൾ ഏറ്റെടുക്കും.

**21.** 1920 കോടി രൂപയുടെ സ്റ്റേറ്റ് ഹൈവേ പാക്കേജ് — 320 കി.മീ ദൈർഘ്യം വരുന്ന പത്തു സ്റ്റേറ്റ് ഹൈവേകൾ പുനരുദ്ധാരണത്തിന് ഏറ്റെടുക്കുന്നു.

*എസ്എച്ച് 2 - തെന്മല - മടത്തറ - 28 കി.മീ.*

*എസ്എച്ച് 3 - നെടുമങ്ങാട് - ഷൊർളക്കോട് - 37.5 കി.മീ.*

*എസ്എച്ച് 7 - തിരുവല്ല - കോഴഞ്ചേരി - കുമ്പഴ - 30 കിമീ*

*എസ്എച്ച് 9 - കോട്ടയം - കോഴഞ്ചേരി - 22.06 കി. മീ.*

*എസ്എച്ച് 12 - അമ്പലപ്പുഴ- തിരുവല്ല - 27 കി. മീ.*

*എസ്എച്ച് 23 - തൃശൂർ - ഷൊർണ്ണൂർ - 28 കി.മീ.*

*എസ്എച്ച് 37 - അടൂർ - ശാസ്താംകോട്ട - ചവറ - 40 കി.മീ.*

*എസ്എച്ച് 38 - പുതിയങ്ങാടി - പേരാമ്പ്ര - നാദാപുരം- കൂത്തുപറമ്പ് - 62 കി.മീ.*

*എസ്എച്ച് 40 - തണ്ണീർമുക്കം-വൈക്കം-വേങ്ങല്ലൂർ-33.9 കി. മീ.*

*എസ്എച്ച് 41 - പാലാരിവട്ടം - കുമാരപുരം - 11.3 കി.മീ.*

**22.** 765 കോടി രൂപയുടെ ജില്ലാ റോഡ് പാക്കേജ് —താഴെ പറയുന്ന 765 കി.മീ ദൈർഘ്യമുളള 36 ജില്ലാ റോഡുകൾ രണ്ടു ലെയിൻ റോഡുകളായി വികസിപ്പിക്കും.

## പ്രധാന ജില്ലാ റോഡുകൾ

| | ജില്ല | റോഡിന്റെ പേര് | ദൂരം |
|---|---|---|---|
| | (1) | (2) | (3) |
| 1 | കാസർകോട് | ഉപ്പള - കന്യാന | 15.69 |
| 2 | | കുമ്പള - ബെദിയടുക്ക | 16.27 |
| 3 | | തേക്കിൽ - ആലാട്ടി | 30 |
| 4 | കണ്ണൂർ | ചൊവ്വ - മട്ടന്നൂർ | 22.9 |
| 5 | | തളിപ്പറമ്പ് - കൂർഗ് റോഡ് | 36.9 |
| 6 | | തലശേരി - ഇരിക്കൂർ | 31.24 |
| 7 | | വെള്ളൂർ - പുളിങ്ങോം | 34.3 |
| 8 | | സികെഎംകെ റോഡ് | 26.78 |
| 9 | കോഴിക്കോട് | പേരാമ്പ്ര - വടകര | 30 |
| 10 | | കൈതപ്പൊയ്കയിൽ - കോടഞ്ചേരി - തിരുവമ്പാടി - മുക്കം | 30 |
| 11 | | വടകര - ചേലക്കാട് - കുറ്റിയാടി | 25 |
| 12 | | ബാലുശേരി - കുറുമ്പൊയിൽ - തലയാട് | 17.5 |
| 13 | പാലക്കാട് | കൂറ്റനാട് - പൊന്നാനി | 10.3 |
| 14 | | പടിഞ്ഞാറങ്ങാടി - തൃത്താല - പട്ടാമ്പി | 14 |
| 15 | | പാലക്കാട് - ചിറ്റൂർ | 15.7 |
| 16 | | ഒറ്റപ്പാലം - മായന്നൂർ - ചേലക്കര | 12 |
| 17 | മലപ്പുറം | മഞ്ചേരി - പാണ്ടിക്കാട് | 16.2 |
| 18 | | തിരൂർ - ചമ്രവട്ടം | 36.5 |
| 19 | തൃശൂർ | ചെമ്പുക്കാവ് - കുട്ടനല്ലൂർ - അക്കിക്കാവ് | 22 |
| 20 | എറണാകുളം | ഇടപ്പള്ളി - പൂക്കാട്ടുപടി | 11 |
| 21 | | മൂവാറ്റുപുഴ - കാക്കനാട് | 37 |
| 22 | | മുളന്തുരുത്തി - പുത്തൻകുരിശ് - സ്മാർട്ട്സിറ്റി - ഇൻഫോപാർക്ക് | 24 |
| 23 | ഇടുക്കി | രാമക്കൽമേട് - കമ്പംമേട് | 11 |
| 24 | | അടിമാലി - പൂപ്പാറ | 44.6 |
| 25 | ആലപ്പുഴ | കായംകുളം - കാർത്തികപ്പള്ളി | 20 |
| 26 | കോട്ടയം | വൈക്കം - വെച്ചൂർ | 11.2 |
| 27 | | കറുകച്ചാൽ - മണിമല | 16.3 |
| 28 | പത്തനംതിട്ട | തിരുവല്ല - മല്ലപ്പള്ളി | 14.1 |
| 29 | | അടൂർ - കൈപ്പട്ടൂർ | 12 |
| 30 | കൊല്ലം | ചാത്തന്നൂർ - പരവൂർ - പാരിപ്പള്ളി | 24 |
| 31 | | കിഴക്കേത്തെരുവ് - പത്തനാപുരം | 12 |
| 32 | | വാളകം - പത്തനാപുരം | 18 |
| 33 | | കൊട്ടാരക്കര - കരുനാഗപ്പള്ളി | 27.1 |
| 34 | | കൊട്ടിയം - കുണ്ടറ | 11.6 |
| 35 | തിരുവനന്തപുരം | തിരുവനന്തപുരം - നെയ്യാർ ഡാം | 27.2 |
| 36 | | വാമനപുരം - ആറ്റിങ്ങൽ - ചിറയിൻകീഴ് | 27 |

**23. 1000 കോടി രൂപയുടെ ബൈപാസ് പാക്കേജ്** —സമഗ്ര റോഡു നിർമ്മാണ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന ബൈപാസുകൾക്ക് അനുമതി നൽകുന്നു. തൃശൂർ (മണ്ണുത്തി-അമല), കുന്നംകുളം, ഒറ്റപ്പാലം, ഷൊർണൂർ, തൃപ്പൂണിത്തുറ, കൊട്ടാരക്കര, മട്ടന്നൂർ, കൊയിലാണ്ടി, അങ്കമാലി, എടപ്പാൾ, പെരിന്തൽമണ്ണ, വൈക്കം, കോട്ടയ്ക്കൽ, ആലപ്പുഴ (പള്ളാത്തുരുത്തി-ആര്യാട്), തിരുവല്ല ബൈപാസ് കെഎസ്ടിപിയുടെ ഭാഗമായി നടക്കുമെങ്കിലും ചെങ്ങന്നൂർ മുതൽ ഏറ്റുമാനൂർ വരെ എംസി റോഡിനു സമാന്തരമായി തിരുവല്ല, ചങ്ങനാശേരി, കോട്ടയം എന്നീ പട്ടണങ്ങളെ ബൈപാസ് ചെയ്ത് പുതിയ റോഡു നിർമ്മിക്കുന്നതാണ്. സീ പോർട്ട് എയർപോർട്ട് റോഡ്, റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷൻ ഏറ്റെടുത്തു പൂർത്തീകരിക്കും.

**24.** നഗരങ്ങളിലെ ഗതാഗതക്കുരുക്കഴിക്കാൻ ജംഗ്ഷൻ നവീകരണവും അത്യന്താപേക്ഷിതമാണ്. ഇതിനായി 5 പാക്കേജുകൾക്ക് അനുമതി നൽകുന്നു.

**(i) 202 കോടി രൂപയുടെ എറണാകുളം പാക്കേജ്** — സഹോദരൻ അയ്യപ്പൻ റോഡിൽ സൗത്ത് ആർഒബി ജംഗ്ഷനിൽ ഫ്ളൈ ഓവറും കുന്നുംപുറം CEPZ ജംഗ്ഷന്റെയും ഇടപ്പള്ളി ടോൾ ജംഗ്ഷന്റെയും നവീകരണവും. വൈറ്റില ജംഗ്ഷനിൽ റിംഗ് റോഡ് ഉൾപ്പെടെ ജംഗ്ഷൻ നവീകരണം.

**(ii) 120 കോടി രൂപയുടെ കൊല്ലം പാക്കേജ്**—ആശ്രാമം ലിങ്ക് റോഡിന്റെ ആനന്ദവല്ലീശ്വരം വരെയുള്ള എക്സ്ടെൻഷൻ (ഇരുമ്പുപാലത്തിനു സമാന്തര പാലമടക്കം).

**(iii) 142 കോടി രൂപയുടെ തൃശൂർ പാക്കേജ്**—കൊക്കാലേ മുതൽ പൂത്തോൾ വരെ റെയിൽ ഓവർബ്രിഡ്ജ്, വെസ്റ്റ് ഫോർട്ടിൽ ഫ്ളൈ ഓവർ, ഈസ്റ്റ് ഫോർട്ട്, പൂങ്കുന്നം, പാട്ടുരായ്ക്കൽ, അശ്വിനി എന്നീ ജംഗ്ഷനുകളുടെ നവീകരണവും.

**(iv) 180 കോടി രൂപയുടെ കോഴിക്കോട് പാക്കേജ്**— ഇരഞ്ഞിപ്പാലം, തോണ്ടയാട് എന്നിവിടങ്ങളിൽ ഫ്ളൈ ഓവറുകൾ, കാരാപ്പറമ്പ്, കല്ലുത്താംകടവ്, ഫ്രാൻസിസ് റോഡ്, ചേവായൂർ, മങ്കാവ് എന്നീ .ജംഗ്ഷനുകളും മിനി ബൈപാസ് റോഡിലെ എംഎൽഎ ജംഗ്ഷൻ എന്നിവയുടെ നവീകരണവും.

**(v) 250 കോടി രൂപയുടെ തിരുവനന്തപുരം പാക്കേജ്** — റിംഗ്, റേഡിയൽ റോഡുകൾ വഴി മാത്രമേ തിരുവനന്തപുരം നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാനാവൂ. 42 കോടി രൂപ ചെലവു വരുന്ന 14 കി.മീ. ദൈർഘ്യമുള്ള കുളത്തൂർ - ശ്രീകാര്യം - മണ്ണന്തല - പേരൂർക്കട റിംഗ് റോഡും 240 കോടി രൂപ ചെലവു വരുന്ന 60 കി.മീ.ദെർഘ്യമുള്ള മംഗലപുരം - പോത്തൻകോട് - കരകുളം -പേയാട് - വിഴിഞ്ഞം എൻഎച്ച് ബൈപാസ് ഔട്ടർ റിംഗ് റോഡും ഉടനടി നിർമ്മാണം ആരംഭിക്കുന്നതാണ്. 125 കോടി രൂപ ചെലവിൽ നഗരകേന്ദ്രത്തിൽ നിന്നും മംഗലപുരത്തേയ്ക്ക് 25 കി.മീ. നീളത്തിൽ റേഡിയൽ റോഡും ഈ ഘട്ടത്തിൽ തന്നെ നിർമ്മാണം ഏറ്റെടുക്കും.

**25.** മലയോര ഹൈവേയുടെ ചില ഭാഗങ്ങളുടെ പണികൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. സമഗ്ര റോഡു നിർമ്മാണ പദ്ധതിയുടെ ഭാഗമായി പാറശ്ശാല മുതൽ കൊല്ലത്ത് അലിമുക്ക് വരെയുള്ള 129 കി.മീ. ദൈർഘ്യം 253 കോടി രൂപയ്ക്ക് അനുമതി നൽകുന്നു.

**26.** തീരദേശ ഹൈവേയ്ക്കുവേണ്ടി റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. 42 കി.മീ. ഇതിനകം പുനരുദ്ധരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പൂവാർ മുതൽ മലപ്പുറം ജില്ലയിലെ പൊന്നാനി വരെ വരുന്ന 279 കിലോമീറ്റർ 420 കോടി രൂപ ചെലവിൽ പുനരുദ്ധരിക്കാൻ അനുമതി നൽകുന്നു. അഴിക്കോട് - മുനമ്പം പാലത്തിനും അനുമതി നൽകും.

പൊന്നാനി മുതൽ എലത്തൂർ വരെ 4 വരിപ്പാത നിർമ്മിക്കാൻ റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷനെ ഇതിനകം ചുമതലപ്പെടുത്തിയിട്ടുണ്ട്.

**27.** ഈ വർഷത്തെ നീണ്ട മഴക്കാലം പതിവില്ലാത്തവിധം റോഡുകളുടെ നില ശോചനീയമാക്കി. തകർച്ചയുടെ ഗൗരവം കണക്കിലെടുത്ത് റോഡുകൾ അടിയന്തിരമായി പുതുക്കിപ്പണിയാൻ ബജറ്റിൽ വകയിരുത്തിയതിനു പുറമെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 346 കോടി രൂപ അനുവദിച്ചു. പൊതുമരാമത്തു വകുപ്പിന് 700 കോടി രൂപയാണ് അധികമായി അനുവദിച്ചത്. എന്നാൽ ശക്തമായ മഴമൂലം ഡിസംബർ മാസത്തിലേ നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞുള്ളൂ. ഈ വേനൽക്കാലം അവസാനിക്കുന്നതിനു മുമ്പ് റോഡു ശൃംഖല സാധാരണ നിലയിലാകും എന്നു ഞാൻ ഉറപ്പു നൽകുന്നു.

**28.** ഗ്രാമീണ റോഡുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും ഒരു പരിപാടി വേണ്ടതുണ്ട്. ഇതിന് നാലാം ധനകാര്യ കമ്മിഷൻ മുന്നോട്ടു വെച്ച നിർദ്ദേശങ്ങളോട് പൂർണ്ണ യോജിപ്പാണുള്ളത്. സമഗ്രമായ റോഡ് നിർമ്മാണ പ്ലാൻ ഉണ്ടാവുകയും മുൻഗണനാക്രമത്തിൽ റോഡുകൾ തിരഞ്ഞെടുക്കുകയും വേണം. റോഡു നിർമ്മാണത്തിന് കർക്കശമായ മാനദണ്ഡങ്ങൾ പാലിക്കണം. അറ്റകുറ്റപ്പണികൾക്കുള്ള തുക കണ്ടെത്തിയതിനു ശേഷമേ പുതിയ റോഡുകൾ എടുക്കാവൂ. റോഡ് മെയിന്റനൻസിനു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള തുക 2010-11-ൽ 203 കോടി രൂപയായിരുന്നത് 2011-12-ൽ 528 കോടി രൂപയായി ഉയർത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുന്നതിനു മുമ്പുതന്നെ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗപ്പെടുത്തി ഫെബ്രുവരി മാസത്തിൽ തന്നെ മെയിന്റനൻസ് വർക്കുകൾക്ക് ഭരണാനുമതി നൽകാവുന്നതാണ്. ഇതു പിന്നീട് പദ്ധതിയിലുൾപ്പെടുത്തിയാൽ മതിയാകും. പതിനൊന്നാം പദ്ധതിയുടെ

മാർഗ്ഗനിർദ്ദേശം അനുസരിച്ച് 20 ശതമാനമായിരുന്നു പശ്ചാത്തല മേഖലയ്ക്കുള്ള വിഹിതം. ഇത് 40 ശതമാനമായി ഉയർത്തുന്നു.

**29.** കഴിഞ്ഞ ഏഴുവർഷത്തിലേറെയായി അദർ ഡിസ്ട്രിക്ട് റോഡു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തമ്മിൽ തർക്കം നിലനിൽക്കുകയാണ്. തന്മൂലം റോഡുകളുടെ അറ്റകുറ്റപ്പണി സമയാസമയം നടക്കാതെ പോയി. ഉടമസ്ഥാവകാശം നോക്കാതെ തകർന്ന റോഡുകൾ പണിയുന്നതിന് പിഡബ്ല്യുഡിയ്ക്ക് അനുവാദം നൽകിയിട്ടുണ്ട്. പക്ഷേ, ഇന്നത്തെ അവ്യവസ്ഥാപരമായ സ്ഥിതിവിശേഷം അവസാനിപ്പിക്കേണ്ടതുണ്ട്. ഇപ്പോൾ പിഡബ്ല്യുഡി ഏറ്റെടുത്തിരിക്കുന്നു എന്നു പ്രഖ്യാപിച്ച റോഡുകൾ ഒരു മാനദണ്ഡവും പാലിക്കാതെയാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്. പിഡബ്ല്യുഡി കൃത്യമായ മാനദണ്ഡങ്ങൾ പ്രഖ്യാപിക്കുകയും അവയുടെ അടിസ്ഥാനത്തിൽ എംഡിആർ ആക്കി മാറ്റേണ്ട റോഡുകൾ ഏറ്റെടുക്കുകയുമാണ് ചെയ്യേണ്ടത്.

**30.** നേരത്തെ പ്രഖ്യാപിച്ച 1000 കോടി രൂപയ്ക്കു പുറമെ വാർഷിക പദ്ധതിയിൽ പൊതുമരാമത്തു വകുപ്പിനു 586 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(i) കെഎസ്ടിപി രണ്ടാംഘട്ടത്തിൽ 250 കോടി രൂപ മുടക്കി ചെങ്ങന്നൂർ - മൂവാറ്റുപുഴ, കാസർകോട് - കാഞ്ഞങ്ങാട്, തലശേരി-വളവുപാറ എന്നീ 165 കിലോമീറ്റർ റോഡുകളുടെ പുനരുദ്ധാരണവും ഇലവുപാലം - തെന്മല, കൊട്ടിയം - കുണ്ടറ, തൃശൂർ - ചൂണ്ടൽ, എടക്കാട് - പേരാമ്പ്ര എന്നീ 82 കി.മീ. റോഡുകളുടെ ഹെവി മെയിന്റനൻസും ഏറ്റെടുക്കുന്നതാണ്.

(ii) നബാർഡിൽ നിന്ന് 147 കോടി രൂപ താഴെ പറയുന്ന പാലങ്ങൾക്കും റോഡുകൾക്കുമായി വകയിരുത്തുന്നു.

**പാലങ്ങൾ :** കീഴാറ്റൂർകടവ് (തിരുവനന്തപുരം), ഇരമല്ലിക്കര, പുല്ലങ്ങാടി (ആലപ്പുഴ), തോട്ടുമുഖം (തൃശൂർ), മമ്പ്രം കാണാമ്പുഴ ബണ്ട് (കണ്ണൂർ).

**റോഡുകൾ :** കൊട്ടാരക്കര - ശാസ്താംകോട്ട, ചാത്തന്നൂർ - പറവൂർ, മുട്ടത്തിപ്പറമ്പ് - അർത്തുങ്കൽ, ചേർത്തല - തണ്ണീർമുക്കം, വെങ്കിടങ്ങ് - തൃശൂർ, ചെമ്പിലോട് - മലമ്പുഴ കനാൽ, മേനോൻ പാറ - കഞ്ചിക്കോട്, കൂമ്പാറ - അകമ്പുഴ, കുളങ്ങത്ത് - ഗുളികപ്പുഴ, എടൂർ - രണ്ടാംകടവ്, മുണ്ടേരിയ - കുമ്പള

**(iii)** കോഴിക്കോട് ബൈപാസ് (ബിഎം ആൻഡ് ബിസി), പഴയന്നൂർ ലിങ്ക് റോഡ്, കക്കട - പെണ്ണുക്കര, പള്ളത്ത് ജംഗ്ഷൻ - താമരക്കുളം എന്നീ റോഡുകൾക്കും, അക്കരപ്പാടം (കോട്ടയം), ആമട്ടിക്കര (പാലക്കാട്), തൊണ്ടാളിക്കടവ് (കോഴിക്കോട്), കാണച്ചേരി, പുളിങ്കുന്ന് - കാവാലം, മുട്ടേൽ (ആലപ്പുഴ), വടക്കേ പൊയിലൂർ (കണ്ണൂർ), പുലക്കാട്ടുകര (തൃശൂർ), കൂട്ടുംവാതിൽക്കൽ കടവ് (കായംകുളം) എന്നീ പാലങ്ങൾക്കും 44 കോടി രൂപ പൊതുമരാമത്തു വകുപ്പിന് വകയിരുത്തുന്നു.

**(iv)** സംസ്ഥാന ഹൈവേയുടെ പുനരുദ്ധാരണത്തിന് 55 കോടി രൂപയും പ്രധാന ജില്ലാ റോഡുകൾക്ക് പൊതുമരാമത്തു വകുപ്പിന് 66 കോടി രൂപയും വകയിരുത്തുന്നു. റോഡ് ഫണ്ട് ബോർഡിന്റെയും റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷന്റെയും സമഗ്ര പരിപാടിയോട് സംയോജിപ്പിച്ചുവേണം ഇവ നടപ്പാക്കേണ്ടത്.

**31.** ആലപ്പുഴയിലെ കനാൽ ശുചീകരണ പദ്ധതിയ്ക്കു 9 കോടി രൂപ വകയിരുത്തുന്നു. കോട്ടയം, ആലപ്പുഴ നഗരങ്ങളുടെ ജംഗ്ഷൻ നവീകരണത്തിന് മുൻഗണന നൽകുന്നതാണ്. മട്ടാഞ്ചേരിപ്പാലം പുതുക്കിപ്പണിയുന്നതാണ്. ആലപ്പുഴ കിഴക്കൻ ബൈപാസിന് 40 കോടി രൂപയാണ് അടങ്കൽ.

**32.** സർ, റോഡു നിർമ്മാണത്തിന് മെയിന്റനൻസ് ഉൾപ്പെടെ എല്ലാ ഏജൻസികളും കൂടി 2011-12-ൽ 4000 കോടി രൂപയാണ് ചെലവഴിക്കുക. ഇത് അഭൂതപൂർവമായ റെക്കോഡാണ്. ഇതോടൊപ്പം 40,000 കോടി രൂപയുടെ സമഗ്ര റോഡ് പുനരുദ്ധാരണ പദ്ധതിയ്ക്കും

തുടക്കം കുറിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ശക്തമായ ഗവേഷണ പിന്തുണ കൂടിയേ തീരൂ. ഇതിനായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ ടെസ്റ്റ് ട്രാക്ക് സൗകര്യത്തോടു കൂടിയ ട്രാൻസ്പോർട്ട് റിസർച്ച് സെന്റർ ആരംഭിക്കുന്നതാണ്. ഇതിനായി 5 കോടി രൂപ അനുവദിക്കുന്നു. ഇപ്പോഴത്തെ കേരള ഹൈവേ റിസർച്ച് സെന്റർ ഡ്രിക്കിന്റെ കൂടി ആസ്ഥാനമായി മാറും. ഡിപിആർ തയ്യാറാക്കുന്നതിനു പുറമെ ക്വാളിറ്റി കൺട്രോളും ഇവരുടെ ചുമതലയിലായിരിക്കും. ഈ പുതിയ സംവിധാനത്തിന് 5 കോടി രൂപ അനുവദിക്കുന്നു. സർ, കേരളത്തിലെ റോഡു വികസന ചരിത്രത്തിൽ 2011-12ലെ ബജറ്റ് ഒരു പുതിയ അധ്യായം തുറക്കുകയാണ്.

## III

## മറ്റു പശ്ചാത്തല സൗകര്യ നിക്ഷേപങ്ങൾ

**33.** ദേശീയപാത 47, 17 എന്നിവ നാലുവരിയാക്കുന്നതിന് സംസ്ഥാനത്തെ രാഷ്ട്രീയപ്പാർട്ടികൾ തമ്മിൽ അഭിപ്രായ സമന്വയമുണ്ടായിട്ടുണ്ട്. നഷ്ടപരിഹാരവും പുനരധിവാസവും സംബന്ധിച്ച് എല്ലാവരും അംഗീകരിക്കുന്ന ഒരു പാക്കേജായി കേന്ദ്രസർക്കാർ അനുവദിക്കുന്നതിനു പുറമെ വ്യാപാരികളുടെ പുനരധിവാസത്തിനും മറ്റും വേണ്ടുന്ന തുക സംസ്ഥാന സർക്കാർ കണ്ടെത്താമെന്നാണ് ധാരണയായിട്ടുള്ളത്. ഇതിലേയ്ക്ക് 25 കോടി രൂപ വകയിരുത്തുന്നു.

***തുറമുഖങ്ങൾ***

**34.** വിഴിഞ്ഞം അന്തർദ്ദേശീയ കണ്ടെയിനർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലിന്റെ നിർമ്മാണം രണ്ടുഘട്ടമായിട്ടാണ് പൂർത്തിയാക്കുക. 2500 കോടി രൂപ ചെലവു വരുന്ന ഒന്നാംഘട്ടത്തിന്റെ പ്രവർത്തനം

ആരംഭിച്ചുകഴിഞ്ഞു. ഇതിലേയ്ക്ക് 150 കോടി രൂപ വകയിരുത്തുന്നു. ഒന്നാംഘട്ടം പൂർത്തീകരിക്കുന്നതോടെ രണ്ടാംഘട്ടം കൂടുതൽ ആകർഷകമാകുമെന്നും മത്സരാടിസ്ഥാനത്തിൽ അനുയോജ്യ പങ്കാളിയെ ഉറപ്പാക്കാൻ കഴിയുമെന്നുമാണ് കരുതുന്നത്. വിശാൽ എന്ന സർക്കാർ കമ്പനിയാണ് ഈ ഘട്ടത്തിലെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത്. വായ്പ ലഭ്യമാക്കാനുള്ള കൺസോർഷ്യത്തിനു രൂപം നൽകിയിട്ടുണ്ട്. 14 വർഷം കൊണ്ടാണ് വായ്പ തിരിച്ചടയ്ക്കേണ്ടി വരിക.

**35.** ഇതിനു പുറമെ മറ്റു ചെറുകിട തുറമുഖങ്ങളുടെ പ്രവർത്തനവും മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്. തങ്കശേരി പോർട്ടിന് 18 കോടി രൂപ വകയിരുത്തുന്നു. അഴീക്കൽ പോർട്ടിന് 3000 കോടി രൂപയുടെ സംയുക്ത വികസന പരിപാടിയ്ക്ക് ഗുജറാത്തിലെ മുദ്ര പോർട്ട്സുമായി ധാരണയിലെത്തിയിട്ടുണ്ട്. ആലപ്പുഴ മറീന-കം-കാർഗോ, ബേപ്പൂർ (177 കോടി രൂപ), തങ്കശേരി (160 കോടി രൂപ), പൊന്നാനി (763 കോടി രൂപ) എന്നിവ ടെൻഡർ നടപടികളുടെ ഘട്ടത്തിലാണ്. തീരദേശ ഗതാഗതത്തിനുള്ള കപ്പലുകൾ വാങ്ങുന്നതിനു 2 കോടി രൂപ വകയിരുത്തുന്നു.

***വ്യോമയാനം***

**36.** തിരുവനന്തപുരം എയർപോർട്ടിന്റെ പുതിയ ടെർമിനൽ അടുത്ത ദിവസം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുകയാണ്. കോഴിക്കോട് എയർപോർട്ട് വികസനത്തിനാവശ്യമായ ഭൂമി സർക്കാർ ചെലവിൽ ഏറ്റെടുക്കാനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. ഇതിന് 25 കോടി രൂപ വകയിരുത്തുന്നു. കണ്ണൂർ എയർപോർട്ടിന്റെ ഒന്നാംഘട്ട നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുത്തു കഴിഞ്ഞു. കമ്പനി രൂപീകരിച്ച് ഓഹരി സമാഹരണം നടന്നുകൊണ്ടിരിക്കുയാണ്. രണ്ടുവർഷത്തിനുള്ളിൽ കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാകും. അനുബന്ധ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.

*റെയിൽവേ*

**37.** തെക്കുവടക്ക് അതിവേഗ റെയിൽപ്പാതയ്ക്കുള്ള സാധ്യതാപഠനം ദില്ലി മെട്രോ നടത്തിവരികയാണ്. ഇതിനായി 20 കോടി രൂപ അവർക്കു കൈമാറിയിട്ടുണ്ട്. വിശദമായ ഡിപിആർ തയ്യാറാക്കുന്നതിന് 20 കോടി രൂപ വകയിരുത്തുന്നു. 50,000-ത്തിലേറെ കോടി രൂപ ചെലവു വരുന്ന ഈ പദ്ധതിയ്ക്ക് ഉചിതമായ ബിസിനസ് മോഡലിലൂടെ പണം കണ്ടെത്താനാവും എന്നെനിക്കുറപ്പുണ്ട്. കൊച്ചി മെട്രോ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി ആരംഭിക്കാനുള്ള അനുമതി കേന്ദ്ര ധനകാര്യവകുപ്പ് നൽകിയിട്ടില്ല. ഇതു ലഭിക്കുമെന്ന ശുഭപ്രതീക്ഷയുടെ അടിസ്ഥാനത്തിൽ, മെട്രോ പണിയുമ്പോൾ അനിവാര്യമായി വരുന്ന റെയിൽ ഓവർ ബ്രിഡ്ജുകൾക്കും റോഡുകൾക്കുമായി 156 കോടി രൂപയുടെ നവീകരണ പരിപാടികൾക്ക് അനുവാദം നൽകിക്കഴിഞ്ഞു.

*വ്യവസായ പാർക്കുകൾ*

**38.** ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വ്യവസായ ആവശ്യങ്ങൾക്കായി ഏറ്റെടുത്തിരുന്ന ഭൂമിയുടെ വിസ്തൃതി 3000 ഏക്കറായിരുന്നു. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ മാത്രം 3700 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കാനുള്ള നടപടി പൂർത്തിയാക്കി. വ്യവസായ പാർക്കുകളിലേയ്ക്കുള്ള റോഡുകൾക്ക് 10 കോടി രൂപ വകയിരുത്തുന്നു.

**39.** കൊച്ചിയിൽ കിൻഫ്രയുടെ പക്കലുള്ള 75 ഏക്കർ സ്ഥലത്ത് 400 കോടി രൂപ മുതൽമുടക്കിൽ അന്തർദ്ദേശീയ നിലവാരമുള്ള ഒരു എക്സിബിഷൻ-കം-ഇൻഡസ്ട്രിയൽ സെന്റർ സ്ഥാപിക്കുന്നതാണ്. കൊച്ചി മൊബിലിറ്റി ഹബിനുള്ള പ്രത്യേക ധനസഹായമായി 20 കോടി രൂപ സൊസൈറ്റിയ്ക്ക് അനുവദിക്കുന്നു.

*വാതക ശൃംഖല*

**40.** കൊച്ചിയിലെ എൽഎൻജി ടെർമിനലും ബംഗലൂരു, മംഗലാപുരം, കായംകുളം എന്നിവിടങ്ങളിലേയ്ക്കുളള വാതക പൈപ്പ്ലൈനുകളും സ്ഥാപിക്കപ്പെട്ടു കഴിഞ്ഞാൽ കെഎസ്ഐഡിസി-യുടെയും ഗെയിലിന്റെയും ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട നഗരങ്ങളിലേയ്ക്കും സപ്ലിമെന്ററി വാതക വിനിമയ ശൃംഖല സ്ഥാപിക്കുന്നതിന് 12 കോടി രൂപ നീക്കിവെയ്ക്കുന്നു.

*ജലപാത*

**41.** ദേശീയ ജലപാതകളുടെ വികസനത്തിനും ഉൾനാടൻ ജലഗതാഗതത്തിനുമായി 94 കോടി രൂപ വകയിരുത്തുന്നു. കടൽഭിത്തി നിർമ്മാണത്തിനുള്ള തുകയും ഇതിലുൾപ്പെടും.

*വൈദ്യുതിമേഖല*

**42.** വൈദ്യുതി മേഖലയിലെ ഏറ്റവും വലിയ നേട്ടം വിതരണ രംഗത്താണ്. 50 മണ്ഡലങ്ങൾ സമ്പൂർണമായി വൈദ്യുതീകരിച്ചു. മാർച്ച് അവസാനിക്കുന്നതിനു മുമ്പ് മറ്റൊരു 50 മണ്ഡലം കൂടി ഈ നേട്ടം കൈവരിക്കും. അഞ്ചുവർഷമായി കേരളത്തിൽ പവർകട്ടില്ല. താൽക്കാലികമായി ഏർപ്പെടുത്തപ്പെട്ട സർച്ചാർജ് ഒഴികെ വൈദ്യുതി ചാർജ് ഉയർത്തിയിട്ടില്ല. പ്രസരണനഷ്ടം 2005-06-ൽ 24.6 ശതമാനമായിരുന്നത് 2009-10-ൽ 17.2 ശതമാനമായി കുറച്ചു. 2001-06-ൽ 26 മെഗാവാട്ട് വൈദ്യുതി ഉൽപാദനശേഷിയാണ് കൂട്ടിച്ചേർത്തതെങ്കിൽ 2006-11 കാലത്ത് ഇത് 204 മെഗാവാട്ട് ആണ്.

**43.** വൈദ്യുതി മേഖലയുടെ അടങ്കൽ 1088 കോടി രൂപയാണ്. നിലവിൽ നിർമ്മാണത്തിലിരിക്കുന്ന 331 മെഗാവാട്ട് സ്ഥാപിതശേഷിയുളള 12 ഇടത്തരം ചെറുകിട ജലവൈദ്യുത പദ്ധതികൾക്കാണ് ഇതിൽ 149 കോടി രൂപ. ഇതിനു പുറമെ 188

മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 17 പുതിയ ജലവൈദ്യുത പദ്ധതികൾക്കു തുടക്കം കുറിക്കാനായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പുതിയ സബ്സ്റ്റേഷനുകൾക്കായി 250 കോടി രൂപയും വകയിരുത്തുന്നു. 6800 കിലോമീറ്റർ പുതിയ ലൈനുകൾ വലിക്കുന്നതിനും 5000 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും 5 ലക്ഷം സർവീസ് കണക്ഷൻ നൽകുന്നതിനുമായി 229 കോടി രൂപ വകയിരുത്തുന്നു.

**44.** സർ, പ്രതിമാസം 10 രൂപ നിരക്കിൽ 1 കോടി ഉപഭോക്താക്കളിൽ നിന്നും ഈടാക്കിവരുന്ന മീറ്റർ വാടക ഒഴിവാക്കുന്നു. ഇതിന്റെ ഫലമായി വൈദ്യുതിബോർഡിന് 120 കോടി രൂപയുടെ വരുമാനനഷ്ടം ഉണ്ടാകും.

## IV

## പൊതുമേഖലയുടെ ചരിത്രമുന്നേറ്റം

**45.** മേൽപ്പറഞ്ഞ പശ്ചാത്തലസൗകര്യങ്ങൾ കേരളത്തെ ആകർഷകമായ നിക്ഷേപകേന്ദ്രമാക്കും എന്നതിനു സംശയമില്ല. തൊഴിലവകാശങ്ങൾ, പരിസ്ഥിതി സംരക്ഷണം, ഭൂവിനിയോഗനയം എന്നിവയിൽ വെള്ളം ചേർക്കാതെ സ്വകാര്യമൂലധനം വൻ തോതിൽ ആകർഷിച്ചേ തീരൂ. സംവാദങ്ങൾക്കു പകരം എന്തും വിവാദമാക്കി മാറ്റുന്നതിനുള്ള പ്രവണത കേരളത്തിലെ നിക്ഷേപത്തിനു വിലങ്ങുതടിയായി മാറിയിരിക്കുകയാണ്. ഈ സ്ഥിതിയ്ക്ക് അറുതിവരുത്തിയേ പറ്റൂ. കേരളത്തെ നിക്ഷേപസൗഹൃദ സംസ്ഥാനമാക്കാനുള്ള നിർണായകമായ സന്ദേശം സംസ്ഥാന പൊതുമേഖലയിൽ നിന്നാണുയരുന്നത്. 2005-06-ൽ 96 കോടി രൂപ നഷ്ടമുണ്ടാക്കിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ 2010-11-ൽ 300 കോടി രൂപയിലേറെ ലാഭം സൃഷ്ടിക്കും.

പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾ ലാഭകരമായി നടത്താവുന്ന സാഹചര്യം കേരളത്തിലുണ്ടെങ്കിൽ സ്വകാര്യ സംരംഭകർക്ക് എന്തുകൊണ്ട് ആയിക്കൂടാ? ഇതാണ് ഈ അനുഭവം ഉയർത്തുന്ന ചോദ്യം.

**46.** സർ, കഴിഞ്ഞ ബജറ്റിൽ 125 കോടി രൂപയുടെ എട്ടു പുതിയ വ്യവസായ പ്രോജക്ടുകൾ പ്രഖ്യാപിക്കുകയുണ്ടായി. ഈ ബജറ്റ് സഭ പാസാക്കുന്നതിനു മുമ്പ് ഇവ എട്ടും ഉദ്ഘാടനം ചെയ്യപ്പെടും. സമാനതകളില്ലാത്ത ഈ നേട്ടം കൈവരിച്ച വ്യവസായ വകുപ്പിനെ അഭിനന്ദിക്കാൻ എല്ലാവരും എന്നോടൊപ്പം ചേരുമെന്നുറപ്പാണ്. നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 260 കോടി രൂപയുടെ 9 വിപുലീകരണ പ്രോജക്ടുകളിൽ ആറെണ്ണവും ഈ വർഷം തന്നെ പൂർത്തീകരിക്കും. ഏറ്റവും പ്രധാനം ഐഎസ്ആർഒയുമായി പങ്കുചേർന്നുള്ള ടൈറ്റാനിയം സ്പോഞ്ചിന്റെ ഉൽപാദനമാണ്. സർ, വാണിജ്യാടിസ്ഥാനത്തിൽ ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന ഏഴാമത്തെ രാജ്യമായി ഇതോടെ ഇന്ത്യ മാറുകയാണ്.

**47.** റഷ്യൻ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി കെഎംഎംഎല്ലും സെയിലുമായുള്ള സംയുക്തസംരംഭമായി ചവറയിൽ ടൈറ്റാനിയം മെറ്റൽ ഉൽപാദനം ആരംഭിക്കുന്നതാണ്. 2000 കോടി രൂപയായിരിക്കും മുതൽമുടക്ക്. ഈ പദ്ധതി കണക്കിലെടുത്ത് ടിസിസിയിൽ ഇൽമനൈറ്റ് സംസ്ക്കരിക്കുന്നതിന് കെഎംഎംഎല്ലും ടിസിസിയും മറ്റൊരു സംയുക്ത സംരംഭം ആരംഭിക്കും. 100 കോടി രൂപയാണ് ഇതിന്റെ പ്രതീക്ഷിത ചെലവ്. ഈ വിപുലീകരണ പ്രവർത്തനങ്ങൾക്കു ഗവേഷണ പിന്തുണ നൽകുന്നതിനായി 5 കോടി മുതൽമുടക്കിൽ കെഎംഎംഎൽ കാമ്പസിൽ മിനറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതാണ്.

**48.** താഴെ പറയുന്ന അഞ്ചു പുതിയ സംരംഭങ്ങൾ പൊതുമേഖലയിൽ ഒരു വർഷത്തിനുള്ളിൽ സ്ഥാപിക്കും. ഇവയ്ക്കും

മറ്റു പൊതുമേഖലാ സ്ഥാപനങ്ങൾക്കുമായി 65 കോടി രൂപ വകയിരുത്തുന്നു. ബാക്കി ആവശ്യമായ പണം മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭത്തിൽനിന്നും വായ്പയായും കണ്ടെത്തും.

**(i)** മലബാർ സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽ 25,000 സ്പിൻഡിലുകളുള്ള ആധുനിക ഫാക്ടറിയായി പുനരുദ്ധരിച്ചിട്ടുണ്ട്. എന്നാലിവിടെ നെയ്ത്തില്ല. ഇവിടെ 15 കോടി മുടക്കി നെയ്ത്തുശാല കൂടി ആരംഭിക്കുന്നതാണ്.

**(ii)** യശഃശരീരനായ കെ. കരുണാകരനടക്കം അനേകം രാഷ്ട്രീയനേതാക്കളുടെ കർമ്മപാഠശാലയായിരുന്നു തൃശൂരിലെ സീതാറാം ടെക്സ്റ്റൈൽസ്. 20 കോടി മുടക്കി ഇത് ആധുനീകരിക്കുന്നതാണ്.

**(iii)** പഴയ പ്രതാപത്തോടെ കെൽട്രോൺ പുനരവതരിക്കുകയാണ്. നവീകരണത്തിന് 50 കോടി രൂപ മുതൽമുടക്കുന്നതാണ്.

**(iv)** കെല്ലിൽ 20 കോടി രൂപ മുതൽമുടക്കിൽ മാനുഫാക്ചറിംഗ് പവർ ട്രാൻസ്ഫോർമറുകൾ ഉൽപാദിപ്പിക്കാനുള്ള പുതിയ പ്രൊഡക്ട് ലൈൻ സ്ഥാപിക്കും.

**(v)** കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ജിഎംപി നിലവാരം പുലർത്തുന്ന 10 കോടി രൂപയുടെ പുതിയ ബീറ്റാ ലാക്ടം ഫാക്ടറി പൂർത്തീകരിച്ചു. ഈ ബജറ്റ് പാസാകുന്നതിനു മുമ്പ് 33 കോടി രൂപയുടെ നോൺ ബീറ്റാലാക്ടം ഫാക്ടറിയ്ക്ക് തറക്കല്ലിടും.

**(vi)** ആലപ്പുഴയിലെ കേരള സ്പിന്നേഴ്സ് ദേശസാൽക്കരിച്ചു. അവിടെ 36 കോടി രൂപ മുതൽമുടക്കിൽ പൂർത്തിയാക്കിയ പുതിയ സ്പിന്നിംഗ് ആൻഡ് വീവിംഗ് ഫെബ്രുവരി 15-ന് ഉദ്ഘാടനം ചെയ്യുകയാണ്. ഈ ഫാക്ടറി വളപ്പിൽ 30 കോടി രൂപ ചെലവഴിച്ച് ഹോസിയേറി നിർമ്മാണ ഫാക്ടറി ആരംഭിക്കുന്നതാണ്.

**49.** പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസ്, കുണ്ടറയിലെ അലിൻഡ്, കോഴിക്കോട് കോംട്രസ്റ്റ് (ടെക്സ്റ്റൈൽസ്) എന്നിവയും ദേശസാൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിയമനിർമ്മാണത്തിന് പ്രസിഡന്റിന്റെ മുൻകൂർ അനുവാദത്തിന് അയച്ചിരിക്കുകയാണ്. പെരുമ്പാവൂരിൽ നൂതന വൈജ്ഞാനിക വ്യവസായങ്ങളുടെ ഒരു ഹബ്ബും കുണ്ടറയിൽ അത്യാധുനിക ഇലക്ട്രിക്കൽ വ്യവസായവും ആരംഭിക്കുന്നതാണ്. കോംട്രസ്റ്റിന്റെ ടെക്സ്റ്റൈൽ ഡിവിഷൻ ആധുനികവത്കരിക്കുകയും ആസ്ഥാന മന്ദിരം പൈതൃക മന്ദിരമായി സംരക്ഷിക്കുകയും ചെയ്യും.

**50.** തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്കിന് 5 കോടി രൂപയും കൊച്ചിയിലെ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്കിന് 9 കോടി രൂപയും കൊച്ചി കോയമ്പത്തൂർ ഇൻഡസ്ട്രിയൽ കോറിഡോറിന് 5 കോടി രൂപയും കണ്ണൂരിലെ ഐജിസിയ്ക്ക് 6 കോടി രൂപയും കുറ്റ്യാടിയിലെ കോക്കനെട്ട് ഇൻഡസ്ട്രിയൽ പാർക്കിന് 5 കോടി രൂപയും കൊടുങ്ങല്ലൂരിലെ ഓർഗാനിക് ഇൻഡസ്ട്രിയൽ പാർക്കിന് 3 കോടി രൂപയും വകയിരുത്തുന്നു. നാദാപുരത്ത് പുതുതായി ആരോഗ്യവ്യവസായ പാർക്ക് സ്ഥാപിക്കാൻ 3 കോടി രൂപ വകയിരുത്തുന്നു.

**51.** കുറ്റിപ്പുറത്തും കൊല്ലം പിറവന്തൂരും പുതിയ കിൻഫ്രാ ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിന് 11 കോടി രൂപ വകയിരുത്തുന്നു. അപ്പാരൽ പാർക്കിന് 5 കോടി രൂപ വകയിരുത്തുന്നു. കണ്ണൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിക്ക് 17 കോടി രൂപ വകയിരുത്തുന്നു. ഫിലിം ആൻഡ് വീഡിയോ പാർക്കിന് 3 കോടി രൂപയും അടൂർ ഭക്ഷ്യപാർക്കിന് 2 കോടി രൂപയും കൊച്ചി ബയോടെക്നോളജി പാർക്കിനു 2 കോടി രൂപയും വകയിരുത്തുന്നു. കിൻഫ്രാ പാർക്കുകൾക്കു വേണ്ടി മൊത്തം 67 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

# V

# പുത്തൻ വളർച്ചാ മേഖലകൾ

*വിവരസാങ്കേതിക വിദ്യ*

**52.** സർ, സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ പൂർണമായി സംരക്ഷിച്ചുകൊണ്ട് സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാവുകയാണ്. വികസനം വേണമെങ്കിൽ നിക്ഷേപകരുടെ താളത്തിനു തുള്ളുകയേ വഴിയുള്ളൂ എന്ന വാദക്കാർക്ക് മറുപടിയാണ് സ്മാർട്ട് സിറ്റി. 62 ലക്ഷം ചതുരശ്ര അടി കെട്ടിട വിസ്തൃതി സ്മാർട്ട് സിറ്റിയിലുണ്ടാകും. അതു പൂർത്തിയാകുമ്പോൾ സ്മാർട്ട് സിറ്റിയ്ക്കു സമീപം അവർക്കു വിട്ടുകൊടുക്കാമെന്ന് കഴിഞ്ഞ സർക്കാർ വാക്കു കൊടുത്ത ഇൻഫോ പാർക്ക് 51 ലക്ഷം ചതുരശ്ര അടി വിസ്തീർണത്തിൽ സ്വതന്ത്രമായി തലയുയർത്തി നിൽക്കും. ഇതിനകം ഭാഗികമായി പൂർത്തീകരിച്ച കൊരട്ടി, ചേർത്തല ഐടി പാർക്കുകളും സംസ്ഥാന സർക്കാരിന്റെ ഇച്ഛാശക്തിയുടെ പ്രതീകമാണ്.

**53.** സർ, അഞ്ചു കൊല്ലംകൊണ്ട് ഐടി പാർക്കുകളുടെ വിസ്തൃതി 339 ഏക്കറിൽ നിന്ന് 2261 ഏക്കറായി ഉയർത്തി. കെട്ടിടങ്ങളുടെ വിസ്തൃതിയാകട്ടെ 18.9 ലക്ഷം ചതുരശ്ര അടിയിൽ നിന്ന് 76.1 ലക്ഷം ചതുരശ്ര അടിയായി. 39 ലക്ഷം ചതുരശ്ര അടി കെട്ടിടങ്ങൾ നിർമ്മാണത്തിലിരിക്കുന്നു. ഇവ പൂർത്തീകരിക്കപ്പെടുമ്പോൾ രണ്ടുലക്ഷം പേർക്ക് തൊഴിൽ ലഭിക്കും. ടിസിഎസ്, ഇൻഫോസിസ്, വിപ്രോ തുടങ്ങിയ പല സ്വകാര്യ കമ്പനികളും വലിയ തോതിൽ സംസ്ഥാനത്തു നിക്ഷേപം നടത്തിയിട്ടുണ്ട്. കേരളം പ്രധാനപ്പെട്ട ഒരു ഐടി ഡെസ്റ്റിനേഷനാക്കി മാറ്റാൻ ഈ സർക്കാരിനു കഴിഞ്ഞിട്ടുണ്ട്.

**54.** കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷന് 30 കോടി രൂപയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി

മാനേജ്മെന്റിന് 9 കോടി രൂപയും വകയിരുത്തുന്നു. ഐടി പാർക്കുകൾക്ക് കൂടുതൽ ഭൂമി ഏറ്റെടുക്കാൻ 102 കോടി രൂപ വകയിരുത്തുന്നു. അക്ഷയ പ്രോജക്ടിന് 3 കോടി രൂപയും അക്ഷയ തൊഴിൽസംരംഭകർക്ക് പ്രോത്സാഹന ധനസഹായം നൽകാൻ മറ്റൊരു 2 കോടി രൂപയും വകയിരുത്തുന്നു.

*ടൂറിസം*

**55.** സംസ്ഥാനത്തെ ഏറ്റവും വേഗത്തിൽ വളരുന്ന സാമ്പത്തികത്തുറയാണ് ടൂറിസം. ഇന്ത്യയിലെത്തുന്ന വിദേശ ടൂറിസ്റ്റുകളിൽ 12 ശതമാനം കേരളം സന്ദർശിക്കുന്നുണ്ട്. 105 കോടി രൂപയാണ് ടൂറിസം മേഖലയുടെ അടങ്കൽ.

**56.** സ്വകാര്യസംരംഭകരെയും ടൂറിസ്റ്റുകളെയും ആകർഷിക്കാൻ ഭൗതിക സൗകര്യങ്ങൾ ഇനിയും മെച്ചപ്പെടുത്താനും മാർക്കറ്റിംഗിനും വേണ്ടി 60 കോടി രൂപ വകയിരുത്തുന്നു. പുതിയ ടൂറിസം ഉൽപന്നങ്ങളെയും സ്വകാര്യ സംരംഭകരെയും പ്രോത്സാഹിപ്പിക്കാൻ 6.5 കോടി രൂപ വകയിരുത്തുന്നു. ആലപ്പുഴയിലും കോഴിക്കോടും പുതിയ ഹോട്ടലുകൾ ആരംഭിക്കാൻ കെടിഡിസിയ്ക്ക് 5 കോടി രൂപ വകയിരുത്തുന്നു. കേരള ട്രാവൽ മാർട്ടിന് 1 കോടി രൂപ വകയിരുത്തുന്നു.

**57.** ഈ സർക്കാരിന്റെ ആദ്യ ബജറ്റ് പ്രസംഗത്തിൽ മുന്നോട്ടുവെച്ച ആശയമാണ് മുസിരിസ് പൈതൃക പദ്ധതി. ഉള്ളടക്കത്തിന്റെയും സമീപനത്തിന്റെയും നൂതനത്വംമൂലം രണ്ടുവർഷം വേണ്ടിവന്നു ഇത് പ്രവർത്തിപഥത്തിലെത്തിക്കാൻ. ഇന്നിപ്പോൾ ദേശീയ-അന്തർദ്ദേശീയ ശ്രദ്ധാകേന്ദ്രമായിക്കൊണ്ടിരിക്കുന്ന പൈതൃക സംരക്ഷണ പദ്ധതിയായി മുസിരിസ് മാറിയിരിക്കുന്നു. മൊത്തം 150 കോടി രൂപ അടങ്കലിൽ 40 കോടി രൂപ കേന്ദ്രസർക്കാർ തരുന്നതാണ്. 88 കോടി രൂപയുടെ നിർമ്മാണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. മുസിരിസ്

പദ്ധതിയുടെ ഭാഗമായി പട്ടണം മ്യൂസിയത്തിനായി കെസിഎച്ച്ആറിനു 2 കോടി രൂപ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ കോളേജ് സാംസ്ക്കാരിക സമുച്ചയത്തിനായി വിദ്യാഭ്യാസ വകുപ്പിന് 5 കോടി രൂപ, കോട്ടകളുടെ പുനരുദ്ധാരണത്തിന് പുരാവസ്തു വകുപ്പിനു 2 കോടി രൂപ, വായനാ സാമഗ്രികളുടെ പ്രസിദ്ധീകരണത്തിനായി ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് 1 കോടി രൂപ, മ്യൂസിയങ്ങൾക്ക് 4 കോടി രൂപ, ടൂറിസത്തിന് 6 കോടി രൂപ എന്നിങ്ങനെ 20 കോടി രൂപ വകയിരുത്തുന്നു.

**58.** മുസിരിസ് മാതൃകയിൽ തലശേരി പൈതൃക പദ്ധതിയ്ക്കും രൂപം നൽകിയിട്ടുണ്ട്. ഇതിലെ വിവിധ സ്കീമുകൾക്കായി 27 കോടി രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. 2011-12-ലേയ്ക്ക് 20 കോടി രൂപ വകയിരുത്തുന്നു. ആലപ്പുഴയ്ക്കുള്ള മാസ്റ്റർപ്ലാൻ തയ്യാറായിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.

**59.** മുസിരിസ് പൈതൃക പദ്ധതിയ്ക്ക് ലഭിച്ചിരിക്കുന്ന അന്തർദ്ദേശീയ അംഗീകാരം ഒരു പുതിയ ആശയത്തിനു രൂപം നൽകിയിരിക്കുകയാണ്. *'സിൽക്ക് റൂട്ട്'*-ന്റെ മാതൃകയിൽ ഒരു *'സ്പൈസ് റൂട്ട്'* പൈതൃക പദ്ധതിയ്ക്കു രൂപം നൽകുന്നതു സംബന്ധിച്ചു യുനെസ്കോയുമായി ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. സ്പൈസ് റൂട്ടുമായി ബന്ധപ്പെടുന്ന പ്രമുഖരാജ്യങ്ങളിലെ അംബാസിഡർമാരുമായി മാർച്ചിൽ ഡൽഹിയിൽ വെച്ച് യുനെസ്കോ മുൻകൈയെടുത്തു ചർച്ച നടക്കുകയാണ്. മുസിരിസിനു പുറമെ തിരുവനന്തപുരം, അഞ്ചുതെങ്ങ്, കൊല്ലം, കൊച്ചി, ആലപ്പുഴ, പൊന്നാനി, പന്തലായിനി, പരപ്പനങ്ങാടി, ബേപ്പൂർ, കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, ബേക്കൽ എന്നീ കേന്ദ്രങ്ങളെ സ്പൈസ് റൂട്ട് പൈതൃക പ്രോജക്ടിൽ ഉൾപ്പെടുത്തുന്നതാണ്. യുനെസ്കോ തയ്യാറാക്കിയ ഫോർട്ടുകൊച്ചി - മട്ടാഞ്ചേരി കൺസർവേഷൻ പദ്ധതി നടപ്പാക്കാൻ 10 കോടി രൂപ

അനുവദിക്കുന്നു. സ്പൈസ് റൂട്ട് പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി മറ്റൊരു 5 കോടി രൂപ കൂടി അനുവദിക്കുന്നു. കൊച്ചി - മുസിരിസ് ബിനാലെ എന്ന അന്തർദ്ദേശീയ ആർട്ട് ഫെസ്റ്റിവെലിന് 5 കോടി രൂപ അനുവദിക്കുന്നു.

## VI

## സമഗ്ര സാമൂഹ്യസുരക്ഷാ പദ്ധതി

**60.** പാപ്പരീകരിക്കപ്പെടുന്ന ജനലക്ഷങ്ങളുടെ ജീവിതസുരക്ഷയ്ക്ക് വൻകിട പശ്ചാത്തല സൗകര്യങ്ങൾക്കും ഐടി, ടൂറിസം തുടങ്ങിയ മേഖലകളോടൊപ്പം പ്രാധാന്യം നൽകുന്ന വികസന തന്ത്രത്തിനു പ്രയോഗിക രൂപം നൽകിയതാണ് ഈ സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട സംഭാവന.

**61.** ക്ഷേമപെൻഷനുകൾക്കും മറ്റുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രതിവർഷം 134 കോടി രൂപ ചെലവഴിച്ചപ്പോൾ ഈ സർക്കാരിന്റെ കാലത്ത് അത് 389 കോടി രൂപയായി ഉയർന്നു. ഭക്ഷ്യസബ്സിഡി ഈ കാലയളവിൽ 34 കോടി രൂപയിൽ നിന്ന് 235 കോടി രൂപയായി ഉയർത്തി. രണ്ടുലക്ഷത്തോളം പേർക്ക് ഭൂമി, അഞ്ചുലക്ഷം കുടുംബങ്ങൾക്കു വീട്, 12 ലക്ഷം കുടുംബങ്ങൾക്കു കുടിവെള്ളം, ഏതാണ്ട് എല്ലാ വീടിനും വെളിച്ചം, സർ, ക്ഷേമരംഗത്തെ നേട്ടങ്ങൾക്കു സമാനതകളില്ല. അസംഘടിത മേഖലയിൽ പ്രസവാവധി, ആരോഗ്യ ഇൻഷ്വറൻസ്, വരുമാന ഉറപ്പുപദ്ധതി, അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി, കായികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക പരിരക്ഷ, സൂക്ഷ്മവായ്പാ സബ്സിഡി തുടങ്ങി പല പുതിയ സ്കീമുകളും ആവിഷ്കരിച്ചു. ഇവയാകെ കോർത്തിണക്കി വിടവുകൾ നികത്തി സമഗ്രമായ ഒരു സാമൂഹ്യസുരക്ഷാ

പദ്ധതിയ്ക്കു രൂപം നൽകുന്നതിനുള്ള നിർദ്ദേശമാണ് ഈ ബജറ്റിലെ രണ്ടാമത്തെ പ്രധാന പ്രഖ്യാപനം.

**62.** സാമൂഹ്യ സുരക്ഷാ പദ്ധതികൾ രൂപീകരിക്കുന്നതിന്റെ ആദ്യപടി ബിപിഎൽ ലിസ്റ്റ് തയ്യാറാക്കലാണ്. കേന്ദ്രസർക്കാരിന്റെ 11.5 ലക്ഷം ബിപിഎൽ വിഭാഗത്തിൽ വരുന്നവരുടെയും സംസ്ഥാന സർക്കാരിന്റെ ബിപിഎൽ ലിസ്റ്റിൽ ഉൾപ്പെടുന്ന 20 ലക്ഷം പേരുടെയും പേരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടാതെ പോയിട്ടുള്ള അർഹരായവരെ ഇനിയും ഉൾപ്പെടുത്തുന്നതാണ്. അങ്ങനെ 35-40 ലക്ഷം കുടുംബങ്ങളെ ബിപിഎൽ കുടുംബങ്ങളായി സംസ്ഥാനം അംഗീകരിക്കും. ഇവർക്കെല്ലാം സാമൂഹ്യസുരക്ഷാ പദ്ധതിയിൽ സൗജന്യ പങ്കാളിത്തമുണ്ടാകും. മറ്റുള്ളവർക്ക് അംശദായമടച്ച് പദ്ധതിയിൽ അംഗമാകാം. എല്ലാ ബിപിഎൽ കുടുംബങ്ങൾക്കും വിശദമായ ബയോമെട്രിക് തിരിച്ചറിയൽ കാർഡ് നൽകാനുള്ള പ്രവർത്തനം കേന്ദ്രസ്കീമുമായി സംയോജിപ്പിച്ചു നടപ്പാക്കും. സാമൂഹ്യസുരക്ഷാ പദ്ധതി പൂർണ പ്രവർത്തന പഥത്തിലെത്താൻ ഇത് അത്യന്താപേക്ഷിതമാണ്.

**63.** കഴിഞ്ഞ ബജറ്റുകളിൽ മുന്നോട്ടുവെച്ച ക്ഷേമസ്കീമുകളെ പൂർവാധികം ശക്തിപ്പെടുത്തി സമഗ്ര സാമൂഹ്യസുരക്ഷാ പദ്ധതിയ്ക്കു രൂപം നൽകാനുള്ള നിർദ്ദേശങ്ങൾ പറയട്ടെ.

**(i)** ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ക്ഷേമപെൻഷൻ തുക 100-110 രൂപയായിരുന്നു. കഴിഞ്ഞ ബജറ്റുകളിലൂടെ ഇത് 300 രൂപയായി. ഇത് അഞ്ഞൂറാക്കുകയാണ് ലക്ഷ്യം. സർ, ഇക്കുറി അത് ഞാൻ 400 രൂപയായി ഉയർത്തുന്നു. ഒരാൾക്ക് ഒരു കേന്ദ്ര/സംസ്ഥാന പെൻഷനേ അർഹതയുണ്ടാകൂ. അറുപതുവയസു കഴിഞ്ഞ എല്ലാ പൗരന്മാർക്കും മിനിമം പെൻഷൻ സർക്കാർ ഉറപ്പുനൽകും. ക്ഷേമനിധി അംഗങ്ങളുടെ പെൻഷൻ

തുകയുടെ നാലിലൊന്നായിരിക്കും മറ്റുള്ളവർക്കു നൽകുക. മിനിമം പെൻഷനേക്കാൾ കൂടുതൽ ഉയർന്ന പെൻഷൻ വേണ്ടവർക്ക് ക്ഷേമനിധികൾ വഴി സ്വമേധയാ അംശദായം അടയ്ക്കാനുള്ള സൗകര്യമുണ്ടായിരിക്കും.

**(ii)** 30,000 രൂപയ്ക്കുള്ള കേന്ദ്ര ആരോഗ്യ ഇൻഷ്വറൻസ് മുഴുവൻ കേന്ദ്ര സംസ്ഥാന ബിപിഎൽ കുടുംബങ്ങൾക്കും സൗജന്യമായി നൽകും. ഇതിനായി 167 കോടി രൂപ വകയിരുത്തുന്നു. ഇൻഷ്വറൻസ് എടുത്തിട്ടുള്ളവർക്ക് കാൻസർ, ഹൃദ്രോഗം, വൃക്ക ചികിത്സ തുടങ്ങിയ മാറാരോഗങ്ങൾക്ക് 70,000 രൂപ വരെ സർക്കാർ ആശുപത്രികളിലെ ചികിത്സയ്ക്ക് ലഭ്യമാക്കും. കൂടുതൽ തുകയ്ക്ക് ഇൻഷ്വറൻസിൽ സ്വമേധയാ ചേരാൻ അവസരമുണ്ടാകും. ഇതിനുള്ള അധികപണം ക്ഷേമനിധികൾക്കോ തൊഴിലുടമകൾക്കോ നൽകാവുന്നതാണ്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പായിരിക്കും സ്കീം നടപ്പാക്കുക.

**(iii)** അസംഘടിത മേഖലയിൽ വേതനത്തോടു കൂടി ഒരു മാസത്തെ പ്രസവാവധിയുടെ ആനുകൂല്യം തൊഴിലുറപ്പുപദ്ധതിയിൽ 25 ദിവസം വരെ പണിയെടുക്കുന്നവർക്കു ലഭ്യമാക്കും. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

**(iv)** കേരളത്തിൽ ജനിക്കുന്ന ഓരോ കുഞ്ഞിന്റെ പേരിലും 10,000 രൂപയുടെ സ്ഥിരനിക്ഷേപം എൻഡോവ്മെന്റായി സർക്കാർ നൽകുന്നതാണ്. പ്ലസ് ടു പൂർത്തിയാകുമ്പോൾ ബാങ്കുകളിൽ നിന്നുള്ള വായ്പാ പദ്ധതികളുമായി ബന്ധപ്പെടുത്തി ഉന്നത വിദ്യാഭ്യാസത്തിനോ സ്വയംതൊഴിലിനോ വിദഗ്ധപരിശീലനത്തിനോ പലിശയടക്കമുള്ള തുക ലഭ്യമാക്കും. ബിപിഎൽ കുടുംബങ്ങൾ അല്ലാത്തവർ നിക്ഷേപത്തിന്റെ പകുതി സ്വയം വഹിക്കണം. 100 കോടി രൂപ വകയിരുത്തുന്നു.

(v) അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതിയുടെ അടങ്കൽ 20 കോടി രൂപയിൽ നിന്ന് 40 കോടി രൂപയായി ഉയർത്തുന്നു.

(vi) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച വരുമാന ഉറപ്പുപദ്ധതി ഈ മാസം മുതൽ നടപ്പാവും. ഇതിലേയ്ക്കുള്ള 2011-12-ലെ അടങ്കൽ 50 കോടി രൂപയിൽ നിന്ന് 80 കോടി രൂപയായി ഉയർത്തുന്നു.

(vii) പാവപ്പെട്ട ജനങ്ങളുടെ സാമൂഹ്യസുരക്ഷിതത്വ പ്രവർത്തനങ്ങളിൽ ഏറ്റവും വലിയ പങ്കാളിത്തമാണ് ആശാ പ്രവർത്തകർക്കും അംഗനവാടി പ്രവർത്തകർക്കുമുള്ളത്. പൂർണ്ണമായും കേന്ദ്രപദ്ധതിയായിട്ടും ആശാ സന്നദ്ധ പ്രവർത്തകർക്ക് ഒരു ധനസഹായവും കേന്ദ്രസർക്കാർ ഇതുവരെ അനുവദിച്ചിട്ടില്ല. അംഗനവാടി ടീച്ചർമാർക്ക് 1500 രൂപയും ഹെൽപ്പർമാർക്ക് 750 രൂപയുമാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത്. തൊഴിലുറപ്പു പദ്ധതിയുടെ കൂലി പോലും ഇവർക്ക് നൽകില്ല എന്ന കേന്ദ്ര സർക്കാരിന്റെ നിലപാട് ഒരു ദേശീയ നാണക്കേടാണ്. സംസ്ഥാന സർക്കാർ ഇപ്പോൾ അംഗനവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും 550 രൂപ വെച്ച് അധികമായി നൽകുന്നുണ്ട്. ഇത് ഞാൻ പ്രതിമാസം 1000 രൂപ വീതമായി ഉയർത്തുന്നു. 35 കോടി രൂപ ഇതിനായി വകയിരുത്തുന്നു. ആശാ വർക്കർമാർക്ക് 300 രൂപ പ്രതിമാസ ഓണറേറിയം അനുവദിക്കുന്നു. ഇതിനായി 11 കോടി രൂപ വകയിരുത്തുന്നു.

(viii) എൻഡോസൾഫാൻ ദുരിതബാധിതർക്ക് സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നുള്ള 5 കോടി രൂപയടക്കം 20 കോടി രൂപയുടെ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുന്നു. ഇതു ഉപയോഗപ്പെടുത്തി ശയ്യാവലംബരായവർക്ക് പ്രതിമാസം 2000 രൂപയും മറ്റു രോഗബാധിതർക്ക് പ്രതിമാസം 1000 രൂപയും നൽകും. ഇതുകൂടാതെ സാന്ത്വന ചികിത്സ, പ്രാദേശിക ആരോഗ്യ സംവിധാനങ്ങളുടെ മെച്ചപ്പെടുത്തൽ, കാസർകോട് ജനറൽ

ആശുപത്രിയിലെയും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെയും സ്പെഷ്യാലിറ്റി സേവനങ്ങൾ, പുനരധിവാസം തുടങ്ങിയവയ്ക്കുളള സ്കീമുകൾ കൂടി പാക്കേജിലുണ്ട്.

**(ix)** ശയ്യാവലംബരായ രോഗികളുടെയും മാനസിക രോഗികളുടെയും ശുശ്രൂഷകർക്ക് 300 രൂപ വീതം ധനസഹായം നൽകുന്നതിന് 10 കോടി രൂപ വകയിരുത്തുന്നു. മാനസികവും കായികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ കേന്ദ്രസഹായം ലഭിക്കാത്ത സ്കൂളുകൾക്ക് ധനസഹായം നൽകുന്നതിന് 15 കോടി രൂപ വകയിരുത്തുന്നു. വികലാംഗ പെൻഷൻ 400 രൂപയായി ഉയർത്തുന്നു.

**(x)** ഉച്ചഭക്ഷണത്തിനു പുറമെ ആഴ്ചയിൽ രണ്ടുദിവസം സ്ക്കൂൾ കുട്ടികൾക്ക് പാലും മുട്ടയും നൽകുന്ന പോഷകാഹാര പരിപാടി തുടരും. ഇതിന് 40 കോടി രൂപ വകയിരുത്തുന്നു. കൈത്തറി തുണി യൂണിഫോമായി അംഗീകരിക്കുന്ന സ്ക്കൂളുകളിലെ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം തുണി ലഭ്യമാക്കുന്നതാണ്. വരുമാന ഉറപ്പു പദ്ധതിയിൽനിന്ന് 20 കോടി രൂപ നീക്കിവെയ്ക്കുന്നു.

**(xi)** ബധിരരായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷനിലൂടെ ശ്രവണശേഷി പൂർണ്ണമായി നൽകാനാവും. മലയാളത്തിന്റെ നാദവിസ്മയം ഡോക്ടർ കെ. ജെ. യേശുദാസ് മുൻകൈയെടുത്ത് ദാനശീലരുടെ സഹായത്തോടെ കുട്ടികൾക്ക് ഈ ഓപ്പറേഷൻ ചെയ്തുകൊടുക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഓപ്പറേഷൻ ഒന്നിന് 2 ലക്ഷം രൂപ വീതം ഇനിമേൽ സംസ്ഥാന സർക്കാർ നൽകുന്നതാണ്. ഇതിലേയ്ക്കായി 5 കോടി രൂപ വകയിരുത്തുന്നു.

**(xii)** ദീർഘകാല ട്രീറ്റ്മെന്റ് വേണ്ട സെറിബ്രൽ പാൽസി, സിക്കിൾ സെൽ അനീമിയ പോലുളള രോഗങ്ങൾക്കും ജീവനു ഭീഷണിയായിത്തീരുന്ന ഹൃദയ - കിഡ്നി സംബന്ധ രോഗങ്ങൾക്കും ഹിമോഫീലിയ തുടങ്ങിയ രോഗങ്ങൾക്കും തെരഞ്ഞെടുത്ത

16 ആശുപത്രികളിൽ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു. കാൻസർ സുരക്ഷാ ഫണ്ടിലേയ്ക്ക് 2.8 കോടി രൂപ വകയിരുത്തുന്നു.

**(xiii)** കേരളത്തിൽ വളർന്നു പന്തലിക്കുന്ന പങ്കാളിത്ത സാന്ത്വന ചികിത്സാ ശൃംഖല പ്രോത്സാഹിപ്പിക്കേണ്ടതിന്റെ പ്രാധാന്യം ഉൾക്കൊണ്ട് 48 സാന്ത്വന ചികിത്സാ കേന്ദ്രങ്ങൾക്കായി 1 കോടി രൂപയും സാന്ത്വന ചികിത്സാ സൊസൈറ്റികൾക്ക് 4 കോടി രൂപയും വകയിരുത്തുന്നു.

**(xiv)** നിർദ്ധനരായ ക്ഷയരോഗ ബാധിതരുടെ ധനസഹായം 400 രൂപയായും കുഷ്ഠരോഗികൾക്കുള്ള സഹായം 500 രൂപയായും കാൻസർ രോഗികളുടേത് 600 രൂപയായും വർദ്ധിപ്പിക്കുന്നു.

**(xv)** പിടിഎയുടെ കീഴിലുള്ള പ്രീപ്രൈമറി അധ്യാപകർക്ക് സർക്കാരിൽ നിന്നു ലഭിക്കുന്ന ധനസഹായം 600 രൂപയായി ഉയർത്തുന്നു. ആയമാരുടേത് 400 രൂപയായി വർദ്ധിപ്പിക്കുന്നു.

**(xvi)** സാക്ഷരതാ പ്രേരകമാരുടെ ഓണറേറിയം 1500 രൂപയിൽ നിന്ന് 2000 രൂപയായി വർദ്ധിപ്പിക്കുന്നു.

**(xvii)** അനാഥാലയങ്ങൾക്കുള്ള ധനസഹായം 250 രൂപയിൽ നിന്ന് 300 രൂപയാക്കുന്നു. അംഗീകാരമുള്ള 250 അനാഥാലയങ്ങളെ ക്കൂടി ഗ്രാന്റിന്റെ പരിധിയിൽ കൊണ്ടുവരുന്നു. ഫാദർ റെയ്നോൾഡിന്റെ ജന്മശതാബ്ദി പ്രമാണിച്ച് അനാഥാലയങ്ങളിലെ കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് ഏർപ്പെടുത്തുന്നതാണ്. ഇതിനായി 5 കോടി രൂപ ട്രഷറിയിൽ എൻഡോവ്മെന്റായി നിക്ഷേപിക്കും. 20 ലക്ഷം രൂപ അദ്ദേഹം സ്ഥാപിച്ച സെന്റ് ആന്റണീസ് ഓർഫനേജിൽ ഇന്റീരിയർ ഡെക്കറേഷൻ കോഴ്സ് തുടങ്ങുന്നതിനു ഗ്രാന്റായി നൽകുന്നതാണ്.

**(xviii)** മറുനാടൻ തൊഴിലാളികളുടെ ക്ഷേമത്തിനായി നിർമ്മാണത്തൊഴിലാളി ക്ഷേമനിധി നീക്കിവെയ്ക്കുന്ന തുകയ്ക്ക് തുല്യമായ തുക നൽകുന്നതിന് 10 കോടി രൂപ നൽകുന്നു.

**(xix)** തൊഴിൽമേഖലയിലെ ഏറ്റവും അസംഘടിത വിഭാഗമാണ് വീട്ടുജോലിക്കാർ. മഹാഭൂരിപക്ഷവും സ്ത്രീകളാണ്. ഇന്ത്യയിൽ ഇവർക്കാദ്യമായി ഒരു ക്ഷേമപദ്ധതി കേരളം ആരംഭിക്കുകയാണ്. പാചകത്തൊഴിലാളികൾക്കും ക്ഷേമനിധി രൂപീകരിക്കും. തെങ്ങുകയറ്റ തൊഴിലാളികളുടെ അപകടസഹായമായി 1.25 കോടി രൂപ വകയിരുത്തുന്നു.

**(xx)** അഭ്യസ്തവിദ്യരുടെ ഏറ്റവും പ്രധാനപ്പെട്ട അനൗപചാരിക തൊഴിൽമേഖലയാണ് അൺ എയിഡഡ് സ്ക്കൂളുകൾ, കോളജുകൾ, ട്യൂട്ടോറിയലുകൾ തുടങ്ങിയവ. ഒന്നര ലക്ഷത്തിലധികംപേർ ഈ മേഖലയിൽ തൊഴിലെടുക്കുന്നു. യാതൊരുവിധ പരിരക്ഷയുമില്ലാത്ത ഇവർക്ക് ഒരു ക്ഷേമനിധി ആരംഭിക്കുന്നതാണ്. സ്വകാര്യ സ്പെഷ്യൽ എജ്യൂക്കേഷൻ സ്കൂളുകളെയും ഈ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതാണ്. സ്വകാര്യ ആശുപത്രികളിലെയും ആശുപത്രി വികസന സമിതികളിലെയും നെഴ്സുമാർക്കും മറ്റു ജീവനക്കാർക്കും വേണ്ടിയും ക്ഷേമനിധി ആരംഭിക്കുന്നതാണ്. പുതിയ ക്ഷേമനിധികൾക്കായി 10 കോടി രൂപ വകയിരുത്തുന്നു.

## VII

## വിലക്കയറ്റത്തിനു പ്രതിരോധം

**64.** വിലക്കയറ്റമാണ് സാധാരണക്കാരൻ നേരിടുന്ന ഏറ്റവും രൂക്ഷമായ പ്രശ്നം. ഊഹക്കച്ചവടവും അവധിവ്യാപാരവും പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര സർക്കാർ നയങ്ങളാണ് ഈ

സ്ഥിതിവിശേഷം സൃഷ്ടിച്ചത്. ശക്തമായ കമ്പോള ഇടപെടലാണ് പ്രതിവിധി.

**65.** റേഷൻ കടകൾ വഴി അവശ്യസാധനങ്ങൾ നൽകാനുള്ള 337 കോടി രൂപയുടെ സമഗ്രമായ പദ്ധതിയോട് ഏതാണ്ട് ഒരു വർഷമായിട്ടും കേന്ദ്രസർക്കാർ അനുകൂലമായി തീരുമാനമെടുത്തിട്ടില്ല. പഴയ എപിഎൽ വിലയ്ക്ക് റേഷൻ ക്വാട്ട പുനഃസ്ഥാപിച്ചിട്ടില്ല. പഞ്ചസാരയുടെ ക്വാട്ട കുറച്ചു. മത്സ്യത്തൊഴിലാളികൾക്കുള്ള പരമ്പരാഗത മണ്ണെണ്ണ റേഷൻ അസാധ്യമാക്കുന്ന രീതിയിൽ മണ്ണെണ്ണയുടെ ക്വാട്ട വെട്ടിക്കുറച്ചു. ഈ പ്രതികൂല സാഹചര്യം നേരിടുന്നതിന് താഴെ പറയുന്ന വിലക്കയറ്റ വിരുദ്ധ പാക്കേജ് ഞാൻ പ്രഖ്യാപിക്കുന്നു.

**(i)** രണ്ടുരൂപയുടെ അരി 40 ലക്ഷം കുടുംബങ്ങളിലേയ്ക്കു വ്യാപിപ്പിക്കുന്നു.

**(ii)** കമ്പോള വിലയെക്കാൾ 30-60 ശതമാനം വരെ താഴ്ന്ന വിലയ്ക്ക് മാവേലിസ്റ്റോറുകൾ വഴി പയറുകളും പലവ്യഞ്ജനങ്ങളു മുൾപ്പെടെ 13 ഇനങ്ങൾ ലഭ്യമാക്കുന്നുണ്ട്. എന്നാൽ ആവശ്യമായ അളവിൽ സാധനങ്ങൾ ലഭ്യമാകുന്നില്ല എന്ന വിമർശനമുണ്ട്. അവശ്യവസ്തുക്കളുടെ ലഭ്യതയിൽ പ്രതിമാസം 50 ശതമാനമെങ്കിലും വർദ്ധന വരുത്തുന്നതാണ്. ഇതിനായി സിവിൽ സപ്ലൈസ് കോർപറേഷനുള്ള വാർഷിക സബ്സിഡി 50 കോടി രൂപയിൽ നിന്ന് 75 കോടിയായി ഉയർത്തുന്നു.

**(iii)** അവശ്യവസ്തുക്കൾ റേഷൻ കടകൾ വഴിയും ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള പരിപാടി നടപ്പാക്കും. തിരഞ്ഞെടുക്കപ്പെട്ട മൂവായിരം റേഷൻ കടകളെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഫ്രാഞ്ചൈസി കടകളായി പ്രഖ്യാപിക്കും. ഈ കടകളിലൂടെ കാർഡ് ഒന്നിന് കമ്പോള വിലയ്ക്ക് 300 രൂപ വിലമതിക്കുന്ന വെളിച്ചെണ്ണ, പയർ, പരിപ്പ്, മുളക്, പഞ്ചസാര എന്നീ

അഞ്ച് ഇനങ്ങളുടെ കിറ്റ് 150 രൂപയ്ക്കു ലഭ്യമാക്കും. ഇതിലേയ്ക്കായി 100 കോടി രൂപ വകയിരുത്തുന്നു. ഫെബ്രുവരി മാസം മുതൽ ഈ സ്കീം പ്രാബല്യത്തിൽ വരും. ഇതിലേയ്ക്കായി ഉപധനാഭ്യർത്ഥനകളിൽ 20 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്.

(iv) 14,000-ത്തിൽ പരം റേഷൻ കടകളുടെ ബൃഹദ് ശൃംഖല കേരളത്തിലുണ്ട്. എന്നാൽ സാർവത്രിക സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് കേന്ദ്രസർക്കാർ നിർത്തലാക്കിയതോടെ റേഷൻ കടകൾ പ്രതിസന്ധിയിലാണ്. റേഷൻ വ്യാപാരികൾക്കുള്ള അരിയുടെയും ഗോതമ്പിന്റെയും കമ്മിഷൻ നിരക്കുകൾ ഏകീകരിക്കുകയാണ്. ചില്ലറ വ്യാപാരികൾക്ക് ക്വിന്റലിന് 40 രൂപയായും മൊത്ത വ്യാപാരികളുടെ കമ്മിഷൻ ക്വിന്റലിന് 30 രൂപയായും ഉയർത്തി നിശ്ചയിക്കുന്നു.

(v) വിലക്കയറ്റത്തിനെതിരെയുള്ള യജ്ഞത്തിൽ കൺസ്യൂമർഫെഡും സഹകരണ സംഘങ്ങളും നിർണായക പങ്കുവഹിക്കുന്നുണ്ട്. കൺസ്യൂമർ ഫെഡിന് ഉപധനാഭ്യർത്ഥനയിൽ 50 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. 2011-12-ലേയ്ക്ക് കൺസ്യൂമർ ഫെഡിന്റെ വിഹിതം 25 കോടിയിൽ നിന്ന് 50 കോടി രൂപയായി ഉയർത്തുന്നു.

(vi) പച്ചക്കറിയുടെ വില പിടിച്ചുനിർത്തുന്നതിന് ഹോർട്ടികൾച്ചർ കോർപറേഷന് 2011-12-ലേയ്ക്ക് 20 കോടി രൂപ വകയിരുത്തുന്നു.

(vii) വെട്ടിക്കുറച്ച മണ്ണെണ്ണ ക്വാട്ട പുനഃസ്ഥാപിക്കാനുള്ള അപേക്ഷ കേന്ദ്രസർക്കാർ മാനിച്ചിട്ടില്ല. മണ്ണെണ്ണയ്ക്ക് ലിറ്ററൊന്നിന് 20 രൂപ സബ്സിഡി നൽകും. 2011-12-ലേയ്ക്ക് 15 കോടി രൂപ വകയിരുത്തുന്നു.

# VIII

# പരമ്പരാഗത മേഖലകൾ

***മത്സ്യത്തൊഴിലാളികൾ***

**66.** സർ, 3000 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ നടത്തുമെന്ന് മത്സ്യത്തൊഴിലാളികൾക്ക് എന്റെ ആദ്യബജറ്റിൽ നൽകിയ വാഗ്ദാനം പാലിച്ചു. 2001-06 കാലയളവിൽ 527 കോടി രൂപ ചെലവഴിച്ച സ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ സുനാമി പുനരുദ്ധാരണ പദ്ധതിയടക്കം 3092 കോടി രൂപ മത്സ്യമേഖലയിൽ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ മറ്റുവകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കണക്ക് ഉൾപ്പെടുത്തിയിട്ടില്ല.

**67.** ഒന്നേകാൽ ലക്ഷം കുടുംബങ്ങളുടെ 380 കോടിയുടെ കടം എഴുതിത്തള്ളി. സ്വാശ്രയ കോളേജ് ചെലവ് സർക്കാർ ഏറ്റെടുത്തു. എല്ലാ ആനുകൂല്യങ്ങളും ഇരട്ടിയിലേറെ ഉയർത്തി. മത്സ്യ ത്തൊഴിലാളികളെ കേന്ദ്രസർക്കാർ എപിഎൽ, ബിപിഎൽ എന്നിങ്ങനെ തരംതിരിക്കുമ്പോൾ മുഴുവൻ മത്സ്യത്തൊഴിലാളി കൾക്കും രണ്ടു രൂപയ്ക്ക് അരിയും ആരോഗ്യ ഇൻഷ്വറൻസും പഞ്ഞ മാസ സമാശ്വാസ പദ്ധതിയും സംസ്ഥാനം നടപ്പാക്കി.

**68.** മൂന്നു ഹാർബറുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. എട്ടു പുതിയ ഹാർബറുകൾക്കു തുടക്കം കുറിച്ചു. മഞ്ചേശ്വരം, വെള്ളയിൽ, താനൂർ, പരപ്പനങ്ങാടി എന്നീ ഹാർബറുകളുടെ നിർമ്മാണം 2011-12-ൽ ആരംഭിക്കും. പുതിയങ്ങാടി, പുന്നപ്ര, പരവൂർ, വർക്കല, വലിയതുറ എന്നീ തുറമുഖങ്ങൾക്കു തുടക്കം കുറിക്കും. കേന്ദ്രവിഹിതമടക്കം 18 കോടി രൂപ വകയിരുത്തുന്നു. ചെത്തി രണ്ടാം ഘട്ടത്തിനു 3 കോടി രൂപ വകയിരുത്തുന്നു. 15 ഫിഷ് ലാൻഡിംഗ് സെന്ററുകൾ പുതുതായി സ്ഥാപിക്കും.

**69.** ബിപിഎൽ കുടുംബങ്ങൾക്കായി സമ്പാദ്യ സമാശ്വാസ പദ്ധതി കേന്ദ്രം പരിമിതപ്പെടുത്തിയിരിക്കുകയാണ്. സമാശ്വാസ തുക 1800ൽ നിന്ന് 3600 രൂപയായി ഉയർത്തുന്നു. ജൂൺ, ജൂലൈ മാസങ്ങളിലായി ഈ പണം ലഭ്യമാക്കും. 5000 രൂപയുടെ പലിശരഹിത വായ്പയ്ക്ക് 1.5 കോടി രൂപ വകയിരുത്തുന്നു. മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും സമാശ്വാസ പദ്ധതി നടപ്പാക്കും. തീരദേശ വികസന കോർപറേഷന്റെ ഓഹരി മൂലധനത്തിനും തീരദേശ സമഗ്രവികസന പരിപാടികൾക്കുമായി 20 കോടി രൂപ വകയിരുത്തുന്നു.

**70.** 200 കോടി രൂപ അടങ്കലുള്ള മാതൃകാ മത്സ്യഗ്രാമ പരിപാടി 2011-12-ൽ ആരംഭിക്കും. അഞ്ചുവർഷം കൊണ്ട് ഈ സ്കീം പൂർത്തീകരിക്കും. പാർപ്പിടം, കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നിവ ലഭ്യമല്ലാത്ത ഒരു വീടുപോലും ഈ ഗ്രാമങ്ങളിൽ ഉണ്ടാവില്ല. മുഴുവൻ കുട്ടികൾക്കും പത്താംതരം വരെ വിദ്യാഭ്യാസം ഉറപ്പുവരുത്തും. സംസ്ഥാന ശരാശരിയെക്കാൾ ഉയർന്ന വിജയശതമാനം ഉറപ്പാക്കും. ശിശുമരണ നിരക്ക് സംസ്ഥാന ശരാശരിയിലേയ്ക്കു താഴ്ത്തും. എല്ലാ മത്സ്യത്തൊഴിലാളികൾക്കും ക്ഷേമനിധി അംഗത്വവും ഇൻഷ്വറൻസും ഉറപ്പുവരുത്തും. എല്ലാ വാർഡിലും വായനശാലയോ ക്ലബോ സ്ഥാപിക്കും. ഇപ്രകാരം കൃത്യമായ ലക്ഷ്യങ്ങൾ നിർവചിച്ചുകൊണ്ടായിരിക്കും പദ്ധതി ആരംഭിക്കുക.

**71.** ആദ്യവർഷം 25 മത്സ്യഗ്രാമങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിഴിഞ്ഞം, പൂന്തുറ, അഞ്ചുതെങ്ങ്, പരവൂർ തെക്കുംഭാഗം, തങ്കശേരി, പുത്തൻതുറ, പുറക്കാട്, കാട്ടൂർ, പള്ളിത്തോട്, ചെല്ലാനം, ഇളങ്കുന്നപ്പുഴ, പള്ളിപ്പുറം, പെരിഞ്ഞനം, കൈപ്പമംഗലം, എടക്കഴിയൂർ, പുറത്തൂർ, താനൂർ, മാറാട്, പള്ളിക്കണ്ടി, ഏലത്തൂർ, ചാലിൽ ഗോപാലപ്പേട്ട (തലശേരി), എടക്കാട്, പുതിയങ്ങാടി, പൂഞ്ചാവി, കോയിപ്പാടി എന്നിവയാണ് അവ. 2011-12-ൽ 50 കോടി രൂപ

വകയിരുത്തുന്നു. ഇതിനു പുറമെ സമഗ്ര പരിപാടിയ്ക്കുള്ള 15 കോടി രൂപയും മറ്റു വികസന പരിപാടികളും ഈ സ്കീമുമായി സംയോജിപ്പിക്കും.

***കയർ, കശുവണ്ടി***

**72.** പരമ്പരാഗത മേഖലകളെ സംരക്ഷിച്ചു മാത്രമേ പുതിയ വളർച്ചാമേഖലകളിലേയ്ക്കുള്ള ചുവടുമാറ്റത്തിനു സാമൂഹ്യാംഗീകാരം നേടാനാവൂ. 2005-06-ൽ 77 കോടി രൂപ മാത്രമായിരുന്നു ചെറുകിട പരമ്പരാഗത വ്യവസായങ്ങൾക്കായി വകയിരുത്തിയത്. 2011-12-ൽ വരുമാന ഉറപ്പു പദ്ധതിവിഹിതമടക്കം ഇത് 308 കോടി രൂപയായി ഉയർത്തുന്നു. ഇതിനു പുറമെ ഗ്രാറ്റുവിറ്റി, റിട്ടയർമെന്റ് ബെനിഫിറ്റ് തുടങ്ങിയവയുടെ കുടിശിക ഇല്ലാതാക്കാൻ 40 കോടി രൂപ ഉപധനാഭ്യർത്ഥനകളിൽ വകയിരുത്തിയിട്ടുണ്ട്.

**73.** 2001-05 കാലയളവിൽ പ്രതിവർഷം 23 കോടി രൂപ നീക്കിവെച്ച സ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷം കയർമേഖലയ്ക്ക് പ്രതിവർഷം 59 കോടി രൂപ വീതമാണ് വകയിരുത്തിയത്. 2011-12-ൽ കയർ മേഖലയ്ക്ക് 82 കോടി രൂപ വകയിരുത്തുന്നു.

**74.** 2001-06 കാലഘട്ടത്തിൽ 15 കോടിയിൽ താഴെ വീതം ചെലവഴിച്ചിരുന്ന കശുവണ്ടി വ്യവസായത്തിൽ കഴിഞ്ഞ അഞ്ചുവർഷം ശരാശരി 42 കോടി രൂപ വീതം ചെലവഴിച്ചു. 2001-06 കാലത്ത് 40-50 ദിവസം മാത്രം ശരാശരി പണി ലഭിച്ചിരുന്ന കശുവണ്ടിത്തൊഴിലാളിയ്ക്ക് ഇതിന്റെ ഫലമായി 2006-2011 കാലത്ത് 200 ദിവസത്തിലേറെ പണി ലഭിച്ചു. 2011-12-ൽ കശുവണ്ടി വ്യവസായത്തിന് 52 കോടി രൂപ വകയിരുത്തുന്നു.

***കൈത്തറി, ഖാദി***

**75.** 2001-05 കാലയളവിൽ കൈത്തറിയ്ക്ക് പ്രതിവർഷം ശരാശരി 28 കോടി രൂപ വകയിരുത്തിയ സ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷം ശരാശരി 48 കോടി രൂപ വീതം നീക്കിവെയ്ക്കുകയുണ്ടായി. 2011-12-ലേയ്ക്ക് 57 കോടി രൂപ വകയിരുത്തുന്നു.

**76.** കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ 40,000 സ്പിൻഡൽ ഉൽപാദനശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ മേഖലയും ഇപ്പോൾ ലാഭത്തിലാണ്. മലപ്പുറം, കണ്ണൂർ ടെക്സ്റ്റൈൽ മില്ലുകൾക്കായി 10.5 കോടി രൂപ വകയിരുത്തുന്നു. കായംകുളം, തൃശൂർ മില്ലുകളുടെ നവീകരണത്തിനു തുടക്കം കുറിക്കാനായി 3 കോടി രൂപ വകയിരുത്തുന്നു.

**77.** ഖാദി വ്യവസായങ്ങൾക്ക് 9 കോടി രൂപ വകയിരുത്തുന്നു. കരകൗശല ക്ലസ്റ്റർ വികസന സ്കീം ആരംഭിക്കുന്നതിന് 2.2 കോടി രൂപ വകയിരുത്തുന്നു. കെൽപാമിന് 50 ലക്ഷം രൂപ വകയിരുത്തുന്നു. ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപറേഷന് 1 കോടി രൂപ അനുവദിക്കുന്നു. ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോപ്പറേറ്റീവിനു 50 ലക്ഷം രൂപ ഓഹരി മൂലധനമായി അനുവദിക്കുന്നു.

***മറ്റു ചെറുകിട വ്യവസായങ്ങൾ***

**78.** ചെറുകിട വ്യവസായങ്ങളുടെ അടങ്കൽ 40 കോടി രൂപയാണ്. 14 കോടി രൂപ വായ്പയും ഇൻവെസ്റ്റ്മെന്റ് സബ്സിഡിയുമായി വകയിരുത്തുന്നു. അച്ചാർ, ജാം, ജ്യൂസ്, സ്ക്വാഷ്, ജെല്ലി ഉൽപന്നങ്ങൾക്കു നൽകുന്ന 5 ശതമാനം സബ്സിഡി തുടരും. ചെറുകിട വ്യവസായ ക്ഷേമനിധിയിലേയ്ക്ക് 50 ലക്ഷം രൂപ വകയിരുത്തുന്നു.

**79.** ബാംബൂ കോർപറേഷനു നൽകിയ 4 കോടി രൂപ വായ്പയും പലിശയും ഓഹരി മൂലധനമായി മാറ്റും. ബാംബൂ കോർപറേഷന് 2 കോടി രൂപ അനുവദിക്കുന്നു.

**80.** ദിനേശ് ബീഡി സഹകരണ സംഘത്തിലെ തൊഴിലാളികൾക്ക് 40 വയസു മുതൽ നടപ്പാക്കിയ പ്രത്യേക റിട്ടയർമെന്റ് സ്കീം തുടരുന്നതാണ്. ക്ഷേമനിധി അംഗങ്ങളായ മറ്റു ബീഡിത്തൊഴിലാളികൾക്ക് 50 വയസു മുതൽ ഈ സമാശ്വാസം അനുവദിക്കുന്നതാണ്. ദിനേശ് ബീഡിയിലെ ഗ്രാറ്റുവിറ്റി തുക

പൂർണമായി കൊടുക്കാനുള്ള സ്കീം ഈ ധനകാര്യവർഷം നടപ്പാക്കും.

**81.** കേരള മൺപാത്ര നിർമ്മാണ സൊസൈറ്റികൾക്ക് ധനസഹായം നൽകുന്നതിനു 25 ലക്ഷം രൂപ പ്രത്യേകമായി അനുവദിക്കുന്നു. ബാർബർമാരുടെ സലൂണുകൾ നവീകരിക്കുന്നതിന് പലിശരഹിത വായ്പ നൽകുന്നതിന് അവരുടെ ക്ഷേമനിധിയ്ക്ക് 1 കോടി രൂപ അനുവദിക്കുന്നു.

## IX

## ക്ഷേമ പ്രവർത്തനങ്ങൾ

***പട്ടികജാതി - പട്ടികവർഗ ക്ഷേമം***

**82.** പട്ടികജാതി-പട്ടികവർഗ ക്ഷേമത്തിനായുള്ള പദ്ധതി വിഹിതത്തിൽ അഭൂതപൂർവമായ വർദ്ധനയാണ് കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഉണ്ടായത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമടക്കം 2001-06-ൽ പട്ടികജാതി ഘടക പദ്ധതിയുടെ അടങ്കൽ പ്രതിവർഷം 395 കോടി രൂപയായിരുന്നത് 2006-11-ൽ 840 കോടി രൂപയായി. 2011-12-ൽ 647.42 കോടി രൂപ വകയിരുത്തുന്നു. പട്ടികവർഗ ഉപപദ്ധതിയുടെ അടങ്കൽ 2001-06-ൽ പ്രതിവർഷം 103 കോടി രൂപ ആയിരുന്നത് 2006-11-ൽ 178 കോടി രൂപയായി ഉയർന്നു. 2011-12-ൽ 250.38 കോടി രൂപ വകയിരുത്തുന്നു. അനുമാനക്കണക്കുകളുടെ അടിസ്ഥാനത്തിൽ പണം വകയിരുത്തിയിരുന്ന രീതി ഇപ്പോൾ പൂർണമായും അവസാനിപ്പിച്ചു. വകയിരുത്തിയ പണം ചെലവാക്കുന്നതിന്റെ കാര്യത്തിലും വലിയ അന്തരമാണ് ഈ രണ്ടുകാലയളവുകളും തമ്മിലുള്ളത്. 2001-06 കാലത്ത് പട്ടികജാതി ഘടകപദ്ധതി അടങ്കലിന്റെ 64.42 ശതമാനം ചെലവഴിച്ച സ്ഥാനത്ത് കഴിഞ്ഞ നാലുവർഷം 91.36 ശതമാനം

ചെലവഴിച്ചു. പട്ടികവർഗ ഉപപദ്ധതിയിൽ ഇത് 64.73 ശതമാനമായിരുന്നത് കഴിഞ്ഞ നാലുവർഷക്കാലത്ത് 92.83 ശതമാനമായി ഉയർന്നു.

**83.** പട്ടികജാതി ഘടകപദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം കഴിഞ്ഞാൽ 433 കോടി രൂപയാണ് ബാക്കിയുള്ളത്. ഇതിൽ 125 കോടി രൂപ പാർപ്പിടത്തിനും 80 കോടി രൂപ പൊന്നുംവിലയ്ക്കു ഭൂമി വാങ്ങി നൽകുന്നതിനും വകയിരുത്തുന്നു. മുഴുവൻ പട്ടികജാതിക്കാർക്കും ഈ വർഷത്തോടെ പാർപ്പിടം ഉറപ്പുവരുത്തും. വിദ്യാഭ്യാസത്തിന് 48 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിലുള്ള ഏഴ് മോഡൽ സ്കൂളുകൾക്കു പുറമെ കുഴൽമന്ദം, ചേലക്കര, മഞ്ചേശ്വരം, പെരിങ്ങോം എന്നിവിടങ്ങളിൽ പുതിയ സ്ക്കൂളുകൾ ആരംഭിക്കും. ആലപ്പുഴ, എറണാകുളം, പാലക്കാട് എന്നിവിടങ്ങളിൽ പുതുതായി പ്ലസ് ടു ബാച്ചുകളും ആരംഭിക്കും. നന്ദാവനത്ത് പുതിയ വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ പണിയും.

**84.** പട്ടികവർഗ ഉപപദ്ധതിയിൽ 167 കോടി രൂപയാണ് പട്ടികവർഗ വകുപ്പ് നേരിട്ടു ചെലവഴിക്കുന്നത്. ഇതിൽ 35 കോടി രൂപ പാർപ്പിടത്തിനും ഭൂരഹിതരുടെ പുനരധിവാസത്തിനും വകയിരുത്തിയിട്ടുണ്ട്. 37 കോടി രൂപ വിദ്യാഭ്യാസ സ്കീമുകൾക്കാണ്. ഇപ്പോൾ 18 മോഡൽ റെസിഡൻഷ്യൽ/ഏകലവ്യ സ്കൂളുകളിലായി 4200 കുട്ടികൾ പഠിക്കുന്നുണ്ട്. 14500 പട്ടികവർഗ കുടുംബങ്ങൾക്കു ഭൂമിയുടെ കൈവശരേഖ നൽകിക്കഴിഞ്ഞു. 3000 കുടുംബങ്ങൾക്കു വനേതരഭൂമിയും നൽകിയിട്ടുണ്ട്. വയനാട്ടിൽ പൊന്നുംവിലയ്ക്കു ഭൂമി ഏറ്റെടുത്തു കൊടുക്കുന്ന സ്കീം തുടരും.

**85.** പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മെസ് ചാർജ് ഒഴികെയുള്ള അലവലൻസുകൾ വർദ്ധിപ്പിക്കുന്നു. എല്ലാ

ക്ലാസുകളിലെയും കുട്ടികൾക്കുള്ള യൂണിഫോം അലവൻസ് പ്രതിവർഷം 3000 രൂപയാക്കുന്നു. ബുക്കുകളും സ്റ്റേഷനറികളും വാങ്ങാനുള്ള അലവൻസ് 60 ശതമാനവും മറ്റ് അലവൻസുകൾ 50 ശതമാനവും വർദ്ധിപ്പിക്കുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പത്രങ്ങളും ആനുകാലികങ്ങളും വാങ്ങുന്നതിന് പ്രതിമാസം 1500 രൂപ വീതം അനുവദിക്കുന്നു. സ്പോർട്ട്സ് ഉപകരണങ്ങൾ വാങ്ങാനുള്ള ധനസഹായം പ്രതിവർഷം 10,000 രൂപയായി ഉയർത്തുന്നു. എസ്‌സി എസ്ടി പ്രമോട്ടർമാരുടെ അലവൻസ് 2500 രൂപയിൽ നിന്നും 4000 രൂപയായും റസിഡന്റ് ട്യൂട്ടർമാരുടേത് 3000 രൂപയിൽ നിന്ന് 4500 രൂപയായും ഉയർത്തുന്നു.

**86.** വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ ഗ്രീൻ ആർമിയുടെ മാതൃകയിൽ എല്ലാ ജില്ലകളിലും ഓരോ അംബേദ്കർ ഗ്രീൻ ആർമി രൂപീകരിക്കുന്നതാണ്. 70 ശതമാനം പേർ പട്ടിക വിഭാഗക്കാരായിരിക്കും. കാർഷിക യന്ത്ര സാമഗ്രികൾ വാങ്ങാനും യൂണിഫോമിനും മറ്റുമായി കോർപസ് ഫണ്ടിൽ നിന്ന് 28 കോടി രൂപ അനുവദിക്കുന്നു.

**87.** മറ്റു പിന്നാക്ക സമുദായങ്ങൾക്കു വേണ്ടി 23 കോടി രൂപ വകയിരുത്തുന്നു. ദളിത് ക്രൈസ്തവർക്കുള്ള കൃഷിഭൂമി വായ്പ, സ്വയം തൊഴിൽ വായ്പ, വിവാഹവായ്പ, മിശ്രവിവാഹിതർക്കുള്ള ധനസഹായം എന്നിവയുടെ പലിശയും ആനുകൂല്യങ്ങളും പട്ടികജാതി പട്ടികവർഗ വിഭാഗത്തിന്റേതിനു തുല്യമാക്കും. ഇതിനായി പരിവർത്തിത ക്രൈസ്തവ വികസന കോർപറേഷന് 20 കോടി രൂപ പ്രത്യേക ധനസഹായമായി നൽകുന്നു. ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് പട്ടികജാതി വിദ്യാർത്ഥികളുടെ എല്ലാ ആനുകൂല്യങ്ങളും നൽകുന്നതാണ്.

**88.** ഹജ്ജ് കമ്മിറ്റിയ്ക്ക് 20 ലക്ഷം രൂപ സ്ഥിരം ഗ്രാന്റായി അനുവദിക്കുന്നു. വഖഫ് ബോർഡിന്റെ ഗ്രാന്റ് 2 കോടി രൂപയായി

ഉയർത്തുന്നു. പാലൊളി മുഹമ്മദു കുട്ടി കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് 14 കോടി രൂപ അനുവദിക്കുന്നു.

*പാർപ്പിടം*

**89.** കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിനു 19.5 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 7.5 കോടി രൂപ എംഎൻ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതിയ്ക്കും 7.7 കോടി രൂപ നിർമ്മിതി കേന്ദ്രയ്ക്കും 3.25 കോടി രൂപ കേരള സ്റ്റേറ്റ് ഹൗസിംഗ് ഫെഡറേഷനുമാണ്.

**90.** മൈത്രി ഭവനവായ്പയുടെ കുടിശിക പൂർണമായും എഴുതിത്തള്ളുന്നു. കേരള സർക്കാർ ഹൗസിംഗ് ബോർഡിനു നൽകിയ 275 കോടി രൂപ വായ്പയിൽ ഈ തുക അഡ്ജസ്റ്റു ചെയ്യുന്നതാണ്. ഹഡ്കോ വായ്പയുടെ പലിശയിനത്തിൽ 20 കോടി രൂപ ഉപധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**91.** തൃശൂർ ജില്ലാ പഞ്ചായത്തും കോസ്റ്റ് ഫോർഡും കൂടി ഹഡ്കോയുടെ ധനസഹായത്തോടെ നടപ്പാക്കിയ ഭവന പദ്ധതിയിലെ കുടിശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയ്ക്കായി 5.22 കോടി രൂപ വകയിരുത്തുന്നു.

*തുല്യതയും വനിതാവികസനവും*

**92.** കഴിഞ്ഞ ബജറ്റ് കേരളത്തിൽ ജെൻഡർ ബജറ്റിംഗിന് തുടക്കം കുറിച്ചു. സ്ത്രീകൾ ഗുണഭോക്താക്കളായുള്ള സ്കീമുകൾക്ക് പദ്ധതിയുടെ 5.6 ശതമാനം തുക മാത്രമാണ് 2009-10-ൽ ചെലവഴിച്ചിരുന്നത്. ഇത് 2010-11-ൽ 8.5 ശതമാനം ആയി ഉയർത്താൻ കഴിഞ്ഞു. ജെൻഡർ കാഴ്ചപ്പാടിലൂടെ സംസ്ഥാന ബജറ്റിനെ വിമർശനപരമായി പരിശോധിക്കുന്നതിന് പല വനിതാ സംഘടനകൾക്കും പണ്ഡിതർക്കും കഴിഞ്ഞ വർഷത്തെ ബജറ്റ് പ്രചോദനം നൽകി. പല പോരായ്മകളും വെളിപ്പെട്ടിട്ടുണ്ട്. 2011-12-ൽ സ്ത്രീകൾക്കുള്ള പ്രത്യേക സ്കീമുകൾക്ക് പദ്ധതി അടങ്കലിന്റെ

9.4 ശതമാനം - അതായത് - 770 കോടി രൂപ വരും എന്നാണ് വിലയിരുത്തൽ. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വനിതാഘടക പദ്ധതി ഉൾപ്പെടുന്നില്ല. ചില പ്രത്യേക സ്കീമുകൾ മാത്രം പരാമർശിക്കട്ടെ.

**(i)** 200 ഹയർസെക്കന്ററി സ്കൂളുകൾ, ബോട്ട് ജെട്ടികൾ, ബസ് സ്റ്റാൻഡുകൾ, പൊതു കെട്ടിടങ്ങൾ, കമ്പോളങ്ങൾ എന്നിവിടങ്ങളിൽ മൂത്രപ്പുരകൾ നിർമ്മിക്കുന്നതിന് 17.5 കോടി രൂപ വകയിരുത്തുന്നു.

**(ii)** പോലീസ് സേനയിൽ ജെൻഡർ അവബോധം വളർത്തുന്നതിനും പോലീസ് സ്റ്റേഷൻ സ്ത്രീ സൗഹൃദ മാക്കുന്നതിനും 4 കോടി രൂപ വകയിരുത്തുന്നു.

**(iii)** വനിതാ ഹോസ്റ്റലുകൾ, വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ എന്നിവയ്ക്ക് 17.5 കോടി രൂപ വകയിരുത്തുന്നു.

**(iv)** വനിതാ പോളിടെക്നിക്, നെഴ്സിംഗ് കോളേജുകൾ എന്നിവയ്ക്ക് 18 കോടി രൂപ വകയിരുത്തുന്നു. വനിതാ ഐടിഐകൾക്ക് 7 കോടി രൂപ വകയിരുത്തുന്നു. ഫിനിഷിംഗ് സ്കൂളിന് 1.9 കോടി രൂപ വകയിരുത്തുന്നു. വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളിൽ വിദ്യാർത്ഥിനികളുടെ സഞ്ചാരത്തിന് ബസുകൾ വാങ്ങാൻ 6 കോടി രൂപ വകയിരുത്തുന്നു.

**(v)** വിധവകൾ, വിവാഹമോചിതരായ സ്ത്രീകൾ തുടങ്ങിയവർക്ക് സ്വയം തൊഴിലിനു വേണ്ടി 1.5 കോടി രൂപയും പീഡിതരുടെ ധനസഹായത്തിന് 1 കോടി രൂപയും വകയിരുത്തുന്നു.

**(vi)** അവിവാഹതരായ അമ്മമാരുടെ പുനരധിവാസത്തിന് 1 കോടി രൂപ വകയിരുത്തുന്നു. അവർക്കുള്ള ധനസഹായം 400 രൂപയായി ഉയർത്തുന്നു. ഇത് എല്ലാ സമുദായങ്ങളിലുള്ളവർക്കും ലഭ്യമാക്കും. 50 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ

സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതി പ്രായപരിധി 40 വയസാക്കി താഴ്ത്തുന്നു. തുക 400 രൂപയായി ഉയർത്തുന്നു.

**(vii)** ബോധവത്കരണം, കൗൺസലിംഗ് തുടങ്ങിയവയ്ക്കായി 6.5 കോടി രൂപ വകയിരുത്തുന്നു.

**(viii)** തുറമുഖങ്ങളിലും മറ്റും മത്സ്യത്തൊഴിലാളി സ്ത്രീകൾക്കു രാത്രി താമസത്തിനുള്ള സൗകര്യമൊരുക്കാൻ 1 കോടി രൂപ വകയിരുത്തുന്നു.

**(ix)** കോഴിക്കോട് *'തന്റേടം'* ജെൻഡർ പാർക്ക് സ്ഥാപിക്കുന്നതാണ്. സാംസ്ക്കാരിക സേവന മേഖലകളിലെ സ്ത്രീ സംരംഭകർക്കുള്ള കെട്ടിട സൗകര്യവും സർവകലാശാലാ വനിതാപഠന കേന്ദ്രം, വിപുലമായ ലൈബ്രറി, സാംസ്ക്കാരിക സമുച്ചയം, ഗസ്റ്റ് ഹൗസ് തുടങ്ങിയവയെല്ലാം അടങ്ങുന്നതായിരിക്കും ഇത്. 10 കോടി രൂപ അനുവദിക്കുന്നു.

**93.** കേരളത്തിലെ വനിതാ സംഘടനകളുടെ ദീർഘകാല ആവശ്യമായിരുന്ന വനിതാ വികസന വകുപ്പ് എന്ന നിർദ്ദേശം അംഗീകരിക്കുകയാണ്. വനിതാ കമ്മിഷൻ, വനിതാ വികസന കോർപറേഷൻ, ഗാർഹിക പീഡന നിയമ മേൽനോട്ടം, ബോധവത്കരണ പരിപാടികൾ തുടങ്ങിയവ ഈ വകുപ്പിന്റെ ഭാഗമായിരിക്കും. അതോടൊപ്പം എല്ലാ വകുപ്പുകളിലെയും വനിതാവികസന സ്കീമുകളുടെ ഏകോപന ചുമതലയും മോണിറ്ററിംഗും വനിതാ വികസന വകുപ്പിന്റെ ചുമതലയായിരിക്കും.

**94.** ഷൊർണൂരിലെ സൗമ്യയുടെ മരണം നമ്മുടെ മനസാക്ഷിയെ ഏറെനാൾ വേട്ടയാടും. നമ്മുടെ തൊഴിലിടങ്ങളും യാത്രാവേളകളും പൊതുസ്ഥലങ്ങളും സ്ത്രീകൾക്കേറെ അരക്ഷിതമാണ്. തൊഴിലെടുക്കുന്ന സ്ത്രീകൾ അപ്രതീക്ഷിതമായി രാത്രി ഏറെ വൈകിയാൽ താമസിക്കുന്നതിന് വിമൻസ് ഹോസ്റ്റലുകളും സന്നദ്ധ സംഘടനകളുമായി ബന്ധപ്പെടുത്തി

പ്രത്യേക സൗകര്യവും ഏർപ്പെടുത്തും. ഇതിലേയ്ക്കുള്ള ഹെൽപ് ലൈനുകൾ എല്ലാ നഗരങ്ങളിലും ഏർപ്പെടുത്തും. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

*പ്രവാസിക്ഷേമം*

**95.** പ്രവാസിക്ഷേമ പ്രവർത്തനങ്ങൾക്കായി മൊത്തം 9 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. വിദേശത്തു ജോലിക്കു പോകുന്നവർക്കുള്ള പ്രത്യേക ഓറിയന്റേഷൻ പ്രോഗ്രാം, പ്രവാസികൾക്കായുള്ള പ്രത്യേക ലീഗൽ എയിഡ് സെൽ എന്നിവയാണ് പുതിയ സ്കീമുകൾ. ഇതിനുപുറമെ നോർക്ക വെൽഫയർ ഫണ്ടിലേയ്ക്കു 10 കോടി രൂപ പ്രത്യേകമായി വകയിരുത്തുന്നു.

## X

## ഭക്ഷ്യസുരക്ഷ

**96.** കേരളത്തിലെ കൃഷിക്കാർക്ക് മുമ്പില്ലാതിരുന്ന ഒരാത്മവിശ്വാസവും ശുഭപ്രതീക്ഷയും ഇന്നുണ്ട്. കർഷക ആത്മഹത്യകളുടെ കാലം അവസാനിച്ചു. ഭക്ഷ്യോൽപാദനത്തിൽ മൂന്നു പതിറ്റാണ്ടിലേറെയായി തുടർന്ന തകർച്ചയ്ക്കു വിരാമമിട്ടു. 2007-08-ൽ 2.28 ലക്ഷം ഹെക്ടർ ഭൂമിയിൽ നിന്ന് 5.28 ലക്ഷം ടൺ നെല്ലായിരുന്നു ഉൽപാദിപ്പിച്ചത്. തുടർന്നുള്ള മൂന്നുവർഷങ്ങളിലും തുടർച്ചയായി ഉൽപാദനം ഉയർന്നു. ഇക്കണോമിക് റിവ്യൂ റിപ്പോർട്ടു പ്രകാരം 2009-10-ൽ വയൽ വിസ്തൃതി 2.34 ലക്ഷം ഹെക്ടറായും ഉൽപാദനം 5.9 ലക്ഷം ടണ്ണായും വർദ്ധിച്ചു.

**97.** കുട്ടനാട് പാടശേഖരങ്ങളിലെ പുറംബണ്ടു നിർമ്മാണത്തിന് 75 കോടി രൂപ വകയിരുത്തുന്നു. നീർത്തട വികസനത്തിനായുള്ള 33 കോടി രൂപ, ജലാശയങ്ങളുടെയും കുളങ്ങളുടെയും

പുനരുദ്ധാരണത്തിനുള്ള 34 കോടി രൂപ, പാലക്കാട്ടെ കനാൽ നവീകരണത്തിനും ജല സംരക്ഷണത്തിനുമുള്ള പ്രവർത്തനങ്ങൾ, ലിഫ്റ്റ് ഇറിഗേഷനുള്ള പുനരുദ്ധാരണം, കോൾനിലങ്ങളിലെ വികസനപ്രവർത്തനങ്ങൾ തുടങ്ങിയവ ഈ മുന്നേറ്റം നിലനിൽക്കും എന്നുറപ്പുവരുത്തും. നെൽക്കൃഷിയ്ക്ക് 29 കോടി രൂപ വകയിരുത്തുന്നു. ഇതിനു പുറമെ ആർകെവിവൈയുടെ അടങ്കലായ 225 കോടി രൂപയിൽ ഗണ്യമായ പങ്ക് നെൽക്കൃഷിയ്ക്കായിരിക്കും.

**98.** സർ, ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഏഴു രൂപയായിരുന്ന നെല്ലിന്റെ സംഭരണവില ഇപ്പോൾ 13 രൂപയാണ്. അത് 14 രൂപയായി ഉയർത്തുന്നു. അരിശ്രീ എന്ന സമഗ്ര നെൽകൃഷി പരിപാടി ആരംഭിക്കും.

***മൃഗസംരക്ഷണം***

**99.** പാലിന്റെ ഉൽപാദനവും തുടർച്ചയായി കുറയുകയായിരുന്നു. 2005-06-ൽ 20.63 ലക്ഷം ടൺ പാലുൽപാദിപ്പിച്ച സ്ഥാനത്ത് 2010-11-ൽ 29 ലക്ഷം ടൺ പാൽ ഉൽപാദിപ്പിച്ചു. മുട്ടയുടെ ഉൽപാദനം 120 കോടിയിൽ നിന്ന് 163 കോടിയായി ഉയർന്നു. ഉൾനാടൻ മത്സ്യോത്പാദനം 0.75 ലക്ഷം ടണ്ണിൽ നിന്ന് 1.26 ലക്ഷം ടണ്ണായി ഉയർന്നു. പച്ചക്കറിയുടെ ഉൽപാദനത്തിലും ഗണ്യമായ വർദ്ധനയുണ്ട്.

**100.** മൃഗസംരക്ഷണത്തിന്റെ അടങ്കൽ 118 കോടിയിൽ നിന്ന് 150 കോടി രൂപയായി ഉയർത്തുന്നു. 2006-07-ൽ ഇത് 34 കോടി രൂപ മാത്രമായിരുന്നു. വെറ്റിനറി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും എക്സ്ടെൻഷൻ പ്രവർത്തനത്തിനുമാണ് 23 കോടി രൂപ. കന്നുകുട്ടി പരിപാലന പരിപാടിയുടെ അടങ്കൽ 12 കോടി രൂപയാണ്. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, കേരള ഫീഡ്സ് ലിമിറ്റഡ്, കെഎസ്പിഡിസി, കെസിഎംഎംഎഫ് എന്നിവയ്ക്കായി 15 കോടി രൂപ വകയിരുത്തുന്നു. കാലിത്തീറ്റ സബ്സിഡിയ്ക്ക് 6 കോടി രൂപ വകയിരുത്തുന്നു.

*മറ്റുവിളകൾ*

**101.** നാളികേര കൃഷിയ്ക്ക് 30 കോടി രൂപ വകയിരുത്തുന്നു. പുരയിടക്കൃഷി വികസനത്തിനായുള്ള സ്കീമുകൾക്കു പുറമെയാണിത്. പച്ചക്കറിക്കൃഷി വികസനത്തിന് 6.6 കോടി രൂപ വകയിരുത്തുന്നു. വയനാട്ടെ കുരുമുളകു കൃഷിയുടെ പുനരധിവാസത്തിന് 6.5 കോടി രൂപ വകയിരുത്തുന്നു.

**102.** കാപ്പി കടാശ്വാസ പാക്കേജ് 2010 പ്രകാരം സഹകരണ ബാങ്കുകൾ നൽകേണ്ട കടാശ്വാസ വിഹിതത്തിലേയ്ക്ക് 10 കോടി രൂപ വകയിരുത്തുന്നു.

*ജലസേചനം*

**103.** വൻകിട ജലസേചന പദ്ധതികളെക്കുറിച്ച് മുൻ ബജറ്റ് പ്രസംഗങ്ങളിലുയർത്തിയ വിമർശനങ്ങൾ ആവർത്തിക്കുന്നില്ല. കാരാപ്പുഴ പദ്ധതിയ്ക്ക് 8 കോടി രൂപയും ഇടമലയാർ പദ്ധതിയ്ക്ക് 10 കോടി രൂപയും ബാണാസുര സാഗർ പദ്ധതിയ്ക്ക് 32.5 കോടി രൂപയും മൂവാറ്റുപുഴ പദ്ധതിയ്ക്ക് 27 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതികളുടെ തുടക്കത്തിലെ മതിപ്പു ചെലവ് വെറും 54 കോടി രൂപയായിരുന്നു. ഇതിനകം 1435 കോടി രൂപ ചെലവാക്കിക്കഴിഞ്ഞു. എത്രയും പെട്ടെന്ന് ഇവയുടെ നിർമ്മാണത്തിന് വിരാമമിടുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. നിലവിലുള്ള പദ്ധതികളുടെ കനാലുകൾ പുനരുദ്ധരിക്കാൻ 16.2 കോടി രൂപ വകയിരുത്തുന്നു. മലമ്പുഴ, വാളയാർ, പീച്ചി, നെയ്യാർ ഡാമുകളുടെ ഡീസിൽട്ടിംഗിനും പുനരധിവാസത്തിനും 34 കോടി രൂപ വകയിരുത്തുന്നു.

**104.** ചെറുകിട ജലസേചന പദ്ധതികൾക്ക് 96 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ 45 കോടി രൂപ കുളങ്ങൾ പുനരുദ്ധരിക്കുന്നതിനാണ്. ഈ പണവും ദേശീയ തൊഴിലുറപ്പു പദ്ധതിയും ഫലപ്രദമായി സംയോജിപ്പിക്കാൻ കഴിഞ്ഞാൽ

ഭക്ഷ്യോത്പാദന വർദ്ധനയ്ക്കു മാത്രമല്ല, പരിസ്ഥിതി സന്തുലനാവസ്ഥ സംരക്ഷണത്തിനും വലിയ സംഭാവനയായിരിക്കും.

***മണ്ണു ജല സംരക്ഷണം***

**105.** നീർത്തട അടിസ്ഥാനത്തിലുള്ള മണ്ണുജല സംരക്ഷണത്തിനു നബാർഡിൽ നിന്നു 33 കോടി രൂപ ലഭ്യമാക്കുന്നതാണ്. നീർത്തടാടിസ്ഥാനത്തിലുള്ള പശ്ചിമഘട്ട വികസന പദ്ധതിയ്ക്ക് 37 കോടി രൂപ വകയിരുത്തുന്നു.

# XI
# ഹരിതബജറ്റ്

**106.** കഴിഞ്ഞ വർഷം 1000 കോടി രൂപയുടെ ഹരിതഫണ്ട് രൂപീകരണം പ്രഖ്യാപിക്കുകയും 100 കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു. ഡാംമണലിൽ നിന്ന് സമാഹരിക്കുന്ന വരുമാനത്തിന്റെ 20 ശതമാനമാണ് ഹരിതഫണ്ടിലേയ്ക്കു നീക്കിവെയ്ക്കുന്നത്. എന്നാൽ ഡീസിൽട്ടിംഗ് പ്രവർത്തനങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ പൂർണമായും പ്രവർത്തനക്ഷമമായിട്ടില്ല. എന്നിരുന്നാലും 2011-12 വർഷത്തേയ്ക്കു 100 കോടി രൂപ കൂടി ഹരിതഫണ്ടിലേയ്ക്കു വകയിരുത്തുന്നു.

**107.** കണ്ടൽക്കാടുകൾ സംരക്ഷിക്കാനുള്ള സഹായപദ്ധതി, കാവുകൾക്കുള്ള ധനസഹായം, പക്ഷിസങ്കേതങ്ങളും കടലാമ പ്രജനനകേന്ദ്രങ്ങളും സംരക്ഷിക്കുന്ന ക്ലബുകൾക്കുള്ള ധനസഹായം തുടങ്ങിയ സ്കീമുകൾ 2011-12ലും തുടരും. ഇതിനുള്ള പണം ഹരിതഫണ്ടിൽ നിന്ന് ലഭ്യമാക്കും.

**108.** ഇപ്പോൾ വിതരണം ചെയ്ത സിഎഫ്എൽ ബൾബുകളുടെ കാർബൺ ക്രെഡിറ്റ് ബഞ്ചുമാർക്ക് പൂർത്തീകരിച്ചാൽ അടുത്തഘട്ടം

ഒരു കോടി ബൾബുകൾ വിതരണം ചെയ്യും. സ്ക്കൂൾ കുട്ടികളെ ലക്ഷ്യമാക്കിയുള്ള ഊർജ ക്രെഡിറ്റ് പദ്ധതിയുടെ അടിസ്ഥാനം 2010-11-ലെ ഊർജ ഉപഭോഗമായിരിക്കും. ദക്ഷത കൂടിയ ഊർജ ഉപകരണങ്ങൾ വാങ്ങാനുള്ള സബ്സിഡി ഹരിതഫണ്ടിൽ നിന്നും കെഎഫ്സിയ്ക്കു ലഭ്യമാക്കും. ഊർജദുർവ്യയം കുറയ്ക്കുന്നതിനുള്ള എസ്കോ മോഡൽ കമ്പനിയുടെ ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ തയ്യാറായിട്ടുണ്ട്. ഈ വർഷം തന്നെ കമ്പനി രൂപീകരിക്കും.

**109.** കാലാവസ്ഥാ പഠനങ്ങൾക്കു 2 കോടി രൂപയും ജൈവകൃഷിയ്ക്ക് 5 കോടി രൂപയും വകയിരുത്തുന്നു.

**110.** ആലപ്പുഴയിലെ കാപ്പിൽതോട് ശുചീകരിക്കാനും ചെമ്മീൻ സംസ്ക്കരണ ഫാക്ടറികളിൽ മലിനജല ശുദ്ധീകരണ സംവിധാനമുണ്ടാക്കാനും 5 കോടി രൂപ വകയിരുത്തുന്നു. അരൂർ മത്സ്യസംസ്കരണ മേഖലയിലെ മാലിന്യ പ്രശ്നം പരിഹരിക്കാനായി കോമൺ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാനായി രൂപീകരിക്കുന്ന കമ്പനിയ്ക്ക് സർക്കാർ സഹായമായി 5 കോടി രൂപ വകയിരുത്തുന്നു.

*വനം*

**111.** വനം വകുപ്പിന് 74 കോടി രൂപ അനുവദിക്കുന്നു. എല്ലാ ഫീൽഡ് സ്റ്റാഫിനും മൊബൈൽ ഫോൺ കണക്ഷൻ നൽകും. പുതിയ 10 ഫോറസ്റ്റ് സ്റ്റേഷൻ ആരംഭിക്കും. 50 ചെക്ക് ഡാമുകൾ പണിയും. അരിപ്പയിൽ ഫോറസ്റ്റ് അക്കാദമി സ്ഥാപിക്കും. സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിന് 16 കോടി രൂപ വകയിരുത്തുന്നു. പ്ലാന്റേഷനുകൾക്ക് 5 കോടി രൂപ വകയിരുത്തുന്നു. ജൈവവൈവിദ്ധ്യ സംരക്ഷണത്തിനുവേണ്ടി 14 കോടി രൂപ വകയിരുത്തുന്നു.

**112.** എന്റെ മരം, വഴിയോരത്തണൽ, നമ്മുടെ മരം, ഹരിത കേരളം തുടങ്ങിയ സാമൂഹ്യവനവത്കരണ പദ്ധതികൾക്ക് ഐക്യരാഷ്ട്ര സഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇവ

ഏകോപിപ്പിച്ച് ഹരിതകേരളം പദ്ധതിയായി നടപ്പാക്കാൻ 3 കോടി രൂപ അധികമായി അനുവദിക്കുന്നു. വൃഷ്ടി പ്രദേശങ്ങളിൽ 50 ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് 1 കോടി രൂപ വകയിരുത്തുന്നു. പരിസ്ഥിതി പഠനക്യാമ്പുകൾക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു. സൈലന്റ്‌വാലി ബയോഡൈവേഴ്സിറ്റി കൺസർവേഷൻ റിസർച്ച് ആൻഡ് മോണിറ്ററിംഗ് സെന്ററിന് 1 കോടി രൂപ വകയിരുത്തുന്നു.

# XII
# വിദ്യാഭ്യാസം

*ഗുണമേന്മയുള്ള സ്കൂൾ വിദ്യാഭ്യാസം*

**113.** 2006-ൽ 33 ശതമാനത്തിൽ താഴെ വിജയശതമാനമുള്ള 104 സ്കൂളുകൾ കേന്ദ്രീകരിച്ചു നടത്തിയ പ്രത്യേക വിദ്യാഭ്യാസ പരിപാടിയുടെ ഉജ്ജ്വലമായ വിജയം ഒന്നുമാത്രം മതി പൊതുവിദ്യാഭ്യാസമേഖലയിൽ ഉണ്ടായ ഗുണപരമായ മാറ്റം മനസിലാക്കാൻ. ഇവയിൽ 80 ശതമാനത്തിലധികം വിദ്യാലയങ്ങളിലും ഇപ്പോൾ വിജയശതമാനം 75-നു മേലാണ്. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിൽ, അധ്യയന-മൂല്യനിർണയ രീതികളിൽ, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ, ജനകീയ പങ്കാളിത്തത്തിൽ ഉണ്ടായിട്ടുള്ള വിസ്മയകരമായ പുരോഗതി പൊതുവിദ്യാഭ്യാസ മേഖലയിൽ പുതിയൊരധ്യായം തുറന്നിരിക്കുകയാണ്. സ്കൂൾ വിദ്യാഭ്യാസത്തിൽ മലബാറും തിരുക്കൊച്ചിയും തമ്മിൽ ചരിത്രപരമായുണ്ടായിരുന്ന അസന്തുലിതാവസ്ഥ ഏതാണ്ട് ഇല്ലാതായി.

**114.** സ്കൂൾ വിദ്യാഭ്യാസത്തിന് 258 കോടി രൂപ വകയിരുത്തുന്നു. പക്ഷേ, ഇതിന്റെ 42 ശതമാനം സർവശിക്ഷാ അഭിയാൻ, ആർഎംഎസ്എ, റൈറ്റ് ടു എജ്യൂക്കേഷൻ,

സ്കോളർഷിപ്പ്, കമ്പ്യൂട്ടർ വിദ്യാഭ്യാസം തുടങ്ങിയ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന സർക്കാരിന്റെ വിഹിതമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർവശിക്ഷാ അഭിയാനു മുടക്കുന്ന പണത്തിനു പുറമെയാണിത്. ഇത് അത്യന്തം ദൗർഭാഗ്യകരമായ ഒരു സ്ഥിതിവിശേഷമാണ്. എത്രയോ ദീർഘനാളത്തെ വിദ്യാഭ്യാസ പാരമ്പര്യമുള്ള കേരളത്തിന്റെ സ്കൂൾ വിദ്യാഭ്യാസം ദില്ലിയിലിരുന്ന് ആസൂത്രണം ചെയ്യുന്നത് എന്തൊരു അസംബന്ധമാണെന്ന് ആലോചിച്ചു നോക്കുക. ഏതാണ്ട് 839 കോടി രൂപ വിവിധ കേന്ദ്ര സ്കൂൾ വിദ്യാഭ്യാസ സ്കീമുകളിലൂടെ നമുക്കു ലഭ്യമാകും. ഈ തുക സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ച് സ്വതന്ത്രമായി വിനിയോഗിക്കാൻ അവസരമുണ്ടായിരുന്നെങ്കിൽ എന്തു വലിയ നേട്ടങ്ങൾ വിദ്യാഭ്യാസ മേഖലയിൽ കൈവരിക്കാൻ കഴിയുമായിരുന്നു.

**115.** ഹയർ സെക്കൻഡറിയ്ക്കും വൊക്കേഷണൽ ഹയർ സെക്കൻഡറിയ്ക്കും കൂടി 45 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 19 കോടി രൂപ ലബോറട്ടറികൾക്കും ലൈബ്രറിയ്ക്കും 5 കോടി രൂപ സ്കോളർഷിപ്പിനും വേണ്ടിയാണ്.

**116.** കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈന് 5 കോടി രൂപ വകയിരുത്തുന്നു. ഐടിഐ നവീകരണത്തിനു 42.8 കോടി രൂപ വകയിരുത്തുന്നു. ഇതൊരു സർവകാല റെക്കോർഡാണ്. 11 ഐടിഐ-കളിൽ മൂന്നാം ഷിഫ്റ്റ് ആരംഭിക്കുന്നതാണ്. പുതുതായി പള്ളിപ്പാട്, പെരിഞ്ഞനം, വടക്കാഞ്ചേരി, നിലയ്ക്കാമുക്ക്, തൂക്കുപാലം, പെരിന്തൽമണ്ണ, കൂറ്റനാട്, ചെറുകുന്ന്, ചാത്തമംഗലം, പീരുമേട് എന്നീ 10 ഐടിഐകൾ ആരംഭിക്കുന്നതാണ്.

**117.** കളമശേരി പോളിടെക്നിക്ക് ഡയമണ്ട് ജൂബിലി ഓഡിറ്റോറിയത്തിന് 25 ലക്ഷം രൂപ അനുവദിക്കുന്നു.

*ഉന്നതവിദ്യാഭ്യാസവും വൈജ്ഞാനിക സമൂഹവും*

**118.** കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമായി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഉന്നത വിദ്യാഭ്യാസ മേഖലയിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തേണ്ടത്. 2001-06 കാലയളവ് വലിയ തിരിച്ചടിയുടെ കാലമായിരുന്നു. സാധാരണഗതിയിൽ എല്ലാ വകുപ്പുകളുടെയും ഗ്രാന്റുകൾ എല്ലാ വർഷവും പത്തുശതമാനം വീതം വർദ്ധിക്കുകയാണ് പതിവ്. എന്നാൽ ഉന്നതവിദ്യാഭ്യാസ മേഖലയിലെ പദ്ധതിയിതര ഗ്രാന്റ് 2001-02-ൽ 710.28 കോടി രൂപ ആയിരുന്നത് 2005-06-ൽ 790.34 കോടി രൂപയായി തുടരുകയായിരുന്നു. ഇതിന്റെ ഫലമായി അത്യാവശ്യം ഒഴിവുകൾ പോലും നികത്താനാവാത്ത നില സർവകലാശാലകൾക്കു വന്നുചേർന്നു. എന്നാൽ ഈ സ്ഥിതി വിശേഷം ഇന്നു പാടേ മാറി. 2010-11-ൽ 1573.76 കോടി രൂപയാണ് ഉന്നത വിദ്യാഭ്യാസമേഖലയ്ക്ക് അനുവദിച്ച പദ്ധതിയിതര ഗ്രാന്റ്. ഇത് 2296.54 കോടി രൂപയായി ഉയർത്തുന്നു.

**119.** 2005-06-ൽ എല്ലാ സർവകലാശാലകൾക്കുമായി പദ്ധതിയിൽ വകയിരുത്തിയിരുന്നത് 51.23 കോടി രൂപയായിരുന്നു. 2010-11-ൽ ഇത് 129.08 കോടി രൂപയായി. ഇപ്പോഴിത് 144.75 കോടി രൂപയായി ഉയർത്തുന്നു. 2011-12-ൽ കേരള, എംജി, കോഴിക്കോട്, കണ്ണൂർ സർവകലാശാലകൾക്ക് 15 കോടി രൂപ വീതവും സംസ്കൃത സർവകലാശാലയ്ക്ക് 10 കോടി രൂപയും വകയിരുത്തുന്നു.

**120.** പുതുതായി വെറ്റിനറി സർവകലാശാല, ഫിഷറീസ് സർവകലാശാല, മെഡിക്കൽ സർവകലാശാല എന്നീ മൂന്നു സർവകലാശാലകൾ ആരംഭിക്കുകയുണ്ടായി. ഇവയ്ക്ക് 30 കോടി രൂപ വകയിരുത്തുന്നു. കാർഷിക സർവകലാശാലയുടെ പദ്ധതി വിഹിതമായി 45 കോടി രൂപ വകയിരുത്തുന്നു. കൊച്ചി സർവകലാശാലയ്ക്ക് 12 കോടി രൂപ വകയിരുത്തുന്നു.

**121.** സർവകലാശാലകളിലെ നിയമനനിരോധനം എടുത്തുമാറ്റി. അഫിലിയേറ്റഡ് കോളേജുകളിൽ 1708 തസ്തികകൾ സൃഷ്ടിച്ചു. സർവകലാശാലകളിൽ 317 തസ്തികകൾ സൃഷ്ടിച്ചു. 10 ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ ആരംഭിച്ചു. 2011-12-ൽ താഴെ പറയുന്ന 50 സർക്കാർ എയിഡഡ് കോളജുകളിൽ ഓരോ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതാണ്. സർക്കാർ കോളേജുകൾ- കാസർകോട്, മഞ്ചേശ്വരം, കണ്ണൂർ, മലപ്പുറം, പെരിന്തൽമണ്ണ, ചാലക്കുടി, കട്ടപ്പന, കോടഞ്ചേരി, മാനന്തവാടി, എളരിത്തട്ട്, പട്ടാമ്പി, കൊഴിഞ്ഞാമ്പാറ, മൊകേരി, മടപ്പള്ളി, പേരാമ്പ്ര, കൊയിലാണ്ടി, കൽപ്പറ്റ, ചിറ്റൂർ, അമ്പലപ്പുഴ, ചവറ, ആറ്റിങ്ങൽ, കോഴിക്കോട് ആർട്സ് ആൻഡ് സയൻസ് കോളേജ്, മഹാരാജാസ്, വിക്ടോറിയ, ബ്രണ്ണൻ, യൂണിവേഴ്സിറ്റി കോളേജുകൾ. എയിഡഡ് കോളേജുകൾ - വളാഞ്ചേരി, മമ്പാട്, പൊന്നാനി എംഇഎസ് കോളജുകൾ, ചെമ്പഴന്തി, കൊല്ലം, ചേർത്തല, കണ്ണൂർ, ചേലന്നൂർ എസ് എൻ കോളേജുകൾ, ചങ്ങനാശേരി, പാലക്കാട്, ഒറ്റപ്പാലം എൻഎസ്എസ് കോളേജുകൾ, സെന്റ് മൈക്കിൾസ്, സെന്റ് സേവിയേഴ്സ്, ഫാത്തിമ മാതാ നാഷണൽ കോളേജ്, സെന്റ് ജോസഫ് ആലപ്പുഴ, മാർ ഇവാനിയോസ്, മരിയൻ കോളേജ്, സെന്റ്ജോസഫ് ദേവഗിരി, മലബാർ ക്രിസ്ത്യൻ, എംഎസ്എം, ടികെഎം, കേരള വർമ്മ, തലയോലപ്പറമ്പ് ദേവസ്വം ബോർഡ്, ആൾ സെയിന്റ്സ് കോളേജുകൾ.

**122.** എഴുപതുകളുടെ ആദ്യപകുതിയിൽ അരഡസനിലേറെ ഉന്നത ഗവേഷണ വിദ്യാപീഠങ്ങൾ ശാസ്ത്രമേഖലകളിൽ സ്ഥാപിക്കപ്പെട്ടത് കേരളത്തിന്റെ വൈജ്ഞാനിക വികാസത്തിൽ നിർണായക സംഭവവികാസമായിരുന്നു. ഇതിനെക്കാളേറെ പ്രധാനപ്പെട്ടതാണ് സമീപകാലത്ത് കേന്ദ്ര സഹായത്തോടെ സംസ്ഥാനത്തു സ്ഥാപിച്ച സർവകലാശാലകളും പഠനഗവേഷണ കേന്ദ്രങ്ങളും. തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

സ്പെയ്സ് സയൻസ് ആൻഡ് ടെക്നോളജി (270 കോടി രൂപ), ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എജ്യൂക്കേഷൻ ആൻഡ് റിസേർച്ച് (500 കോടി രൂപ), കാസർകോട് സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള (720 കോടി രൂപ), തൃശൂരിലെ വേൾഡ് സെൻട്രൽ യൂണിവേഴ്സിറ്റി (720 കോടി രൂപ), സെന്റർ ഫോർ അലിഗർ മുസ്ലിം യൂണിവേഴ്സിറ്റി (500 കോടി രൂപ), വിതുരയിലെ നാഷണൽ സെന്റർ ഫോർ മോളിക്യുലാർ മെറ്റീരിയൽസ് (75 കോടി രൂപ) എന്നിവയാണ് ഇവ.

**123.** സർവകലാശാലാതലത്തിൽ മലയാള ഭാഷാപഠനത്തെയും ഗവേഷണത്തെയും പ്രോത്സാഹിപ്പിക്കുന്നതിന് 10 കോടി രൂപ വകയിരുത്തുന്നു. കേരള സർവകലാശാലയുമായി ബന്ധപ്പെട്ട് ഒരു ഇന്റർ യൂണിവേഴ്സിറ്റി സെന്റർ സ്ഥാപിക്കാനായിരിക്കും ഈ പണം ചെലവഴിക്കുക. മഹാത്മാഗാന്ധി സർവകലാശാലയിൽ ഡോ. കെ. എൻ. രാജ് സെന്റർ ഫോർ പബ്ലിക് ഫിനാൻസ് ആൻഡ് പ്ലാനിംഗ് സ്ഥാപിക്കുന്നതിനു 3 കോടി രൂപ വകയിരുത്തുന്നു. മുണ്ടശേരി സെന്റർ ഫോർ മാസ് കമ്മ്യൂണിക്കേഷനു കൊച്ചി സർവകലാശാലയ്ക്ക് മാച്ചിംഗ് ഗ്രാന്റായി 5 കോടി രൂപ വകയിരുത്തുന്നു. ചെമ്പഴന്തി ശ്രീ നാരായണ പഠന ഗവേഷണ കേന്ദ്രത്തിന് 50 ലക്ഷം രൂപ അനുവദിക്കുന്നു.

**124.** നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിനും നാലു ലാ കോളേജുകൾക്കും 6 കോടി രൂപ വകയിരുത്തുന്നു. കെസിഎച്ച്ആറിന് 3 കോടി രൂപയും ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾക്ക് 2 കോടി രൂപയും ഹയർ എജ്യൂക്കേഷൻ സെന്ററിന് 5 കോടി രൂപയും വകയിരുത്തുന്നു. എം ദാസൻ മെമ്മോറിയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി ലിമിറ്റഡിന് 2 കോടി രൂപ വകയിരുത്തുന്നു. പന്മന സംസ്കൃത സർവകലാശാല കാമ്പസിന് 1 കോടി രൂപ അനുവദിക്കുന്നു.

**125.** സെസ്, സിഡബ്ല്യുആർഡിഎം, കെഎഫ്ആർഐ, നാറ്റ്പാക്, ടിബിജിആർഐ, കെഎസ്എം എന്നീ ശാസ്ത്രഗവേഷണ സ്ഥാപനങ്ങൾക്ക് 22 കോടി രൂപ വകയിരുത്തുന്നു. സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ മറ്റു പ്രവർത്തനങ്ങൾക്ക് 24 കോടി രൂപ വകയിരുത്തുന്നു. കൗൺസിലിന്റെ ഇതുവരെയുള്ള പ്രവർത്തനാനുഭവത്തെയും കേരളത്തിലെ ശാസ്ത്രഗവേഷണ സ്ഥാപനങ്ങളുടെ നിലയെയും കുറിച്ച് ഏറ്റവും പ്രഗത്ഭരായ ശാസ്ത്രജ്ഞരുടെ ഒരു കമ്മിഷനെക്കൊണ്ട് പുനരവലോകനം നടത്തുന്നതാണ്. സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസിനു 3 കോടി രൂപയും ഐഎംജിയ്ക്കും സിഎംഡിയ്ക്കും 1 കോടി രൂപ വീതം വകയിരുത്തുന്നു. റീജണൽ കാൻസർ സെന്ററിന് 25 കോടി രൂപ അനുവദിക്കുന്നു. ശാസ്ത്രസാങ്കേതിക ഗവേഷണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്തുന്നതാണ്. ഇതിനായി ഓരോ സ്ഥാപനത്തിനും സ്വതന്ത്ര പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതാണ്. നിശ്ചിത തുകയ്ക്കപ്പുറം ബാധ്യത സർക്കാർ ഏറ്റെടുക്കുന്നതല്ല.

**126.** തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് കാമ്പസിനോടു ബന്ധപ്പെട്ട് സയൻസ് ആൻഡ് ടെക്നോളജി റിസർച്ച് പാർക്ക് സ്ഥാപിക്കുന്നതാണ്. ടെക്നോപാർക്ക് മാതൃകയിലുള്ള ഈ പാർക്കിൽ തിരുവനന്തപുരത്തും പ്രാന്തപ്രദേശത്തുമുള്ള ശാസ്ത്രഗവേഷണ സ്ഥാപനങ്ങളോടു ബന്ധപ്പെട്ട് ലബോറട്ടികളും മറ്റും സ്ഥാപിക്കുന്നതിന് സ്വകാര്യവ്യവസായികളെ പ്രോത്സാഹിപ്പിക്കുന്നതാണ്. ഇതിന് 10 കോടി രൂപ വകയിരുത്തുന്നു. കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജിന് 15 കോടിയുടെ പുതിയ സമുച്ചയം പണിയാൻ 5 കോടി രൂപ വകയിരുത്തുന്നു.

*സാംസ്ക്കാരിക സ്ഥാപനങ്ങൾ*

**127.** കലാ സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് 50 കോടി രൂപ വകയിരുത്തുന്നു. മ്യൂസിയങ്ങൾക്കും മൃഗശാലകൾക്കും 7.75 കോടി രൂപയും കലാമണ്ഡലത്തിന് 6 കോടി രൂപയും ചലച്ചിത്ര വികസന കോർപറേഷനും ചലച്ചിത്ര അക്കാദമിയ്ക്കും 2 കോടി രൂപ വീതവും സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി എന്നിവയ്ക്ക് 1.5 കോടി രൂപ വീതവും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ഫോക്‌ലോർ അക്കാദമി, ആറന്മുള വാസ്തുവിദ്യാ ഗുരുകുലം എന്നിവയ്ക്ക് 1 കോടി രൂപ വീതവും നീക്കിവെയ്ക്കുന്നു.

**128.** മലയാള സിനിമയെ പ്രോത്സാഹിപ്പിക്കുന്നതിന് ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിക്കുന്ന മലയാള സിനിമകൾക്ക് ചുരുങ്ങിയത് 5 ലക്ഷം രൂപയോ വിനോദനികുതിയുടെ 50 ശതമാനമോ സബ്സിഡിയായി നൽകുന്നതാണ്. പരമാവധി 25 ലക്ഷം രൂപയായിരിക്കും ഇപ്രകാരം സബ്സിഡിയായി നൽകുക. മറ്റു മലയാള ചിത്രങ്ങൾക്ക് ഇതിന്റെ പകുതിയാവും സബ്സിഡി നൽകുക. പുതുതായി പണിയുന്ന മൾട്ടിപ്ലക്സുകളെ ആദ്യത്തെ അഞ്ചുവർഷം വിനോദനികുതിയിൽ നിന്നും ഒഴിവാക്കും.

**129.** സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധിയിലേയ്ക്കു 2 കോടി രൂപ അനുവദിക്കുന്നു. ചിത്രാഞ്ജലി സ്റ്റുഡിയോ വളപ്പിൽ ഫിലിം സിറ്റി രൂപീകരിക്കാൻ 1 കോടി രൂപ വകയിരുത്തുന്നു. ഒറ്റപ്പാലത്ത് ചിത്രാഞ്ജലി സ്റ്റുഡിയോയുടെ അനുബന്ധ മിനി ഫിലിം സിറ്റി സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപ അനുവദിക്കുന്നു. അന്തർദ്ദേശീയ തീയേറ്റർ ഫെസ്റ്റിവെലിനും അന്തർദ്ദേശീയ ഫിലിം ഫെസ്റ്റിവെലിനും 50 ലക്ഷം രൂപ വീതം അനുവദിക്കുന്നു. സൂര്യ ഫെസ്റ്റിവെലിന് 25 ലക്ഷം രൂപ അനുവദിക്കുന്നു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിലുള്ള തിരുവനന്തപുരം

പുസ്തകോത്സവത്തിന് 25 ലക്ഷം രൂപ വകയിരുത്തുന്നു. കഴിഞ്ഞ അഞ്ചുവർഷം തുടർച്ചയായി നടന്നുവരുന്ന പ്രാദേശിക ഫിലിം ഫെസ്റ്റിവെലുകൾക്കും ഫിലിം ക്ലബുകൾക്കും ധനസഹായം നൽകുന്നതിന് ഫിലിം സൊസൈറ്റി ഫെഡറേഷന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

**130.** ഡിപ്പാർട്ടുമെന്റ് ഓഫ് ആർക്കിയോളജിയ്ക്ക് 2 കോടി രൂപ അനുവദിക്കുന്നു. കേരള സ്റ്റേറ്റ് ആർക്കൈവ്സിന് 2 കോടി രൂപ അനുവദിക്കുന്നു. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് 1 കോടി രൂപയും സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയ്ക്ക് 2 കോടി രൂപയും അനുവദിക്കുന്നു.

**131.** തിരുവനന്തപുരത്ത് ഉള്ളൂർ ഭവനം, തസ്രാക്കിലെ ഒ.വി. വിജയൻ മ്യൂസിയം എന്നിവയ്ക്ക് 50 ലക്ഷം രൂപ വീതം അനുവദിക്കുന്നു. പി. എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര, വള്ളത്തോൾ എഡ്യൂക്കേഷൻ ട്രസ്റ്റ്, എറണാകുളത്ത് പണ്ഡിറ്റ് കെ. പി. കറുപ്പൻ ജന്മശതാബ്ദി സ്മാരകം, മുണ്ടശേരി സ്മാരകം, കുറ്റിപ്പുഴ സ്മാരകം, കുഞ്ചൻ നമ്പ്യാർ സ്മാരകം, തകഴി സ്മാരകം, വയലാർ രാമവർമ്മ മെമ്മോറിയൽ ട്രസ്റ്റ്, എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ, കയ്യൂർ രക്തസാക്ഷി സ്മാരകം, തൃശൂർ എഎസ്എൻ സ്മാരക വാദ്യകലാപീഠം, എറണാകുളം ടി. കെ. രാമകൃഷ്ണൻ സ്മാരകം, കെപിഎസി കായംകുളം, തിരുവനന്തപുരം സംഗീതഭാരതി, ഇരിങ്ങോൾമന പുനരുദ്ധാരണം, ഇരിങ്ങോൾ കാവു സംരക്ഷണം എന്നിവയ്ക്ക് 20 ലക്ഷം രൂപ വീതം അനുവദിക്കുന്നു.

**132.** തിരുവനന്തപുരത്ത് സി. വി. രാമൻപിള്ള പ്രതിമ, ഉണ്ണായിവാര്യർ സ്മാരക കലാനിലയം, കരകുളം ഗ്രാമീണ പഠന കേന്ദ്രം, കാഞ്ഞങ്ങാട് കെ. മാധവൻ ഫൗണ്ടേഷൻ, പന്മന ആശ്രമം, കോവളം കവികൾ, മുണ്ടശേരി ഫൗണ്ടേഷൻ, ഓയൂർ കൊച്ചുഗോവിന്ദപ്പിള്ള ആശാൻ സ്മാരകം, ചേർത്തലയിലെ

ഇട്ടി അച്യുതൻ വൈദ്യർ സ്മാരകം, തലയ്ക്കൽ ചന്തു സ്മാരക അമ്പെയ്ത്തു മത്സരം, കലൂരിലെ വൈലോപ്പിള്ളി സ്മാരകം, തിരുവനന്തപുരം നിരീക്ഷ സ്ത്രീനാടക സംഘം, കിളിമാനൂർ രാജാരവിവർമ്മ സ്മാരകം, കടപ്പാക്കടയിൽ വി. ഗംഗാധരൻ പ്രതിമ എന്നിവയ്ക്ക് 10 ലക്ഷം രൂപ വീതം അനുവദിക്കുന്നു.

**133.** മാപ്പിള കല, സാഹിത്യം, സംസ്ക്കാരം എന്നിവയ്ക്കു നൽകുന്ന മോയിൻകുട്ടി വൈദ്യർ സ്മാരക അവാർഡ് ഏർപ്പെടുത്തും. മോയിൻകുട്ടി വൈദ്യർ സ്മാരകത്തിന് 20 ലക്ഷം രൂപ വകയിരുത്തുന്നു.

**134.** തൃശൂരിലെ ബ്രഹ്മസ്വം മഠം വേദപാഠശാലയുടെ കെട്ടിട പുനരുദ്ധാരണത്തിനായി 1 കോടി രൂപ വകയിരുത്തുന്നു. വെങ്ങാനൂരിലെ അയ്യങ്കാളി സ്മാരക സ്ക്കൂളിന്റെ പുനരുദ്ധാരണത്തിന് 1 കോടി രൂപ വകയിരുത്തുന്നു.

**135.** പത്രപ്രവർത്തകർക്കുള്ള പെൻഷൻ 2500 രൂപ 4000 രൂപയായി ഉയർത്തുന്നു. ഭവനസബ്സിഡിയായ 50,000 രൂപ വീടു വാങ്ങുന്നവർക്കും ലഭ്യമാക്കും. ആരോഗ്യ ഇൻഷ്വറൻസിനു വേണ്ടി 40 ലക്ഷം രൂപ വകയിരുത്തുന്നു. കേസരി ഡിജിറ്റൽ പത്ര ആർക്കൈവ്സിനുവേണ്ടി 15 ലക്ഷം രൂപയും മലപ്പുറം പ്രസ് ക്ലബിന് 15 ലക്ഷം രൂപയും ഡൽഹിയിലെ പ്രസ് ക്ലബ് ഓഫ് ഇന്ത്യയുടെ നവീകരണത്തിന് 25 ലക്ഷം രൂപയും വകയിരുത്തുന്നു.

### *സ്പോർട്ട്സ്*

**136.** 35-ാം ദേശീയ ഗെയിംസ് ആതിഥേയത്വം കേരളത്തിലെ സ്പോർട്ട്സ് സൗകര്യങ്ങളുടെ വികസനത്തിന് ഒരവസരമാക്കി മാറ്റാനാണ് നാം ശ്രമിക്കുന്നത്. മൊത്തം 500 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്കുള്ള പരിപാടി തയ്യാറാക്കിയിട്ടുണ്ട്. ആന്വിറ്റി അടിസ്ഥാനത്തിൽ 290 കോടി രൂപ മുടക്കി കാര്യവട്ടം, വട്ടിയൂർക്കാവ്, കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ

സ്റ്റേഡിയങ്ങളുടെ നവീകരണമാണ് ഇവയിലേറ്റവും പ്രധാനം. മറ്റ് അനുബന്ധ സ്റ്റേഡിയങ്ങൾക്ക് 200 കോടി രൂപ ചെലവു വരും. 2011-12-ലേയ്ക്ക് ഇപ്പോൾ 120 കോടി രൂപ വകയിരുത്തുന്നു. നെടുങ്കണ്ടം, തലശേരി, കോതമംഗലം, മൂവാറ്റുപുഴ, ആലപ്പുഴ, കുന്നംകുളം എന്നിവിടങ്ങളിലെ സ്റ്റേഡിയങ്ങൾ പൂർത്തീകരിക്കാൻ 10 കോടി രൂപ വകയിരുത്തുന്നു. നീലേശ്വരത്ത് ഇഎംഎസ് മെമ്മോറിയൽ സ്റ്റേഡിയത്തിനും മാളയിൽ കരുണാകരൻ മെമ്മോറിയൽ സ്റ്റേഡിയത്തിനും ഓരോ കോടി രൂപ വീതം വകയിരുത്തുന്നു. പാലക്കാട് ഇൻഡോർ സ്റ്റേഡിയത്തിനും സ്വിമ്മിംഗ് കോംപ്ലക്സിനും 3 കോടി രൂപ വകയിരുത്തുന്നു. മീനങ്ങാടി, കിളിമാനൂർ, പുല്ലൂരാൻപാറ മത്തായി ചാക്കോ സ്പോർട്ട്സ് കോംപ്ലക്സ് മിനി സ്റ്റേഡിയങ്ങൾക്കായി 2 കോടി രൂപ വകയിരുത്തുന്നു.

**137.** സ്പോർട്ട്സ് കൗൺസിലിനു 12 കോടി രൂപ വകയിരുത്തുന്നു. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് 8 കോടി രൂപ വകയിരുത്തുന്നു.

**138.** സർക്കസ് കലാകാരന്മാരുടെ പെൻഷൻ 500 രൂപയിൽനിന്ന് 750 രൂപയായി ഉയർത്തുന്നു.

**139.** മലപ്പുറം ജില്ലാ സ്പോർട്ട്സ് കോംപ്ലക്സ് ആൻഡ് ഫുട്ബോൾ അക്കാദമിയ്ക്ക് സംസ്ഥാന സർക്കാർ 1 കോടി രൂപ അനുവദിച്ചിരുന്നു. ഇതിന്റെ ഒന്നാംഘട്ടം പൂർത്തീകരിക്കാനായി 1 കോടി രൂപകൂടി അധികമായി അനുവദിക്കുന്നു. മേഴ്സിക്കുട്ടൻ അത്‌ലറ്റിക് അക്കാദമിയ്ക്ക് 25 ലക്ഷം രൂപ അനുവദിക്കുന്നു. കഞ്ഞിക്കുഴിയിൽ പ്രോഗ്രസീവ് ക്ലബിന്റെ ആഭിമുഖ്യത്തിൽ കലവൂർ ഗോപിനാഥ് വോളിബാൾ അക്കാദമി സ്ഥാപിക്കാൻ 25 ലക്ഷം രൂപ വകയിരുത്തുന്നു.

# XIII
## ആരോഗ്യം

**140.** പൊതുവിദ്യാഭ്യാസത്തിലെന്നപോലെ പൊതു ആരോഗ്യ മേഖലയിലും ഗുണപരമായ മാറ്റം അനുഭവവേദ്യമാണ്. ആശുപത്രി അപ്ഗ്രഡേഷന്റെ ഫലമായി സിഎച്ച്സികളുടെ എണ്ണം 114-ൽ നിന്നും 236 ആയി ഉയർന്നിട്ടുണ്ട്. ഡോക്ടർമാർക്കു സ്പെഷ്യാലിറ്റി കേഡർ സൃഷ്ടിക്കുകയും മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ സ്വകാര്യ ചികിത്സ നിരോധിക്കുകയും ചെയ്തു. മെഡിക്കൽ സർവീസസ് കോർപറേഷന്റെ രൂപീകരണത്തോടെ അവശ്യമരുന്നുകളുടെ ദൗർലഭ്യം ഇല്ലാതായി. കഴിഞ്ഞ വർഷം ആശുപത്രി വികസന സമിതികൾക്ക് നവംബർ 30 വരെ 28 കോടി രൂപ ഇൻഷ്വറൻസിൽ നിന്നു ലഭ്യമായി.

**141.** ആരോഗ്യമേഖലയ്ക്കു മൊത്തത്തിൽ 252 കോടി രൂപ വകയിരുത്തുന്നു. ഇതിനുപുറമെ ഏതാണ്ട് 508 കോടി രൂപ ദേശീയ ആരോഗ്യ മിഷനിൽ നിന്നു പ്രതീക്ഷിക്കാം. സംസ്ഥാന ലബോറട്ടറികളിലെയും ജില്ലാ താലൂക്ക് ആശുപത്രികളിലെയും ഡയഗ്നോസ്റ്റിക് സൗകര്യം വർദ്ധിപ്പിക്കുന്നതിന് 18 കോടി രൂപ വകയിരുത്തുന്നു. പൊതു ആരോഗ്യ സ്ഥാപനങ്ങളുടെ അപ്ഗ്രഡേഷനും സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 48 കോടി രൂപ വകയിരുത്തുന്നു.

**142.** അഞ്ചു മെഡിക്കൽ കോളേജുകൾക്കും കണ്ണാശുപത്രിയ്ക്കും ഫാർമസ്യൂട്ടിക്കൽ കോളജിനുമായി 52 കോടി രൂപ വകയിരുത്തുന്നു. ദന്തൽ കോളജുകൾക്ക് 3.9 കോടി രൂപയും നഴ്സിംഗ് കോളജുകൾക്ക് 6.7 കോടി രൂപയും വകയിരുത്തുന്നു. മലബാർ കാൻസർ സെന്ററിന് പ്രത്യേക ധനസഹായമായി 12 കോടി രൂപ അനുവദിക്കുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളജിൽ നിയോനേറ്റോളജി ഇന്റൻസീവ് കെയർ യൂണിറ്റും പുതിയ മോർച്ചറിയും സ്ഥാപിക്കുന്നതാണ്. കോഴിക്കോട്, കോട്ടയം, തൃശൂർ മെഡിക്കൽ കോളജുകളിൽ പുതിയ എംആർഐ സ്കാനറുകളും സ്ഥാപിക്കും. ഡയബെറ്റിക് ഇൻസ്റ്റിറ്റ്യൂട്ടിനെ വയോജന പഠനകേന്ദ്രമായി വികസിപ്പിക്കുന്നതിന് 6 കോടി രൂപ വകയിരുത്തുന്നു.

**143.** മെഡിക്കൽ കോളജുകളിൽ റെസിഡന്റ്സിന്റെ പ്രതിമാസ സ്റ്റൈപ്പൻഡ് 1-1-2011 മുതൽ മുൻകാലപ്രാബല്യത്തോടെ വർദ്ധിപ്പിക്കുന്നു. ജൂനിയർ റെസിഡന്റ്സിന്റെ സ്റ്റൈപ്പൻഡ് ഒന്നാം വർഷം 23,000 രൂപയായും രണ്ടാം വർഷം 24,000 രൂപയായും മൂന്നാം വർഷം 25,000 രൂപയായും ഉയർത്തുന്നു. സീനിയർ റെസിഡന്റ്സിന്റേത് ഒന്നാം വർഷം 28,000 രൂപയായും രണ്ടാം വർഷം 29,000 രൂപയായും മൂന്നാം വർഷം 30,000 രൂപയായും വർദ്ധിപ്പിക്കുന്നു. ദന്തൽ, ആയുർവേദം, ഹോമിയോ വിഭാഗങ്ങളിലെ റെസിഡന്റ്സിനും ഇതനുസരിച്ചുള്ള വർദ്ധന വരുത്തുന്നതാണ്.

**144.** ജനറൽ നെഴ്സിംഗ് ആൻഡ് മിഡ് വൈഫറി വിദ്യാർത്ഥികൾക്കുള്ള പ്രതിമാസ സ്റ്റൈപ്പൻഡ് 300 രൂപയിൽ നിന്ന് 700 രൂപയാക്കി വർദ്ധിപ്പിക്കുന്നു.

**145.** ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ ജില്ലാ മെഡിബാങ്കിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് 20 ലക്ഷം രൂപ അനുവദിക്കുന്നു. ആലപ്പുഴയിൽ ടി. വി. തോമസ് സ്മാരക സഹകരണ ആശുപത്രി സ്ഥാപിക്കുന്നതിന് 1 കോടി രൂപ വകയിരുത്തുന്നു.

**146.** ആയുർവേദത്തിന് 27 കോടി രൂപയും ഹോമിയോപ്പതിയ്ക്ക് 25 കോടി രൂപയും വകയിരുത്തുന്നു. ജില്ലാ താലൂക്ക് ആയുർവേദ ആശുപത്രികളിൽ വയോജനങ്ങൾക്കായുള്ള പ്രത്യേക വാർഡുകൾ ആരംഭിക്കുന്നതാണ്. ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്,

മലപ്പുറം ജില്ലാ ആയുർവേദ ആശുപത്രികളിലെ കിടക്കകളുടെ എണ്ണം 50-ൽ നിന്ന് 100 ആയി ഉയർത്തുന്നതാണ്. എല്ലാ ജില്ലാ ആശുപത്രികളിലും പഞ്ചകർമ്മ അല്ലെങ്കിൽ ക്ഷാരസൂത്ര സൗകര്യം ഏർപ്പെടുത്തുന്നതാണ്. ഔഷധിയ്ക്ക് 4 കോടി രൂപ വകയിരുത്തുന്നു. ആയുർവേദ, ഹോമിയോ വിഭാഗങ്ങൾക്കുളള അടങ്കലിന്റെ പകുതിത്തുക മെഡിക്കൽ വിദ്യാഭ്യാസത്തിനു വേണ്ടിയുളളതാണ്. 2 കോടി രൂപ കോട്ടയ്ക്കൽ ആയുർവേദ പഠന ഗവേഷണ കേന്ദ്രത്തിന് അനുവദിക്കുന്നു. ഹോംകോയ്ക്കു 4 കോടി രൂപ അനുവദിക്കുന്നു.

**147.** വിശപ്പില്ലാ നഗര പദ്ധതിയ്ക്ക് 2 കോടി രൂപ വകയിരുത്തുന്നു.

**148.** തിരുവനന്തപുരം ഐക്കോണിനു 3 കോടി രൂപയും നിഷിനു 4 കോടി രൂപയും പ്രത്യേകമായി വകയിരുത്തുന്നു.

***കുടിവെള്ളം***

**149.** എല്ലാ വീട്ടിലും ശുദ്ധജലം എന്ന ലക്ഷ്യത്തിലേയ്ക്ക് നാം അടുത്തുകൊണ്ടിരിക്കുകയാണ്. 2001-06 കാലയളവിൽ പൂർത്തീകരിച്ച പദ്ധതികളിലായി 25 ലക്ഷം പേർക്കാണ് കുടിവെളളം ലഭ്യമാക്കിയത്. എന്നാൽ 2006-11 കാലത്ത് പൂർത്തീകരിക്കുന്ന 327 കുടിവെളള പദ്ധതികളിൽ നിന്നായി 59 ലക്ഷം പേർക്ക് കുടിവെള്ളം ലഭ്യമാകും. പുതിയ കുടിവെള്ള പദ്ധതികൾക്കും പഴയ പദ്ധതികളുടെ നവീകരണത്തിനുമായി 2761 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ദശാബ്ദങ്ങളായി മുടങ്ങിക്കിടന്ന എൽഐസി പദ്ധതികളുടെ പൂർത്തീകരണം, നബാർഡ് സഹായത്തോടെ സ്പാൻ പദ്ധതി, ഉത്തേജക പാക്കേജിന്റെ ഭാഗമായുള്ള സാർക്ക്, നിലവിലുള്ള നഗരപദ്ധതികളുടെ നവീകരണം തുടങ്ങിയവ ഇതിൽപെടും.

**150.** 964 കോടി രൂപയാണ് കുടിവെള്ള ശുചിത്വ പരിപാടികൾക്കായി വകയിരുത്തിയിട്ടുള്ളത്. 2011-12ൽ ജപ്പാൻ കുടിവെള്ള പദ്ധതികളിൽ മുഖ്യമായും ബാക്കിയുണ്ടാവുക തിരുവനന്തപുരം, കോഴിക്കോട് സ്ക്കീമുകളാണ്. ഇവയ്ക്കായി 500 കോടി രൂപ വകയിരുത്തുന്നു. 1000 കോടി രൂപയുടെ പുതിയ ജലനിധി പ്രോജക്ടിൽ നിന്ന് 2011-12-ൽ 112 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പാക്കേജിൽ 400 ഗ്രാമപഞ്ചായത്തുകളിലായി 9650 ചെറുകിട സ്കീമുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള സ്ക്കീമുകളുടെ പഴയ പൈപ്പുകൾ മാറ്റുന്നതിനും മറ്റുമായി 20 കോടിയോളം രൂപ വകയിരുത്തുന്നു. കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ പ്രഖ്യാപിച്ച സ്പാൻ, സാർക്ക് തുടങ്ങിയ പാക്കേജുകളിലെ സ്ക്കീമുകൾക്കുവേണ്ടി 100 കോടി രൂപ വകയിരുത്തുന്നു.

**151.** 2011-12-ൽ ആരംഭിക്കുന്ന പാറശാല, കുമരകം എന്നീ പുതിയ പദ്ധതികൾക്ക് 60 കോടി രൂപ വകയിരുത്തുന്നു. എരുമേലിയിലെയും ശബരിമലയിലെയും കുടിവെള്ള പദ്ധതികൾക്ക് 8.5 കോടി രൂപ വകയിരുത്തുന്നു. ഗ്രാമീണ ശുചിത്വ പരിപാടികൾക്കായി കേന്ദ്രവിഹിതമടക്കം 40 കോടി രൂപയാണ് ഈ വർഷത്തെ അടങ്കൽ.

## XIV

## തദ്ദേശ സ്വയംഭരണം

*നാലാം ധനകാര്യ കമ്മിഷൻ*

**152.** നാലാം സംസ്ഥാന ധനകാര്യ കമ്മിഷൻ കേരളത്തിലെ അധികാര വികേന്ദ്രീകരണ നടപടികളുടെ ചരിത്രത്തിൽ നാഴികക്കല്ലായി മാറുകയാണ്. കഴിഞ്ഞ ധനകാര്യ കമ്മിഷൻ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റിൽ വരുത്തിയ വെട്ടിക്കുറവുകൾ പൂർണമായും പുനഃസ്ഥാപിച്ചു. ഇതിന്റെ ഫലമായി വിസ്മയകരമായ തോതിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾ വർദ്ധിക്കുന്നത്.

**153.** സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് 2010-11-ൽ 2049 കോടി രൂപയായിരുന്നത് ഞാൻ 2750 കോടി രൂപയായി ഉയർത്തുന്നു. കമ്മിഷൻ റിപ്പോർട്ട് സമർപ്പിക്കുന്നതിനു മുമ്പ് പദ്ധതിയ്ക്കു രൂപം നൽകിക്കഴിഞ്ഞിരുന്നതിനാൽ 2574 കോടി രൂപയേ പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളൂ. 176 കോടി രൂപ കൂടി അധികമായി അനുവദിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ജനറൽ പർപ്പസ് ഗ്രാന്റ് 2010-11-ൽ 439 കോടി രൂപയായിരുന്നത് 617 കോടി രൂപയായി ഉയർത്തുന്നു. മെയിന്റനൻസ് ഗ്രാന്റ് 512 കോടിയിൽ നിന്ന് 793 കോടിയായി ഉയർത്തുന്നു. മൊത്തം ഗ്രാന്റ് 3000 കോടി രൂപയിൽ നിന്ന് 4160 കോടി രൂപയായി ഉയരും. 39 ശതമാനമാണ് വർദ്ധന. ധനവിന്യാസം സംബന്ധിച്ച കമ്മിഷന്റെ നിർദ്ദേശങ്ങൾ യാതൊരു ഭേദഗതിയുമില്ലാതെ സർക്കാർ അംഗീകരിക്കുന്നു.

**154.** ഇത്രയേറെ പണം ഫലപ്രദമായി ചെലവഴിക്കാനുള്ള ഉദ്യോഗസ്ഥ സംവിധാനം കൂടിയേ തീരൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വർദ്ധിച്ച പൊതുമരാമത്തു ചുമതലകൾ കണക്കിലെടുത്ത് ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എല്ലാ ബ്ലോക്കിലും മുനിസിപ്പാലിറ്റിയിലും ഉറപ്പുവരുത്താൻ 85 തസ്തികകൾ അനുവദിക്കുന്നു.

***ഗ്രാമവികസനം***

**155.** പൂർണമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ഗ്രാമവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ. പുതുതായി ആരംഭിക്കുന്ന നാഷണൽ റൂറൽ ലൈവ്ലിഹുഡ് മിഷന്

8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സ്കീം പൂർണമായും കുടുംബശ്രീയുമായി സംയോജിപ്പിച്ചായിരിക്കും നടപ്പാക്കുക. കുടുംബശ്രീ ആയിരിക്കും നോഡൽ ഏജൻസി. കുടുംബശ്രീയുടെ പ്രവർത്തനം വിലയിരുത്തിയാണ് നിലവിലുണ്ടായിരുന്ന എസ്ജിഎസ്വൈ സ്കീം എൻആർഎൽഎം ആയി പരിഷ്കരിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചത് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

**156.** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി ഏറ്റവും മാതൃകാപരമായി നടപ്പിലാക്കുന്നത് കേരളമാണെന്ന് ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ദേശീയ മാനദണ്ഡങ്ങൾ പദ്ധതിയുടെ വ്യാപനത്തിനു തടസങ്ങളേറെ സൃഷ്ടിക്കുന്നുണ്ടെങ്കിലും 2010-11-ൽ 750 കോടി രൂപയെങ്കിലും ഈ സ്കീം പ്രകാരം ചെലവഴിക്കപ്പെടുമെന്നു കരുതുന്നു. നാളികേരം, റബ്ബർ തുടങ്ങിയ വിളകളുടെ റീ പ്ലാന്റിംഗും തൊണ്ടുശേഖരണവും സ്കീമിൽ ഉൾപ്പെടുത്തണം എന്നുളള നമ്മുടെ ആവശ്യം ഇതുവരെ അംഗീകരിക്കപ്പെട്ടിട്ടില്ല.

**157.** പിഎംജിഎസ്വൈ പദ്ധതിപ്രകാരം ടെൻഡർ എക്സസ് തുടങ്ങി മറ്റുചെലവുകളൊന്നും കേന്ദ്രസർക്കാർ വഹിക്കുന്നതല്ല. ഇത് പദ്ധതി നടത്തിപ്പിനു തടസം സൃഷ്ടിക്കുന്നുണ്ട്. അതിനാൽ ഈ ആവശ്യത്തിനു 13 കോടി രൂപ വകയിരുത്തുന്നു. ഹരിയാലി പദ്ധതിയുടെ സംസ്ഥാനവിഹിതമായി 8 കോടി രൂപയും ശുചിത്വമിഷന് 9 കോടി രൂപയും ഉൾക്കൊളളിച്ചിട്ടുണ്ട്. പുതിയ ബ്ലോക്കു പഞ്ചായത്തുകൾക്ക് കെട്ടിടങ്ങൾ പണിയുന്നതിനും മറ്റും 4 കോടി രൂപ അനുവദിക്കുന്നു.

**158.** 219 കോടി രൂപയുടെ അട്ടപ്പാടി പദ്ധതി വിജയകരമായി പൂർത്തീകരിച്ചു. 12,000 ഹെക്ടർ വനത്തിന്റെ പുനരുജ്ജീവനവും ഇതടക്കം 17,000 ഹെക്ടർ ഭൂമിയിലെ നീർത്തടവികസന പരിപാടിയുമാണ് മുഖ്യനേട്ടം. ആദിവാസികൾക്കുവേണ്ടി 1500

വീടുകൾ പൂർത്തീകരിച്ചു. അഹാഡ്സിൽ പ്രവൃത്തിയെടുത്തുവന്ന നല്ലപങ്ക് ആളുകളെ സാമൂഹ്യവനവത്കരണത്തിലും മറ്റുമായി ഉപയോഗപ്പെടുത്തുന്നതിന് ധാരണയായിട്ടുണ്ട്. പദ്ധതിയുടെ തുടർനടത്തിപ്പിന് 8 കോടി രൂപ വകയിരുത്തുന്നു. ഇതേ മാതൃകയിൽ വയനാടു ജില്ലയ്ക്കു വേണ്ടി വിപുലമായ പ്രോജക്ട് 2011-ൽ ആരംഭിക്കും.

**159.** പാലക്കാട്, വയനാട് ജില്ലകളിലെ സ്കീമുകൾക്കു വേണ്ടി ബാക്ക്‌വേഡ് റീജിയൻ ഗ്രാന്റ് ഫണ്ടിൽ നിന്ന് 34 കോടി രൂപ വകയിരുത്തുന്നു.

**160.** ഇൻഫർമേഷൻ കേരള മിഷന് 4.5 കോടി രൂപയും കിലയ്ക്ക് 6 കോടി രൂപയും വകയിരുത്തുന്നു.

*നഗരവികസനം*

**161.** അതിവേഗത്തിലുള്ള നഗരവത്കരണത്തിന്റെ പ്രശ്നങ്ങൾ വേണ്ടവിധം കൈകാര്യം ചെയ്യാൻ ഇനിയും നമുക്കു കഴിഞ്ഞിട്ടില്ല. നഗരപ്രദേശങ്ങൾ കേരളത്തിന്റെ വിസ്തൃതിയുടെ 6 ശതമാനമേ വരികയുള്ളൂവെങ്കിലും മൊത്തം ജനസംഖ്യയുടെ 26 ശതമാനം ഇവിടെയാണ് പാർക്കുന്നത്. മൊത്തം ഉൽപാദനത്തിന്റെ 50 ശതമാനത്തിലേറെ ഈ മേഖലയിലാണ്. ഈ സ്ഥിതിവിശേഷം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനു നഗരാസൂത്രണം ശക്തിപ്പെടുത്തണം. മുൻസിപ്പാലിറ്റികൾക്കും കോർപറേഷനുകൾക്കും 489 കോടി രൂപ വികസന ഫണ്ടായും 139 കോടി രൂപ ജനറൽ പർപസ് ഗ്രാന്റായും വകയിരുത്തുന്നു. ജവഹർലാൽ നെഹ്രു അർബൻ റിന്യൂവൽ മിഷന് 175 കോടി രൂപയും നഗര സുസ്ഥിര പദ്ധതിയ്ക്ക് 105 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. യുഡിസ്മാറ്റിൽ നിന്ന് 70 കോടി രൂപയാണ് ഈ വർഷം ലഭിക്കുക. ചേരിവികസനത്തിനും നഗരദരിദ്രർക്കും വേണ്ടിയുള്ള പ്രത്യേക പരിപാടിയിൽ 176 കോടി രൂപ

വകയിരുത്തിയിട്ടുണ്ട്. തലസ്ഥാന നഗരവികസന പദ്ധതിയ്ക്ക് 10.5 കോടി രൂപ വകയിരുത്തുന്നു. ഈ പദ്ധതികളുടെ നടത്തിപ്പ് സമയബന്ധിതമായി നീങ്ങിയിട്ടില്ല എന്ന പോരായ്മയുണ്ട്. ഇതുവരെയുള്ള അനുഭവങ്ങൾ പരിശോധിച്ച് ഒരു തിരുത്തൽ പരിപാടിയ്ക്കു രൂപം നൽകിയിട്ടുണ്ട്.

***കുടുംബശ്രീ***

**162.** മൈക്രോ ഫിനാൻസ് കമ്പനികളുടെ തീവെട്ടിക്കൊള്ളയുടെ ഫലമായി ആന്ധ്രയിലും മറ്റും ആത്മഹത്യകളടക്കമുള്ള ദുരന്തങ്ങൾ സൃഷ്ടിക്കപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ കുടുംബശ്രീ മാതൃകയുടെ ദേശീയപ്രസക്തി വർദ്ധിച്ചിരിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ സാമുദായിക, പാർട്ടി പരിഗണനകൾക്ക് അതീതമായി അടിസ്ഥാന സാമൂഹ്യഘടകം എന്ന നിലയിലാണ് കുടുംബശ്രീ പ്രവർത്തിക്കുന്നത്. ലഘുസമ്പാദ്യ വായ്പകളും സൂക്ഷ്മ തൊഴിൽസംരംഭങ്ങളും മാത്രമല്ല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാരുകളുടെയും നാനാവിധ ദാരിദ്ര്യനിർമ്മാർജന പരിപാടികളുടെ നോഡൽ ഏജൻസിയായും കുടുംബശ്രീ പ്രവർത്തിക്കുന്നു.

**163.** കുടുംബശ്രീ രൂപീകരിച്ചതിനു ശേഷം 2008-09 വരെ ആകെ 50 കോടി രൂപയാണ് ചെലവിട്ടത്. 2009-10-ൽ മാത്രം 121 കോടി രൂപ ചെലവഴിച്ചു. 2010-11-ലും 100 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു. കുടുംബശ്രീയുടെ അടങ്കൽ 50 കോടി രൂപയിൽ നിന്ന് 100 കോടി രൂപയായി വർദ്ധിപ്പിക്കുന്നു. നാലു ശതമാനം പലിശയ്ക്ക് ബാങ്ക് വായ്പ ഉറപ്പുവരുത്തുന്നതിനുള്ള പലിശ സബ്സിഡി, ഭവനശ്രീയുടെ തിരിച്ചടവ് ഗഡു എന്നിവ ഉൾപ്പെടെയാണ് ഈ തുക. ഇതിനു പുറമെ നഗരമേഖലയിൽ സംയോജിത ചേരിവികസന ഭവനപരിപാടി, നഗരത്തിലെ പാവപ്പെട്ടവർക്കുള്ള അടിസ്ഥാന സേവനങ്ങൾ തുടങ്ങിയ സ്ക്കീമുകൾക്കുള്ള 151 കോടി രൂപയും കുടുംബശ്രീയ്ക്കാണ് വകയിരുത്തിയിട്ടുള്ളത്. നേരത്തെ സൂചിപ്പിച്ചതു പോലെ എൻആർഎൽഎം-ന്റെ നടത്തിപ്പും കുടുംബശ്രീ വഴിയായിരിക്കും.

# XV

# പൊതുഭരണം

*സഹകരണം*

**164.** സംസ്ഥാനത്തിന്റെ വികസനത്തിൽ സഹകരണ മേഖല നിർണായക പങ്കുവഹിക്കുന്നു. 2005-06-ൽ സഹകരണ നിക്ഷേപം 6500 കോടി രൂപയായിരുന്നത് 2010-11-ൽ 20,000 കോടി രൂപയിലേറെയായി. വിഭവപരിമിതി മറികടക്കാൻ സഹകരണ മേഖല എങ്ങനെ സഹായകരമാകുമെന്ന് മനസിലാക്കാൻ ഇഎംഎസ് പാർപ്പിട പദ്ധതി ഒന്നുമാത്രം മതി. സഹകരണ മേഖലയ്ക്ക് 43 കോടി രൂപ വകയിരുത്തുന്നു. സഹകരണ മെഡിക്കൽ കോളജുകൾക്ക് 10 കോടി രൂപ വീതം പ്രത്യേകമായി അനുവദിക്കുന്നു.

**165.** ഈ സർക്കാർ നിലവിൽ വരുമ്പോൾ സഹകരണമേഖലയ്ക്കുള്ള എൻസിഡിസി സഹായത്തിനു മൊറട്ടോറിയമായിരുന്നു. ഇന്ന് എൻസിഡിസി വായ്പകൾ പുനരാരംഭിച്ചിട്ടുണ്ട്. എന്നാൽ ദൗർഭാഗ്യവശാൽ എൻസിഡിസി വായ്പ തിരിച്ചടയ്ക്കുന്ന പതിവ് സഹകരണ മേഖലയ്ക്കില്ല. തന്മൂലം ഇതിന്റെ പൂർണ ബാധ്യത സർക്കാരിന് ഏറ്റെടുക്കേണ്ടിവരുന്നു. 2010-11-ൽ എൻസിഡിസിയുടെ തിരിച്ചടവായി സംസ്ഥാന സർക്കാർ 45 കോടി രൂപ ചെലവഴിക്കുകയുണ്ടായി.

**166.** സഞ്ചിതനഷ്ടവും 2006-നു മുമ്പ് നൽകിയ വിവേചനരഹിതമായ വായ്പകൾ നിഷ്ക്രിയ ആസ്തികളായി മാറിയതുമൂലവും സംസ്ഥാന സഹകരണ ബാങ്ക് അതീവഗൗരവമായ പ്രതിസന്ധിയിലാണ്. നബാർഡ് റീ ഫിനാൻസ് നിർത്തിവെച്ചു. ഇത് കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കും. അതുകൊണ്ട് നബാർഡ് വായ്പ പുനഃസ്ഥാപിക്കാൻ ഒരു പാക്കേജ് നടപ്പിലാക്കുന്നതാണ്. ഇതിന്റെ ഭാഗമായി 150 കോടി രൂപ ഉപധനാഭ്യർത്ഥനകളിൽ

വകയിരുത്തിയിട്ടുണ്ട്. ഈ മാസം തന്നെ സ്ഥിതിഗതികൾ സാധാരണഗതിയിലാകും.

**167.** വെള്ളക്കക്ക സഹകരണ സംഘങ്ങൾക്ക് 25 ലക്ഷം രൂപ അനുവദിക്കുന്നു.

***കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപറേഷൻ***

**168.** സംസ്ഥാനത്തെ ഗതാഗതത്തിൽ കെഎസ്ആർടിസിയുടെ വിഹിതം 13-ൽ നിന്ന് 27 ശതമാനമായി ഉയർന്നു. 2547 ബസുകളും 1188 ഷെഡ്യൂളുകളും പുതുതായി ആരംഭിച്ചു. കോഴിക്കോട്, തിരുവനന്തപുരം ബസ്സ്റ്റാൻഡ്-കം-ഷോപ്പിംഗ് കോംപ്ലക്സുകളുടെ പണി ദ്രുതഗതിയിൽ നടക്കുന്നു. തിരുവനന്തപുരത്തെ അന്തർ സംസ്ഥാന ബസ് ടെർമിനൽ, മലപ്പുറം, കരുനാഗപ്പള്ളി, നെടുമങ്ങാട്, തൊടുപുഴ, പാലക്കാട് എന്നിവിടങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സും വടക്കാഞ്ചേരിയിൽ ഗാരേജും പണിയുന്നതാണ്. കാഞ്ഞങ്ങാട് സബ് ഡിപ്പോയും തിരുവമ്പാടി, റാന്നി, ചേലക്കര, ഇരിട്ടി എന്നിവിടങ്ങളിൽ ഓപ്പറേറ്റിംഗ് സെന്ററും തുടങ്ങുന്നതാണ്. 2011-12-ൽ 1000 പുതിയ ബസുകൾ നിരത്തിലിറക്കും.

**169.** കെഎസ്ആർടിസിയുടെ മുഖ്യപ്രശ്നം ഭീമമായ കടഭാരമാണ്. പലിശയിനത്തിൽതന്നെ പ്രതിമാസം 25 കോടിയോളം രൂപ നൽകേണ്ടി വരുന്നു. പ്രതിമാസ നഷ്ടവും അത്രതന്നെ വരും. കെഎസ്ആർടിസിയുടെ വിനിയോഗിക്കപ്പെടാത്ത ഭൂസ്വത്ത് ഉപയോഗിച്ച് ഇന്നത്തെ കടഭാരം ഗണ്യമായി കുറയ്ക്കുന്നതിനുള്ള പദ്ധതി അവസാനഘട്ടത്തിലാണ്. ഇതിനു കഴിഞ്ഞാൽ ചെറിയൊരു പ്രതിമാസ സബ്സിഡിയുടെ അടിസ്ഥാനത്തിൽ കോർപറേഷന് കാര്യക്ഷമമായി പ്രവർത്തിക്കാനാവും. ഉപധനാഭ്യർത്ഥനകളിൽ വകയിരുത്തിയതടക്കം 2010-11-ൽ സംസ്ഥാന ഖജനാവിൽ നിന്ന് 205 കോടി രൂപയാണ് കോർപറേഷനുള്ള ധനസഹായം. 2011-12-ലേയ്ക്ക് 100 കോടി രൂപ വകയിരുത്തുന്നു.

**170.** കൊച്ചിയിലെ ഗതാഗതക്കുരുക്കിനു പരിഹാരമുണ്ടാക്കുന്നതിന് ആധുനിക ഫെറി ബോട്ടുകൾ വാങ്ങാൻ 5 കോടി രൂപ അനുവദിക്കുന്നു. കൊച്ചിയിൽ ട്രക്ക് ടെർമിനൽ സ്ഥാപിക്കുന്നതിനു 5 കോടി രൂപ വകയിരുത്തുന്നു. കേരള സംസ്ഥാന ജലഗതാഗത വകുപ്പിനു പുതിയ ബോട്ടുകൾ വാങ്ങുന്നതിന് 1 കോടി രൂപ പ്രത്യേകമായി അനുവദിക്കുന്നു.

***ശബരിമല***

**171.** പുല്ലുമേടു ദുരന്തങ്ങൾ ഇനി ആവർത്തിക്കരുത്. ശബരിമല മാസ്റ്റർ പ്ലാനിന്റെ ആദ്യഘട്ടം അടുത്ത മകരത്തിനു മുമ്പ് നടപ്പാക്കും. നിലയ്ക്കൽ ബേസ് കാമ്പിൽ 15000 വാഹനങ്ങൾ പാർക്കു ചെയ്യാനുള്ള സൗകര്യം, പമ്പയിൽ എമെർജൻസി ആംബുലൻസ് സർവീസിനു പുതിയ പാത, വലിയ നടപ്പന്തലിനു രണ്ടാംനില, ദർശനം കഴിഞ്ഞു ഭക്തർക്കു പോകാൻ അമ്പലത്തിനു പുറകിൽ നിന്നും പുതിയ ഫ്ളൈ ഓവർ, അരവണ നിർമ്മാണശാല ഇവിടേയ്ക്കു മാറ്റി സ്ഥാപിക്കൽ എന്നിവയാണ് ഒന്നാംഘട്ടത്തിൽ നടപ്പാക്കുക. ഇതിനു 50 കോടി രൂപ വായ്പയെടുക്കും. 25 കോടി രൂപ സ്പോൺസർഷിപ്പു വഴി കണ്ടെത്തും. ബജറ്റിൽ 25 കോടി രൂപ വകയിരുത്തുന്നു. മകരവിളക്കു കാണാൻ ഭക്തർ തിങ്ങിക്കൂടുന്ന എല്ലാ കേന്ദ്രങ്ങളിലും സുരക്ഷാ ഓഡിറ്റ് നടത്തുന്നതും അതിന്റെ അടിസ്ഥാനത്തിൽ ക്രമീകരണങ്ങൾ വരുത്തുന്നതുമാണ്.

**172.** ശബരിമല റോഡുകളിൽ 80 കിലോമീറ്റർ റോഡുകൾ ഇതിനകം ബിഎം ആൻഡ് ബിസി പുനരുദ്ധാരണത്തിനു കരാർ നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി 12 കോടി രൂപ ഈ വർഷം വകയിരുത്തുന്നു. ബാക്കിയുള്ള 151 കിലോമീറ്റർ ദൈർഘ്യം രണ്ടോ മൂന്നോ പാക്കേജുകളായി റോഡ് ഫണ്ട് ബോർഡ് കരാർ നൽകുന്നതാണ്. നിലവിലുളളവയടക്കം എല്ലാ ശബരിമല പാക്കേജുകളും ദീർഘകാല മെയിന്റനൻസിന്റെ അടിസ്ഥാനത്തിലാണ് കരാർ നൽകേണ്ടത്.

**173.** ആറ്റുകാൽ ക്ഷേത്ര മേഖലയുടെ വികസനത്തിന് 478 കോടി രൂപയുടെ വികസന പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. 118 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. നഗര വികസനത്തിനുള്ള വിവിധ സ്കീമുകൾ സംയോജിപ്പിച്ചാണ് ഇതിനു പണം കണ്ടെത്തുക. 10 കോടി രൂപ പ്രത്യേകമായി വകയിരുത്തുന്നു. ഗുരുവായൂർ ഡ്രെയിനേജ് സ്കീമിന് 6 കോടി രൂപ വകയിരുത്തുന്നു. ശിവഗിരിയിലെ കൺവെൻഷൻ സെന്ററിന് 1 കോടി രൂപ അധികമായി വകയിരുത്തുന്നു.

*റവന്യൂ*

**174.** റവന്യൂ വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതലയായി ഡിസാസ്റ്റർ മാനേജ്മെന്റ് മാറിയിട്ടുണ്ട്. വളരെയേറെ വിവാദമുണ്ടാക്കിയ സുനാമി പുനരധിവാസ പദ്ധതിയ്ക്ക് അനുവദിച്ച തുക പൂർണമായും സംസ്ഥാന സർക്കാർ ചെലവഴിച്ചു കഴിഞ്ഞു. ഏറ്റെടുത്തിരിക്കുന്ന സ്കീമുകൾ പൂർത്തിയാക്കുന്നതിനു വേണ്ടുന്ന അധികച്ചെലവ് സംസ്ഥാന സർക്കാർ വഹിക്കും. ഡിസാസ്റ്റർ മാനേജ്മെന്റ് സ്കീമുകൾക്കായി 5 കോടി രൂപ വകയിരുത്തുന്നു. റവന്യൂ ഓഫീസുകളുടെ പുനരുദ്ധാരണത്തിനും മറ്റുമായി 10 കോടി രൂപ വകയിരുത്തുന്നു.

**175.** വർക്കല, ചടയമംഗലം, മലമ്പുഴ, ഗുരുവായൂർ, മണ്ണുത്തി എന്നീ അഞ്ചു പുതിയ മിനി സിവിൽ സ്റ്റേഷനുകൾക്ക് അനുവാദം നൽകുന്നു.

**176.** സ്വാതന്ത്ര്യ സമരസേനാനികളുടെ പെൻഷൻ 2008-ൽ 3000 രൂപയിൽ നിന്ന് 5500 ആയി ഉയർത്തിയിരുന്നു. എന്നാൽ ഡിഎ വർദ്ധന നൽകിയില്ല. ഇപ്പോൾ 30 ശതമാനം ഡിഎ അധികമായി അനുവദിക്കുന്നു. സൈനിക, അർദ്ധ സൈനിക വിഭാഗങ്ങളിലെ മരണപ്പെടുകയോ കാണാതാവുകയോ ചെയ്യുന്നവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം 1 ലക്ഷം രൂപയായും

പരുക്കേൽക്കുന്നവർക്കുള്ള ധനസഹായം 25,000 രൂപ മുതൽ 50,000 രൂപവരെയായി ഉയർത്തുന്നു. രണ്ടാം ലോകയുദ്ധത്തിലെ ഭടന്മാർക്കും ആശ്രിതർക്കുമുള്ള ധനസഹായം ഉയർത്തുന്നതാണ്.

*ട്രഷറി*

**177.** ട്രഷറി സമഗ്ര നവീകരണ പരിപാടി പാതിവഴി പിന്നിട്ടു കഴിഞ്ഞു. കമ്പ്യൂട്ടർ സംവിധാനങ്ങളുടെ നവീകരണവും കോർ ബാങ്കിംഗ് സമ്പ്രദായത്തിലേയ്ക്കുള്ള മാറ്റവും മാർച്ചിനുള്ളിൽ പൂർത്തിയാകും. 103 പുതിയ ട്രഷറി കെട്ടിടങ്ങൾ നിർമ്മിക്കാനും 114 കെട്ടിടങ്ങൾ പരിഷ്കരിക്കാനും 120 കോടി രൂപയുടെ പദ്ധതി നടപ്പാക്കി വരികയാണ്. കോർട്ട് ഫീ സ്റ്റാമ്പുകളുടെയും ജുഡീഷ്യൽ സ്റ്റാമ്പ് പേപ്പറുകളുടെയും കമ്മിഷൻ 3.5 ശതമാനമായും റവന്യൂ സ്റ്റാമ്പുകളുടെ കമ്മിഷൻ 4 ശതമാനമായും ഉയർത്തുന്നു.

*രജിസ്ട്രേഷൻ*

**178.** രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ പൂർത്തീകരിക്കുന്നതിന് 4 കോടി രൂപ വകയിരുത്തുന്നു. ഭൂമിയുടെ ന്യായവില സംബന്ധിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എല്ലാ ജില്ലകളിലും ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിൽ ന്യായവില സെല്ലുകൾ (Fare Value Cells) രൂപീകരിക്കുന്നതാണ്. ഇവർക്ക് സ്വമേധയാ പരിശോധന നടത്താനും വില പുനർനിർണയിക്കാനും അവകാശമുണ്ടായിരിക്കും.

**179.** കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗാധാരത്തിനും ഒഴിമുറി കരാറിനും മുദ്രവില 1 ശതമാനമായി കുറച്ചിട്ടുണ്ട്. ഭാഗാധാരത്തിന്റെ കാര്യത്തിൽ മരിച്ചുപോയ കുടുംബാംഗത്തിന്റെ മക്കളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഒഴിമുറി കരാറിൽ ഇതു ബാധകമാക്കിയിട്ടില്ല. ഒഴിമുറി കരാറിലും ഇതു ബാധകമാക്കുന്നതാണ്.

*പൊലീസ്*

**180.** പൊലീസ് വകുപ്പിന് 33.5 കോടി രൂപ വകയിരുത്തുന്നു. 70 കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്ററുകളും 20 ടൂറിസ്റ്റ് സംരക്ഷണ കേന്ദ്രങ്ങളും മുതിർന്ന പൗരന്മാർക്കായുള്ള 14 സേവനകേന്ദ്രങ്ങളും സ്ഥാപിക്കുന്നതാണ്. ജനസൗഹൃദ സേവന സൗകര്യങ്ങൾ, ടൂറിസ്റ്റ് സംരക്ഷണ സേവനകേന്ദ്രങ്ങൾ തുടങ്ങിയ സ്കീമുകൾക്കായിരിക്കും ഈ തുക ചെലവഴിക്കുക. പൊലീസിനെ കുറിച്ച് ജനങ്ങൾക്ക് വിവരങ്ങൾ നൽകുന്നതിന് 20 ടച്ച് സ്ക്രീൻ കിയോസ്കുകൾ സ്ഥാപിക്കും. പൊലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപറേഷന് 7.5 കോടി രൂപ വകയിരുത്തുന്നു.

**181.** ഗുരുവായൂർ ക്ഷേത്രം, ഉടുമ്പൻചോല, പിണറായി എന്നിവിടങ്ങളിൽ പൊലീസ് സ്റ്റേഷനുകളും പൊന്നാനി, പൂവാർ, അഞ്ചുതെങ്ങ്, അർത്തുങ്കൽ, തൃക്കരിപ്പൂർ എന്നിവിടങ്ങളിൽ തീരദേശ പോലീസ് സ്റ്റേഷനുകളും പുതുതായി ആരംഭിക്കുന്നതാണ്. സിഐഎസ്എഫ് മാതൃകയിൽ സ്റ്റേറ്റ് സ്പെഷ്യൽ സെക്യൂരിറ്റി ഫോഴ്സ് രൂപീകരിക്കും. ബാങ്കുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ സുരക്ഷാ ചുമതലകൾക്കായി സ്ഥാപനങ്ങൾ തന്നെ സാമ്പത്തിക ബാധ്യത വഹിച്ചുകൊണ്ടാണ് പദ്ധതി നടപ്പാക്കുക.

**182.** പുതുതായി ഇരിങ്ങാലക്കുടയിൽ ഒരു ഫാമിലി കോടതിയും ചാവക്കാടും പുനലൂരും സബ് കോടതിയും ആരംഭിക്കുന്നതാണ്. ജുഡീഷ്യൽ അക്കാദമിയ്ക്കുള്ള കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും നിർമ്മിക്കുന്നതാണ്.

*എക്സൈസ്*

**183.** വടക്കു-മധ്യ-തെക്കു മേഖലകളിൽ ഓരോന്നും പാലക്കാട് ചെക്പോസ്റ്റിൽ രണ്ടും മദ്യപരിശോധനാ ലബോറട്ടറികൾ ആരംഭിക്കുന്നതിന് 1 കോടി രൂപ അനുവദിക്കുന്നു. ജില്ലാ ആശുപത്രികളിൽ ഡീ അഡിക്ഷൻ സെന്ററുകൾ ആരംഭിക്കാൻ 10 കോടി രൂപ വകയിരുത്തുന്നു.

### *മോട്ടോർ വെഹിക്കിൾസ്*

**184.** മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിന് പദ്ധതിയിൽ 6 കോടി രൂപ വകയിരുത്തുന്നു.

### *ഫയർ ആൻഡ് റെസ്ക്യൂ സർവീസസ്*

**185.** ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുകളുടെ ആധുനികവത്കരണത്തിനുവേണ്ടി 10 കോടി രൂപ വകയിരുത്തുന്നു. കൊയിലാണ്ടി, വൈക്കം, ഒറ്റപ്പാലം, വളാഞ്ചേരി, പാനൂർ എന്നിവിടങ്ങളിൽ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതാണ്.

### *ആസൂത്രണം*

**186.** ആസൂത്രണബോർഡിന്റെയും സംവിധാനങ്ങളുടെയും ആവശ്യങ്ങൾക്കായി 5 കോടി രൂപ വകയിരുത്തുന്നു. സർവെകൾക്കും പഠനങ്ങൾക്കും വേണ്ടി 3 കോടി രൂപ വകയിരുത്തുന്നു.

### *ഇൻഷ്വറൻസ്*

**187.** ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ അഖിലേന്ത്യാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ഇൻഷ്വറൻസ് വകുപ്പ് സമൂലമായി പുനഃസംഘടിപ്പിക്കുകയും നവീകരിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ സംസ്ഥാന ഇൻഷ്വറൻസിന്റെ ഫണ്ട് ബാലൻസായ 2000 കോടി രൂപ ട്രഷറിയിൽ ഉണ്ട്. ഇതിന് സംസ്ഥാന സർക്കാർ പലിശ നൽകേണ്ടതില്ല. ഇൻഷ്വറൻസ് ബിസിനസ് ഗണ്യമായി ഉയർത്തി ഫണ്ട് ബാലൻസ് വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. ആരോഗ്യ ഇൻഷ്വറൻസ് ഏറ്റെടുക്കുന്ന പശ്ചാത്തലത്തിൽ 156 തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നു.

**188.** ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്കായി നടപ്പാക്കിയിരുന്ന പെൻഷൻ പദ്ധതിയിൽ നിന്നും എൽഐസി പിന്മാറിയ സാഹചര്യത്തിൽ പ്രസ്തുത പദ്ധതി വകുപ്പ് ഏറ്റെടുക്കുകയാണ്. 2011 ഫെബ്രുവരി 1 മുതൽ പ്രതിമാസം 600 രൂപ

മിനിമം പെൻഷൻ നൽകുന്നതിനു നടപടി സ്വീകരിക്കും. ഏജന്റുമാർക്കുള്ള പ്രതിവർഷ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് 10,000 രൂപയിൽ നിന്ന് 25,000 രൂപയായി ഉയർത്തുന്നു. ഇതിനു പുറമെ *'ചിസ്'* ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരുന്നതിനുള്ള ചെലവിന്റെ 50 ശതമാനം ക്ഷേമനിധിയിൽ നിന്നു നൽകും. ബാക്കി തുക സർക്കാരും ഗുണഭോക്താവും തുല്യമായി നൽകണം.

**189.** കെഎസ്എഫ്ഇയുടെ ടേണോവർ 2005-06-ൽ 3937 കോടി രൂപയായിരുന്നത് 2010-11-ൽ 12,500 കോടി രൂപയായി ഉയരുമെന്നാണ് കരുതുന്നത്. അടുത്ത വർഷം താഴെ പറയുന്ന 43 ബ്രാഞ്ചുകൾ പുതുതായി ആരംഭിക്കും. മാറനല്ലൂർ, തുളിക്കോട്, അമ്പൂരി, പനാവൂർ, കരകുളം, നിലമേൽ, പട്ടാഴി, കുണ്ടറ 2, ഭരണിക്കാവ്, വടശേരിക്കര, കലഞ്ഞൂർ, ഇരവിപേരൂർ, ഉല്ലല, തുറവൂർ, പാല, പൈക, പെരുവ, മേലുകാവുമറ്റം, ഇടപ്പള്ളി, മഞ്ഞപ്ര, വടക്കൻ പറവൂർ ഈവനിംഗ്, ചോറ്റാനിക്കര, കുറുമശേരി, കറുകുറ്റി, ആര്യങ്കാവ്, മുനമ്പം, രാമവർമ്മപുരം, വെള്ളാങ്ങല്ലൂർ, ആളൂർ, പഴഞ്ഞി, മുതുവറ, കൊടുവായൂർ, പരപ്പനങ്ങാടി, ചെറൂട്ടി റോഡ്, ഇടവണ്ണപ്പാറ, അഴിയൂർ, കൊയിലാണ്ടി ഈവനിംഗ്, കള്ളിച്ചനാടുകം, മയ്യിൽ, ഇരിക്കൂർ, മങ്ങാട്ടുപറമ്പ്, രാജപുരം, ബദിയടുക്ക. ഇതിനു പുറമെ ഇന്ത്യയിലെ പ്രധാന മെട്രോ നഗരങ്ങളിലെല്ലാം കെഎസ്എഫ്ഇയുടെ ശാഖ ആരംഭിക്കുന്നതാണ്.

***ജയിൽ***

**190.** കേരളത്തിലെ ജയിലുകളുടെ ഭൗതിക സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും വേണ്ടി 39.5 കോടി രൂപ വകയിരുത്തുന്നു. മലപ്പുറം, തൊടുപുഴ എന്നിവിടങ്ങളിൽ പുതിയ ജില്ലാ ജയിലുകൾ സ്ഥാപിക്കുന്നതാണ്.

***പബ്ലിക് റിലേഷൻസ്***

**191.** പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിന് 20 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 2.6 കോടി രൂപ സിഡിറ്റിനാണ്. പത്രങ്ങൾക്കും ടെലിവിഷനുകൾക്കും നൽകാനുള്ള പരസ്യച്ചെലവിന്റെ ഒരു ഭാഗം ചുവപ്പുനാടമൂലം കുടിശികയിലായിരുന്നു. മാർച്ചിനകം അത് കൊടുത്തുതീർക്കുന്നതാണ്.

***ജീവനക്കാർ***

**192.** കഴിഞ്ഞ ഏതാനും ദശകങ്ങളെടുത്താൽ പൊതുമേഖലയിൽ ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ട കാലമായിരുന്നു 2006-2011. കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടയിൽ ഇതുവരെ വിദ്യാഭ്യാസവകുപ്പിൽ 12505 തസ്തികകളും ആരോഗ്യവകുപ്പിൽ 2431, പോലീസ് വകുപ്പ് 7153, തദ്ദേശസ്വയംഭരണം 4800, പൊതുമേഖല 3125, മറ്റുള്ളവ 3851 എന്നിങ്ങനെ 33865 തസ്തികകളാണ് സർക്കാർ മേഖലയിൽ സൃഷ്ടിക്കപ്പെട്ടത്. അതേസമയം 2001-05 കാലത്ത് 17,195 തസ്തികകൾ നിർത്തലാക്കി. ഇക്കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് വിആർഎസ് എടുത്ത് ആളുകൾക്ക് പിരിഞ്ഞുപോകേണ്ടി വന്നു. എന്നാൽ ഇപ്പോൾ 3125 തസ്തികകൾ പൊതുമേഖലയിൽ സൃഷ്ടിച്ചിട്ടുണ്ട്. ടൂറിസം, ഐടി, വാണിജ്യം തുടങ്ങിയ മേഖലകളിലും തൊഴിലവസരങ്ങളുടെ എണ്ണത്തിൽ ശ്രദ്ധേയമായ വർദ്ധനയുണ്ടായി. പിഎസ്‌സി നിയമനങ്ങളുടെ എണ്ണമെടുത്താലും ഇതേ പ്രവണത കാണാൻ കഴിയും.

**193.** സർക്കാരിലെ ദിവസവേതനക്കാരുടെ കൂലി നിലവിലുള്ളതിന്റെ 50 ശതമാനം ഉയർത്തി നിശ്ചയിക്കുന്നു. 2011 ഏപ്രിൽ 1 മുതൽ ഇതിനു പ്രാബല്യമുണ്ടായിരിക്കും. പാർട്ട് ടൈം സ്വീപ്പർമാരുടെ ഒഴിവിന്റെ 20 ശതമാനം കാഷ്വൽ സ്വീപ്പർമാർക്കു നീക്കിവെയ്ക്കും.

**194.** പെൻഷൻകാർക്ക് പ്രതിവർഷം 2 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കും. അഞ്ചര ലക്ഷംപേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഇപ്പോൾ നൽകിവരുന്ന മെഡിക്കൽ അലവൻസ് തുക ഉപയോഗപ്പെടുത്തിയാവും ഇതു നടപ്പാക്കുക.

***ശമ്പള-പെൻഷൻ പരിഷ്കരണം***

**195.** ജീവനക്കാർക്ക് കഴിഞ്ഞ സർക്കാർ നിഷേധിച്ച ഭവനവായ്പയടക്കം എല്ലാ ആനുകൂല്യങ്ങളും പുനഃസ്ഥാപിച്ചു. 94 ശതമാനം ഡിഎ കുടിശികയില്ലാതെ പൂർണമായും അനുവദിച്ചു. ജീവനക്കാർക്ക് അപകട ഇൻഷ്വറൻസ്, സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, ബോണസ് അർഹതാപരിധി ഉയർത്തൽ, ഫെസ്റ്റിവെൽ അഡ്വാൻസ്, 180 ദിവസമായി പ്രസവാവധി ഉയർത്തിയത്, ക്ലാസ് ഫോർ ജീവനക്കാരുടെ പ്രമോഷൻ ക്വാട്ട ഉയർത്തിയത് എന്നിങ്ങനെ എത്രയോ പുതിയ ആനുകൂല്യങ്ങൾ സർക്കാർ ജീവനക്കാർക്ക് അനുവദിച്ചു.

**196.** ശമ്പള പരിഷ്കരണ കമ്മിഷന്റെ 2000-ത്തോളം കോടി രൂപ വാർഷിക അധികച്ചെലവു വരുന്ന നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിക്കുകയാണ്. ചില വിഭാഗങ്ങളിൽ മറ്റുള്ളവരെക്കാൾ കൂടുതൽ ശമ്പളം ഉയർത്തി നിശ്ചയിച്ചതിന്റെ ഫലമായി മറ്റു പല വിഭാഗങ്ങളും മുമ്പ് തങ്ങൾക്കുണ്ടായിരുന്ന പാരിറ്റി നഷ്ടപ്പെട്ടുവെന്ന് പരാതി ഉന്നയിച്ചിട്ടുണ്ട്. ഇവയെല്ലാം സമയമെടുത്തു പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതാണ്. അനിവാര്യമായ ചില തിരുത്തലുകൾ ഉൾക്കൊള്ളിച്ചും ഡിഎ ലയിപ്പിച്ചതുമൂലം ഇപ്പോൾ തന്നെ സ്കെയിലിൽ സ്റ്റാഗ്നേഷൻ എത്തിയവർക്ക് അധിക ഇൻക്രിമെന്റ് അനുവദിച്ചും ശമ്പള പരിഷ്കരണ ഉത്തരവ് എത്രയും പെട്ടെന്നു പുറപ്പെടുവിക്കുന്നതാണ്. ഇതിന് 1-7-2009 മുതൽ പ്രാബല്യമുണ്ടാകും. പെൻഷൻ പരിഷ്കരണവും ഇതോടൊപ്പം നടപ്പാക്കുന്നതാണ്.

# XVI

## വിഭവ സമാഹരണം

**197.** സർ, ബജറ്റ് അവതരണത്തിന്റെ ആമുഖത്തിൽ തന്നെ തനതു വിഭവസമാഹരണത്തിൽ നേടിയ അഭിമാനകരമായ വിജയം എടുത്തു പറയുകയുണ്ടായി. നികുതിനിരക്കുകൾ ഉയർത്തിയതു കൊണ്ടല്ല, ഈ വർദ്ധന നേടിയത്. മദ്യത്തിന്റെ വിൽപന നികുതി വർദ്ധനയും സാമൂഹ്യസുരക്ഷാ സെസ്സും മാറ്റി നിർത്തിയാൽ യാതൊരു നികുതി വർദ്ധനയും കഴിഞ്ഞ അഞ്ചുവർഷത്തിനിടെ ഉണ്ടായിട്ടില്ല. വാറ്റ് ഒരു ശതമാനം ഉയർത്തണമെന്നും തുണിയുടെ മേൽ നാലു ശതമാനം നികുതി ഏർപ്പെടുത്താമെന്നും കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരുന്നു. പല സംസ്ഥാനങ്ങളും നികുതിനിരക്ക് 1 മുതൽ 2.5 ശതമാനംവരെ വർദ്ധിപ്പിക്കുകയും ചെയ്തു. എന്നാൽ ഒരു അധികഭാരവും ഈ സർക്കാർ ജനങ്ങളിൽ അടിച്ചേൽപ്പിച്ചിട്ടില്ല. ഇത്തവണയും ഈ നയത്തിൽ മാറ്റമില്ല.

**198.** ഇ-ഫയലിംഗ്, ഇ-പേമെന്റ് തുടങ്ങിയവ ഏർപ്പെടുത്തി നികുതി പിരിവ് സമ്പ്രദായം കഴിഞ്ഞ അഞ്ചുവർഷത്തിനിടെ അടിമുടി പരിഷ്കരിച്ചു. രണ്ടു ദേശീയ അവാർഡുകൾ നേടിയ കേരളത്തിന്റെ കമ്പ്യൂട്ടർവത്കൃത നികുതി സമ്പ്രദായം രാജ്യത്തിനു മാതൃകയാണ്. ഇതിന്റെ ഫലമായി എല്ലാ വ്യാപാരികളുടെയും വ്യാപാര സംബന്ധമായ വിവരങ്ങൾ സമഗ്രമായി ഇപ്പോൾ സർക്കാരിന്റെ പക്കലുണ്ട്. മൂന്നാംമുറകൾക്കു പകരം ഈ വിവരാടിത്തറയെ ശാസ്ത്രീയമായി ഉപയോഗപ്പെടുത്തി നികുതിച്ചോർച്ച കണ്ടുപിടിക്കാനുള്ള ശേഷി ഉദ്യോഗസ്ഥർ ആർജിച്ചുവരികയാണ്. ഈ പരിഷ്കാരത്തിന്റെ പൂർണനേട്ടം വരും വർഷങ്ങളിൽ കേരളത്തിനുണ്ടാകും.

*നടപടികളുടെ ലഘൂകരണം*

**199.** സർക്കാരിനു സാമ്പത്തികബാധ്യത സൃഷ്ടിക്കാതെ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ എല്ലാ ബജറ്റിലും ശ്രമിച്ചിട്ടുണ്ട്. ഇവയോടു കേരളത്തിലെ വ്യാപാരികൾ ക്രിയാത്മകമായി പ്രതികരിക്കുകയും ചെയ്തിട്ടുണ്ട്. മുമ്പില്ലാതിരുന്ന ഒരു വ്യാപാരി സൗഹൃദ അന്തരീക്ഷം കേരളത്തിൽ സംജാതമായി. സത്യം പറഞ്ഞാൽ ഇത്തവണത്തെ ബജറ്റു ചർച്ചകളിൽ വളരെ ചുരുക്കം ആവശ്യങ്ങളേ വ്യാപാരി സംഘടനകൾക്ക് മുന്നോട്ടു വെയ്ക്കാൻ ബാക്കിയുണ്ടായിരുന്നുള്ളൂ. അവയിൽ ചില അഭ്യർത്ഥനകൾ അംഗീകരിക്കുകയാണ്.

**200.** പത്തുലക്ഷത്തിൽ അധികരിക്കാത്ത വിറ്റുവരവുള്ള വ്യാപാരികൾ നികുതി നൽകേണ്ടതില്ല. അതിനാൽ അവർക്ക് നികുതി പിരിച്ചെടുക്കാൻ അധികാരവുമില്ല. ഫോറം *1 എഫ്* ഫയൽ ചെയ്ത് അസെസിംഗ് അത്തോറിറ്റിയിൽ നിന്നു അംഗീകാരം വാങ്ങിയാലേ നികുതി പിരിക്കാനാവൂ. എന്നാൽ ഈ നിബന്ധന മനസിലാക്കാതെ നികുതി പിരിച്ച ചെറുകിട വ്യാപാരികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നു. പിരിച്ച നികുതി പൂർണമായി സർക്കാരിൽ ഒടുക്കിയിട്ടുണ്ടെങ്കിൽ അവർക്കെതിരെ മറ്റു നിയമ നടപടികൾ സ്വീകരിക്കുന്നതല്ല. ഈ നിർദ്ദേശത്തിന് 1-4-2005 മുതൽ മുൻകാല പ്രാബല്യം നൽകുന്നതാണ്.

**201.** നികുതി അവാർഡർമാരിൽ പലരും കോൺട്രാക്ടറിൽ നിന്നു പിരിക്കുന്ന നികുതി അവരുടെ അസെസിംഗ് ഓഫീസറുടെ മുൻപാകെയല്ല ഒടുക്കി വരുന്നത്. അതിനാൽ ഒടുക്കിയ നികുതിയുടെ ക്രെഡിറ്റു കിട്ടാൻ കോൺട്രാക്ടർക്ക് ബുദ്ധിമുട്ടുണ്ട്. ഇതു പരിഹരിക്കുന്നതിനായി അവാർഡർമാർ പിരിച്ചെടുത്ത നികുതി (ടിഡിഎസ്) ഇ-പേമെന്റു വഴി സർക്കാരിൽ ഒടുക്കണമെന്നു നിബന്ധന ഏർപ്പെടുത്തും.

**202.** വാറ്റു നിയമമനുസരിച്ചുള്ള ക്ലാരിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിൽ കാലതാമസമുണ്ടാകുന്നു എന്നു വ്യാപാരസംഘടനകൾ പരാതിപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ കമ്മിറ്റി ഉണ്ടാക്കിയിട്ടും കാലതാമസം പരിഹരിക്കാൻ കഴിയുന്നില്ല. ക്ലാരിഫിക്കേഷൻ സമയബന്ധിതമായി പുറപ്പെടുവിക്കാനുള്ള നിബന്ധന വാറ്റു നിയമത്തിൽ കൊണ്ടുവരുന്നതാണ്. മൂന്നുമാസത്തിനകം ക്ലാരിഫിക്കേഷൻ പുറപ്പെടുവിക്കണം. നിയന്ത്രണാതീതമായ കാരണങ്ങളാൽ മേൽസമയത്തിനുള്ളിൽ ക്ലാരിഫിക്കേഷൻ പുറപ്പെടുവിക്കാൻ കഴിയുന്നില്ലെങ്കിൽ സമയം നീട്ടി നൽകാൻ കമ്മിഷണർക്ക് അധികാരമുണ്ടായിരിക്കും.

**203.** റീഫണ്ട് അപേക്ഷയോടൊപ്പം ബന്ധപ്പെട്ട അസെസിംഗ് ഓഫീസർ നൽകിയ ഫോറം 21 ജെ നൽകേണ്ടതുണ്ട്. ഇ-ഫയലിംഗും ഇ-പേമെന്റും നടപ്പിലായതിനെ തുടർന്ന് ഫോറം 21 ജെ ഒഴിവാക്കുന്നതാണ്.

**204.** കമ്പ്യൂട്ടറൈസേഷനെ തുടർന്ന് നികുതിവകുപ്പിലെ നടപടിക്രമങ്ങളും ലളിതമാക്കാം. രജിസ്ട്രേഷൻ, രജിസ്ട്രേഷൻ പുതുക്കൽ, സെയിൽസ്മാൻ പെർമിറ്റ്, കോമ്പൗണ്ടിംഗ് എന്നിവയ്ക്ക് നിലവിലുള്ള 26 അപേക്ഷാഫോറങ്ങൾ സംയോജിപ്പിച്ച് ലളിതമായ 5 ഫോറങ്ങളാക്കി മാറ്റുന്നതാണ്. ഇത് 1-4-2011 മുതൽ പ്രാബല്യത്തിൽ വരും.

**205.** വാറ്റു നികുതി നിയമത്തിലെ 40 എ വകുപ്പ് അനുസരിച്ച് ചരക്കുകൾ വാങ്ങുന്ന വ്യാപാരികളുടെ പൂർണ മേൽവിലാസവും രജിസ്ട്രേഷൻ നമ്പരും സെയിൽ ബില്ലിൽ രേഖപ്പെടുത്തേണ്ടതുണ്ട്. ഇപ്രകാരം രേഖപ്പെടുത്തിയ വിവരങ്ങളിൽ അപാകം കണ്ടെത്തിയാൽ എം‌ആർപി നിരക്കിൽ നികുതി ഒടുക്കേണ്ട ബാധ്യതയുണ്ടാകും. വാങ്ങുന്ന വ്യാപാരി നൽകുന്ന വിവരങ്ങളുടെ സത്യസന്ധത ഉറപ്പുവരുത്താൻ ഒരു പോംവഴിയും ഇല്ലെന്നും അതിനാൽ മേൽ

വകുപ്പു പിൻവലിക്കണമെന്നും വ്യാപാരി സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് അംഗീകരിച്ചുകൊണ്ട് 40 എ വകുപ്പിന്റെ മൂന്നാം ഉപവകുപ്പ് മുൻകാല പ്രാബല്യത്തോടെ പിൻവലിക്കുന്നതാണ്.

**206.** ഇ-ഫയലിംഗ് സമ്പ്രദായം സ്ഥായീകരിച്ചു കഴിഞ്ഞാൽ റിട്ടേണുകളുടെ പേപ്പർ കോപ്പി ഫയൽ ചെയ്യുന്നത് ഒഴിവാക്കുമെന്ന് ഞാൻ പ്രഖ്യാപിച്ചിരുന്നു. ആറു മാസത്തിനകം പേപ്പർ റിട്ടേൺ ഒഴിവാക്കും.

**207.** 50 ലക്ഷം വരെ വിറ്റുവരവുള്ള വ്യാപാരികൾ 0.5 ശതമാനം നിരക്കിൽ അനുമാന നികുതി നൽകാൻ അർഹരാണ്. വിറ്റുവരവ് 50 ലക്ഷം വർദ്ധിക്കുന്നപക്ഷം അവർ വാറ്റു നികുതി സമ്പ്രദായത്തിലേയ്ക്കു മാറേണ്ടതുണ്ട്. അതിന് അപേക്ഷ നൽകണം. ഇക്കാര്യത്തിൽ വേണ്ടത്ര ധാരണയില്ലാത്തതിനാൽ പല കച്ചവടക്കാരും പ്രയാസമനുഭവിക്കുന്നു. ഇതു പരിഹരിക്കാൻ വിറ്റുവരവ് 50 ലക്ഷം വർദ്ധിക്കുന്നപക്ഷം അതേ വർഷത്തിൽ തന്നെ അധികരിച്ച വിറ്റുവരവിന്മേൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിക്കുന്നതാണ്.

**208.** നിലവിലെ നിയമപ്രകാരം സാധനങ്ങൾ ഉപയോഗാവശ്യത്തിന് ഉള്ള അവകാശം കൈമാറ്റം ചെയ്യുമ്പോൾ (Transfer of Right to Use) ലഭിക്കുന്ന തുകയ്ക്ക് 4% നിരക്കിൽ നികുതിബാധ്യതയുണ്ട്. കരാർ പണിയിലെന്നതു പോലെ സ്രോതസിൽ നിന്നു തന്നെ ഈ നികുതി പിരിച്ചെടുക്കാനാവശ്യമായ നിയമഭേദഗതി കൊണ്ടുവരുന്നതാണ്.

**209.** വിൽപന നികുതി അപ്പീലുകൾ കൈകാര്യം ചെയ്യുന്ന അപ്പലേറ്റ് ട്രിബ്യൂണലിനു നിലവിൽ ഒരു പ്രിൻസിപ്പൽ ബെഞ്ചും അഞ്ച് അഡീഷണൽ ബെഞ്ചുകളുമുണ്ട്. അഡീഷണൽ ബെഞ്ചുകൾക്ക് നിലവിൽ മൂല്യവർദ്ധിത നികുതി കേസുകൾ കൈകാര്യം ചെയ്യാൻ അധികാരമില്ല. വിൽപന നികുതി അപ്പീലുകൾ

ഏതാണ്ട് തീർപ്പായതിനാൽ മൂല്യവർദ്ധിത നികുതിനിയമപ്രകാരമുള്ള അപ്പീലുകൾ കൈകാര്യം ചെയ്യാൻ അഡീഷണൽ ബെഞ്ചുകളെ അധികാരപ്പെടുത്തുന്നതാണ്. ഇതിനായി അപ്പലേറ്റ് വിഭാഗത്തെ അനുയോജ്യമായ വിധത്തിൽ പുനഃസംഘടിപ്പിക്കുകയും ഇതിനാവശ്യമായ നിയമഭേദഗതി കൊണ്ടുവരികയും ചെയ്യും.

**210.** പാർസൽ ഏജൻസികൾ ത്രൈമാസ റിട്ടേണുകൾ സമർപ്പിക്കേണ്ടതുണ്ട്. പരമ്പരാഗതമായി പാർസൽ ഏജൻസികൾ ചെയ്യുന്ന പ്രവൃത്തി തന്നെയാണ് റെയിൽവേ വാഗണുകൾ വാടകയ്ക്കെടുക്കുന്ന ഏജൻസികളും ചെയ്തുവരുന്നത്. പാഴ്സൽ ഏജൻസികൾ ചെയ്യുന്നതുപോലെ ഈ വിഭാഗവും സംസ്ഥാനത്തിനകത്തേക്ക് ഇറക്കുമതിചെയ്യുന്ന ചരക്കുകളുടെ വിവരങ്ങൾ വാണിജ്യനികുതി വകുപ്പിന് നൽകേണ്ടതുണ്ട്.

**211.** സെയിൽസ് റിട്ടേണുകൾ ക്രമീകരിക്കാൻ നിശ്ചയിക്കപ്പെട്ട സമയപരിധി നിലവിൽ 90 ദിവസമാണ്. നിരവധി വ്യാപാരസംഘടനകൾ ഉന്നയിച്ച ആവശ്യം പരിഗണിച്ച് ഈ സമയപരിധി 180 ദിവസമായി വർദ്ധിപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.

**212.** കാന്റീൻ സ്റ്റോഴ്സ് വകുപ്പ് അധികാരപത്രം നൽകാത്തതിനാൽ മോട്ടോർ വാഹനങ്ങൾ വാങ്ങുമ്പോൾ അനുവദിക്കപ്പെട്ട 50 ശതമാനം നികുതി ഇളവ് ലഭിക്കുന്നില്ല എന്ന പരാതി പ്രതിരോധ സേനാംഗങ്ങൾക്കുണ്ട്. ഈ ബുദ്ധിമുട്ടു പരിഹരിക്കാനായി പ്രതിരോധ സേനാംഗങ്ങൾ/വിമുക്ത ഭടന്മാർക്ക് അധികാരപത്രം നൽകാനുള്ള അധികാരം നേവൽ കാന്റീൻ സ്റ്റോഴ്സിനും എയർഫോഴ്സ് കാന്റീനും കൂടി നൽകാൻ ഉദ്ദേശിക്കുന്നു.

***നികുതി ലഘൂകരണം***

**213.** ആറ്റുമണലിലുള്ള ആശ്രിതത്വം കുറയ്ക്കുന്നതിനു ബദൽ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കണം. മാനുഫാക്ചേർഡ് സാൻഡിന്റെ നികുതി നിരക്ക് 4 ശതമാനമായി കുറച്ച് ആറ്റുമണലിന്റെ നികുതി നിരക്കുമായി ഏകീകരിക്കുന്നു.

**214.** അസംഘടിതരും നികുതിവിധേയ വിറ്റുവരവിനു താഴെയുള്ളതുമായ ചെറുകിട വിഭാഗമാണ് പ്രധാനമായും ചെങ്കൽ വ്യാപാരം നടത്തുന്നത്. ചെങ്കല്ലുകൾ വാഹനത്തിൽ കൊണ്ടുപോകുമ്പോൾ സെക്യൂരിറ്റി ഡെപ്പോസിറ്റ് പിരിക്കുന്നതായി പരാതികളുണ്ട്. ഇതു പരിഹരിക്കുന്നതിനും തദ്ദേശ നിർമ്മാണ സാമഗ്രികളുടെ വ്യാപാരത്തെ പ്രോത്സാഹിപ്പിക്കുന്നതിനുമായി എല്ലാത്തരത്തിലുമുള്ള ചെങ്കല്ലുകളെയും നികുതിയിൽ നിന്നും ഒഴിവാക്കുന്നതാണ്. എല്ലാതരം മണലിനും നികുതി നിരക്ക് 4 ശതമാനമാണ്. എന്നാൽ മറ്റു പട്ടികകളിലൊന്നും ഉൾപ്പെടാത്തതിനാൽ മണ്ണിന് 12.5 ശതമാനം നിരക്കാണ് ഈടാക്കുന്നത്. മണലിനുള്ള 4 ശതമാനം നിരക്ക് മണ്ണിനും ബാധകമാക്കുന്നതാണ്.

**215.** 2008-09-ലെ ബജറ്റ് പ്രസംഗത്തിൽ 1-4-2005 മുതൽ മുൻകാല പ്രാബല്യത്തോടെ സിനിമാ വ്യവസായത്തെ നികുതി ബാധ്യതയിൽ നിന്ന് ഒഴിവാക്കുമെന്നു പ്രഖ്യാപിച്ചിരുന്നു. എങ്കിലും 2008-ലെ ഫിനാൻസ് ആക്ടിൽ ഇതിനു മുൻകാല പ്രാബല്യം നൽകാൻ കഴിഞ്ഞില്ല. കേരള ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷന്റെ അഭ്യർത്ഥന മാനിച്ച് 1-4-2008 മുതൽ നൽകി വരുന്ന ആനുകൂല്യത്തിന് 1-4-2005 മുതൽ മുൻകാല പ്രാബല്യം നൽകി നിയമ ഭേദഗതി കൊണ്ടുവരുന്നതാണ്.

**216.** കർഷകരുടെ താൽപര്യം കണക്കിലെടുത്തും പരിസ്ഥിതി സൗഹൃദ കാർഷികവൃത്തി ഉറപ്പാക്കുന്നതിനുമായി ബോൺ മീൽ, ഓർഗാനിക് മീൽ, ലെതൽ മീൽ എന്നീ ജൈവവളങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുന്നു.

**217.** നൈലോൺ പ്ലാസ്റ്റിക് റോപ്പുകളുടെ നികുതി സംബന്ധിച്ചു തർക്കങ്ങൾ നിലവിലുണ്ട്. മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നവയ്ക്കു നികുതിയില്ല. അല്ലാത്തവയ്ക്ക് നികുതിയുണ്ടെന്നാണ് വ്യാഖ്യാനം. ഈ തർക്കം പരിഹരിക്കാനായി

എല്ലാവിധ നൈലോൺ-പ്ലാസ്റ്റിക് റോപ്പുകളെയും നികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്.

**218.** ഔഷധങ്ങൾക്ക് എംആർപി മേൽ നികുതി ചുമത്തുന്ന വ്യവസ്ഥയാണു നിലവിലുള്ളത്. മരുന്നു കമ്പനികൾ സർക്കാരിനു മരുന്നു വിൽക്കുന്നുണ്ട്. ഈ വിൽപനമേൽ വിൽപന വിലയുടെ അടിസ്ഥാനത്തിലാണ് നികുതി പിരിക്കുന്നതും സർക്കാരിൽ ഒടുക്കുന്നതും. സർക്കാരിനു വിൽക്കുന്ന മരുന്നുകൾക്ക് എംആർപി ബാധകമല്ല എന്നർത്ഥം. നികുതി അസെസ്മെന്റുകൾ പൂർത്തിയാക്കുന്നത് എംആർപി വിലയുടെ അടിസ്ഥാനത്തിലായ തിനാൽ അസെസ്മെന്റുകൾ പൂർത്തിയാക്കുന്നതിനു ചില പ്രയാസങ്ങളുണ്ട്. ഇവ പരിഹരിക്കുന്നതിനു സർക്കാരിനു വിൽക്കുന്ന മരുന്നുകളുടെ കാര്യത്തിൽ വിൽപന വില എംആർപി വിലയായി കണക്കാക്കി അസെസ്മെന്റുകൾ പൂർത്തിയാക്കുന്നതാണ്. ഈ വ്യവസ്ഥയ്ക്ക് 1-4-2005 മുതൽ മുൻകാല പ്രാബല്യം നൽകുന്നതാണ്.

**219.** ആരാധനാലയങ്ങളുടെ കോമ്പൗണ്ടിനകത്തു നിന്നും (മതിൽക്കെട്ടിനകത്തുനിന്നും) ഭക്തജനങ്ങൾക്ക് ആരാധനാവശ്യ ത്തിനായി വിൽക്കുന്ന പൂജാദ്രവ്യങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുന്നതാണ്. ഈ ഇളവിന് 1-4-2005 മുതൽ മുൻകാല പ്രാബല്യം നൽകുന്നതാണ്.

**220.** 7500-ഓ അതിൽക്കൂടുതലോ കണക്ഷനുകൾ ഉള്ള കേബിൾ ടി.വി. ഓപ്പറേറ്റർമാർ ഓരോ കണക്ഷനും പ്രതിമാസം 5 രൂപ നിരക്കിൽ ആഡംബരനികുതി അടയ്ക്കേണ്ടതുണ്ട്. കേബിൾ ടി.വി. ഓപ്പറേറ്റർമാർക്കു ചുമത്തിയ ഈ ആഡംബരനികുതി പിൻവലിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.

**221.** എല്ലാത്തരം പ്രഷർ കുക്കറുകളുടെയും നികുതിനിരക്ക് 4 ശതമാനമാണ്. ചൂടാറാപ്പെട്ടിയുടെ നികുതി 1-4-2007 മുതൽ 4 ശതമാനമായി കുറവു ചെയ്തിട്ടുണ്ട്. എല്ലാത്തരം

ചൂടാറാപ്പെട്ടികളുടെയും നികുതിനിരക്ക് 1-4-2007 മുതൽ 4 ശതമാനമായിരിക്കുമെന്ന് സ്പഷ്ടീകരിക്കുന്നു.

***കോമ്പൗണ്ടിംഗ്***

**222.** ആഡംബര നികുതിയ്ക്കൊപ്പം ഹൗസ് ബോട്ടിൽ വിതരണം ചെയ്യുന്ന പാകം ചെയ്ത ഭക്ഷണത്തിനും പാനീയങ്ങൾക്കും വാറ്റു നികുതി ബാധ്യതയുമുണ്ട്. ഭക്ഷണത്തിന്റെ കണക്കുകൾ സൂക്ഷിക്കുന്നത് ബുദ്ധിമുട്ടായതിനാൽ അവയ്ക്കു മേലുള്ള വാറ്റ് ഒഴിവാക്കണമെന്ന ഹൗസ് ബോട്ടു സംഘടനകളുടെ ആവശ്യം അംഗീകരിക്കുന്നു. കോമ്പൗണ്ടഡ് നികുതി നിരക്കിൽ ആഡംബര നികുതി ഒടുക്കുന്ന ഹൗസ്ബോട്ടുകൾക്ക് ഹൗസ് ബോട്ടിൽ വിതരണം ചെയ്യുന്ന പാകം ചെയ്ത ഭക്ഷണത്തിനും പാനീയങ്ങൾക്കും വാറ്റ് നികുതി ഒഴിവാക്കുന്നു.

**223.** ഹൗസ് ബോട്ടുകളുടെ കോമ്പൗണ്ടഡ് നികുതി നിരക്കുകൾ യുക്തിസഹമാക്കുകയാണ്. ഇപ്പോൾ രണ്ടിൽ കൂടുതൽ എത്ര മുറികളുണ്ടെങ്കിലും ഒരേ നിരക്കാണ്. ഇതു താഴെ പറയുംപ്രകാരം ഭേദഗതി ചെയ്യുന്നു. ഇതുമൂലം സർക്കാർ അധികവരുമാനമൊന്നും പ്രതീക്ഷിക്കുന്നില്ല.

| മുറികൾ | വാർഷിക കോമ്പൗണ്ടഡ് നികുതി | |
|---|---|---|
| | നോൺ എസി ഹൗസ് ബോട്ട് | എസി ഹൗസ് ബോട്ട് |
| 1 മുറി മാത്രമുള്ളത് | 8000 രൂപ | 15,000 രൂപ |
| 2 മുറിയുള്ളത് | 12,000 രൂപ | 22,000 രൂപ |
| 2-ൽ കൂടുതൽ മുറിയുള്ളവ-ഓരോ അധിക മുറിക്കും | 4000 രൂപ | 7,000 രൂപ |
| മുഖ്യമായും കോൺഫറൻസുകൾക്കു ഉപയോഗിക്കുന്നവ | 30,000 രൂപ | 50,000 രൂപ |

**224.** രണ്ടുനക്ഷത്ര പദവി വരെയുള്ള ബാർ ഹോട്ടലുകൾ വിതരണം ചെയ്യുന്ന മദ്യത്തിന്റെ വിൽപനയ്ക്ക് വിറ്റുവരവ് നികുതി നിലവിലുണ്ട്. ബിവറേജസ് കോർപറേഷനിൽ നിന്നു വാങ്ങുന്ന മദ്യത്തിന്റെ വിലയുടെ നിശ്ചിത ശതമാനം വിൽപനവില തിട്ടപ്പെടുത്തി അതിന്മേൽ 10 ശതമാനം നിരക്കിലാണ് വിറ്റുവരവ് നികുതി നൽകേണ്ടത്. കോമ്പൗണ്ടഡ് നികുതി തിട്ടപ്പെടുത്തുമ്പോൾ മുൻവർഷത്തെ നികുതിയുടെ 115 ശതമാനത്തിൽ കുറവു വരരുതെന്ന് നിബന്ധനയുമുണ്ട്. ഈ നിബന്ധന ദീർഘകാലമായി കോമ്പൗണ്ടിംഗ് രീതി പിന്തുടരുന്ന വ്യാപാരികൾക്ക് അനാകർഷകമാണ് എന്നു വ്യക്തമായിട്ടുണ്ട്. ആയതിനാൽ കഴിഞ്ഞ അഞ്ചുവർഷം തുടർച്ചയായി കോമ്പൗണ്ടഡ് നിരക്കിൽ നികുതി ഒടുക്കുന്ന ബാർ ഹോട്ടലുകൾ കഴിഞ്ഞ വർഷം ഒടുക്കിയ നികുതിയുടെ 110 ശതമാനവും കഴിഞ്ഞ 3 വർഷങ്ങളിൽ തുടർച്ചയായി കോമ്പൗണ്ടഡ് നിരക്കിൽ നികുതി ഒടുക്കുന്ന ബാർ ഹോട്ടലുകൾക്ക് കഴിഞ്ഞ വർഷം ഒടുക്കിയ നികുതിയുടെ 112 ശതമാനവും അടച്ചാൽ മതിയാകും എന്നു വ്യവസ്ഥ ചെയ്യാൻ ഞാനുദ്ദേശിക്കുന്നു.

**225.** സ്വർണ്ണവ്യാപാരം ഏതാനും വൻകിട വ്യാപാരികളിലേക്ക് കേന്ദ്രീകരിക്കുന്നത് ഈ മേഖലയിലെ ചെറുകിടവ്യാപാരികളെ പ്രതികൂലമായി ബാധിക്കുന്നു. അതിനാൽ അവർക്ക് പ്രത്യേക സംരക്ഷണം നൽകണം. 10 ലക്ഷം രൂപവരെ വിറ്റുവരവുള്ള കോമ്പൗണ്ടഡ് വ്യാപാരി മുൻവർഷമടച്ച അതേ നികുതിതന്നെ അടച്ചാൽ മതിയാകും. 10 ലക്ഷത്തിൽ കൂടുതലും 40 ലക്ഷത്തിൽ താഴെ വിറ്റുവരവുള്ളതുമായ സ്വർണ വ്യാപാരികൾ കഴിഞ്ഞ വർഷം നൽകിയ നികുതിയുടെ 105 ശതമാനം കോമ്പൗണ്ടഡ് നികുതി നൽകണം. ഒരു വർഷമെങ്കിലും വ്യാപാരം നടത്തിയവർക്കു മാത്രമേ കോമ്പൗണ്ടഡ് നികുതി നിരക്കിന് അർഹതയുള്ളൂ എന്നു വ്യക്തമാക്കുന്നു. വകുപ്പ് 8 (എഫ്)-ന്റെ ഉപവാക്യം (vi) ധനകാര്യ ബില്ലിൽ ഇല്ലായിരുന്നെങ്കിലും 28-7-2010-ന് പുറപ്പെടുവിച്ച കേരള

ധനകാര്യ നിയമത്തിൽ ഉൾപ്പെടുത്തിയിരുന്നു. 2010-11 വർഷത്തിൽ കോമ്പൗണ്ടഡ് നികുതി സമ്പ്രദായം തിരഞ്ഞെടുത്ത ചില സ്വർണ വ്യാപാരികൾക്ക് ഈ നിബന്ധന ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോമ്പൗണ്ടഡ് വ്യവസ്ഥ തിരഞ്ഞെടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന നിയമ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ കോമ്പൗണ്ടഡ് നികുതി നിരക്കിൽ തുടരാൻ അവരെ അനുവദിക്കുന്നതാണ്. അതിനുവേണ്ടി വകുപ്പ് 8 (എഫ്)-ന്റെ ഉപവാക്യം (vi) മുൻകാല പ്രാബല്യത്തോടെ പിൻവലിക്കുന്നു.

***പൊതുമാപ്പ്***

**226.** വാറ്റ് നിലവിൽ വരുന്നതിനു മുമ്പുള്ള ഏതാണ്ട് മുഴുവൻ കെജിഎസ്ടി അസെസ്മെന്റുകളും ഇതിനകം പൂർത്തീകരിച്ചു കഴിഞ്ഞു. കോടതി സ്റ്റേ ചെയ്ത ഏതാനും കേസുകൾ മാത്രമേ ബാക്കിയുള്ളൂ. ഈയിടെയായി തീർപ്പാക്കിയ അസെസ്മെന്റു കേസുകളിലും ആംനെസ്റ്റിയുടെ ആനുകൂല്യം ലഭിക്കുന്നതിനു വേണ്ടി ആംനെസ്റ്റി സ്കീം 31-3-2011 വരെ ദീർഘിപ്പിക്കുന്നതാണ്. ഇതിനാവശ്യമായ നിയമഭേദഗതി കൊണ്ടുവരുന്നതാണ്.

**227.** നികുതി പിരിവു കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഓരോ വ്യാപാരമേഖലയും പ്രത്യേകമായെടുത്ത് വിശദമായ പഠനത്തിനും നിരീക്ഷണത്തിനും വിധേയമാക്കുകയുണ്ടായി. രേഖകളിൽ കൃത്രിമം കാണിക്കുകയും നികുതി വെട്ടിക്കുകയും ചെയ്യുന്നത് ചില മേഖലകളിൽ ദീർഘകാലമായി തുടരുന്ന പതിവായി മാറിയതായി കണ്ടെത്തിയിട്ടുണ്ട്. ഇവിടെയെല്ലാം ഇപ്പോൾ ഈ പഴുതുകൾ അടച്ച് നികുതി പിരിവ് ഊർജിതപ്പെടുത്തിയിട്ടുണ്ട്. മുൻകാലങ്ങളിൽ നടത്തിയ നികുതിവെട്ടിപ്പിന്റെ ഇരട്ടിവരെ തുക പിഴയായി ചുമത്തേണ്ടതുണ്ട്. പക്ഷേ, ഇത് ആ വ്യവസായമേഖലയുടെ തന്നെ തകർച്ചയിലേയ്ക്കു നയിച്ചേക്കാം. ഈ മേഖലകളിൽ തൊഴിൽ ചെയ്യുന്ന അനേകം തൊഴിലാളികളുടെ താൽപര്യങ്ങളും

പരിഗണിക്കേണ്ടതുണ്ട്. 2007-08-ലെ ബജറ്റിൽ കശുവണ്ടി വ്യവസായത്തിന് ഒരു ആംനെസ്റ്റി പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. സർ, ഇപ്പോൾ സമാനമായ സ്ഥിതിവിശേഷം പ്ലൈവുഡ്, ഏലം മേഖലകളിൽ സംജാതമായിട്ടുണ്ട്. ആയുർവേദ മരുന്നു വ്യവസായത്തിലും ചില ഗൗരവമായ പ്രശ്നങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ഉദാരമായൊരു സമീപനം സ്വീകരിക്കണമെന്ന് എല്ലാ പാർട്ടികളിലും പെട്ടവർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതു മാനിച്ചു കൊണ്ട് ഈ മേഖലകൾക്കുവേണ്ടി ഒരു ആംനെസ്റ്റി പാക്കേജ് പ്രഖ്യാപിക്കുന്നു.

(i) പ്ലൈവുഡ് മേഖലയിൽ നിന്നുള്ള നികുതി വരുമാനം 2005-06-ൽ 5.4 കോടി രൂപയായിരുന്നത് 2009-10-ൽ 28.06 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. 2010 ഡിസംബർ വരെയുള്ള നികുതി വരുമാനം 31.76 കോടി രൂപയാണ്. നികുതിനിയമപാലനം കണിശമാക്കിയതുകൊണ്ടാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. ഭൂതകാലത്തെ പിഴവിന് ഈ വ്യവസായമേഖലയ്ക്ക് പിഴ ചുമത്തുന്നതിന് പകരം, വ്യാജ സി, എഫ് ഫോറം ഡിക്ലറേഷനുകൾ ഫയൽ ചെയ്ത് നികുതിവെട്ടിപ്പു നടത്തിയ പ്ലൈവുഡ് മേഖലയിലെ സ്ഥാപനങ്ങൾ, മുഴുവൻ നികുതിയും പലിശയും ആറ് മാസത്തിനുള്ളിൽ ഒടുക്കുകയാണെങ്കിൽ എല്ലാത്തരത്തിലുമുള്ള പിഴ പ്രോസിക്യൂഷൻ നടപടികൾ എന്നിവ ഒഴിവാക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.

(ii) ഏലത്തിൽ നിന്നുള്ള നികുതി വരുമാനം 2005-06-ൽ 7.6 കോടി രൂപയായിരുന്നത് 2009-10-ൽ 17.02 കോടി രൂപയായി ഉയർന്നിട്ടുണ്ട്. 2010 ഡിസംബർ വരെ ഈ മേഖലയിൽ നിന്നുമുള്ള നികുതിവരുമാനം 17.44 കോടി രൂപയാണ്. ഏലവ്യാപാരത്തെ ലേലകേന്ദ്രങ്ങളിലേക്ക് വഴി തിരിച്ചുവിടാനായി വകുപ്പ് നടത്തിയ ഊർജ്ജിത ശ്രമങ്ങളുടെ ഫലമായാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്. ലേലകേന്ദ്രങ്ങളിൽ നിന്നും തിരിച്ചെടുത്തു

കൊണ്ടുപോകുന്ന ഏലത്തിന്റെ *'വാപസ്'* കണക്കിനു കൃത്യമായ രേഖകൾ ലേലകേന്ദ്രം നടത്തുന്നയാൾ സൂക്ഷിക്കേണ്ടതുണ്ട്. വാപസ് രേഖകൾ സൂക്ഷിക്കാൻ 2009 ൽ മാത്രമാണ് നിയമത്തിൽ നിഷ്കർഷിച്ചത്. അന്നുമുതൽ കൃത്യമായ രേഖകൾ സൂക്ഷിച്ചു വരുന്നുണ്ട്. അതിനു മുമ്പുള്ള കാലയളവിലേക്ക് ഈ നിബന്ധന ഔപചാരികമായി നിർബന്ധിതമാക്കിയിരുന്നില്ല. ഈ കാലയളവിലെ വാപസ് രേഖകളിൽ അപാകം ആരോപിച്ച് നടത്തിയ നികുതിനടപടിക്രമങ്ങൾ അവസാനിപ്പിക്കുന്നതാണ്.

**(iii)** നമ്മുടെ തനതു മേഖലയായ ആയുർവേദം അടുത്ത കാലത്തായി വലിയ വളർച്ച നേടിയിട്ടുണ്ട്. ടൂറിസത്തിന്റെ വളർച്ചയ്ക്കും ഈ മേഖല വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഡ്രഗ് ലൈസൻസിന്റെ അടിസ്ഥാനത്തിൽ ആയൂർവേദ മേഖലയിൽ ഉൽപാദിപ്പിക്കുന്ന സൗന്ദര്യവർദ്ധക വസ്തുക്കളുടെ നികുതി നിരക്കു സംബന്ധിച്ച് ചില പരാതികൾ നിലനിൽക്കുന്നു. 2009 നവംബർ 12-ന് വാണിജ്യ നികുതി കമ്മിഷണർ നൽകിയ ക്ലാരിഫിക്കേഷന്റെ ഫലമായി ആയൂർവേദ സൗന്ദര്യവർദ്ധക വസ്തുക്കൾക്ക് 1-4-2005 മുതൽ മുൻകാല പ്രാബല്യത്തോടെ 12.5 ശതമാനം നികുതി നൽകേണ്ട ബാധ്യത ഉണ്ടായിട്ടുണ്ട്. മുൻകാല ബാധ്യത ഈ മേഖലയ്ക്ക് താങ്ങാവുന്നതിലപ്പുറമാണ്. അതിനാൽ കമ്മിഷണറുടെ ക്ലാരിഫിക്കേഷൻ പുറത്തിറങ്ങുന്നതിനു മുമ്പുള്ള കാലത്തെ നികുതി വർദ്ധന ഒഴിവാക്കുന്നതാണ്. ഉയർന്ന നിരക്കിൽ നികുതി ഒടുക്കിയവർക്ക് ഈ ഇളവ് ബാധകമല്ല.

**228.** പ്ലൈവുഡ് മേഖലയിലെ പ്രശ്നങ്ങൾ കാരണം 2005-06, 2006-07-ലെ ചില വാറ്റ് അസെസ്മെന്റുകൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ ഈ വർഷങ്ങളിലെ അസെസ്മെന്റുകൾ തീർപ്പാക്കാൻ ഒരു വർഷം കൂടി നീട്ടുന്നതാണ്.

**229.** സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻ എന്ന ദേശീയ സ്ഥാപനമായി ഉയർത്തിയിട്ടുണ്ട്. വാറ്റു നിയമത്തിൽ ഇതിനാവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

*അടിസ്ഥാനസൗകര്യങ്ങൾ*

**230.** കേരള ദിനേശ് ബീഡി വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കൈവശമുള്ള കണ്ണൂരിലെ 36 സെന്റ് സ്ഥലത്ത് വാണിജ്യനികുതി കോംപ്ലക്സ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. റവന്യൂ വകുപ്പ് നിശ്ചയിച്ച 2.43 കോടി രൂപയ്ക്ക് ഈ സ്ഥലം ഏറ്റെടുക്കുന്നതാണ്. ഇതിനുപുറമേ കേരള ദിനേശ് ബീഡി വർക്കേഴ്സ് കോ-ഓപ്. സൊസൈറ്റിക്ക് അവരുടെ ഗ്രാറ്റുവിറ്റി ബാധ്യത തീർക്കുന്നതിനായി ആവശ്യമായ തുക ഉപധനാഭ്യർത്ഥനകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**231.** കാക്കനാട് സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ വാണിജ്യനികുതി ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) ഓഫീസ് കെട്ടിടം നിർമ്മിക്കും. കണ്ണൂർ, എറണാകുളം എന്നിവിടങ്ങളിലെ നികുതിവകുപ്പ് ഓഫീസുകൾ നിർമ്മിക്കുന്നതിന് 5 കോടി രൂപ വകയിരുത്തുന്നു.

**232.** കേരളത്തിലെ വ്യാപാരി സമൂഹവുമായി ഊഷ്മളമായ സൗഹൃദ ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞതാണ് നികുതിപിരിവ് മെച്ചപ്പെട്ടതിന്റെ ഒരു കാരണം. വാണിജ്യത്തെ സംസ്ഥാനത്തിന്റെ വികസനത്തിന് ഉത്തേജകമായി കണ്ടുള്ള സമീപനമാണ് സർക്കാർ സ്വീകരിച്ചത്. സംസ്ഥാന ചരിത്രത്തിൽ ആദ്യമായി വാണിജ്യം ബജറ്റിൽ സ്ഥാനം പിടിച്ചു. ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവെലിന് 20 കോടി രൂപ വകയിരുത്തുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീട്ടെയിൽ മാനേജ്മെന്റിന് 5 കോടി രൂപ വകയിരുത്തുന്നു. സർ, ഇന്ത്യയിൽ ആദ്യമായി റോഡു നവീകരണത്തിന്റെ ഭാഗമായി

വ്യാപാരികളെ പുനരധിവസിപ്പിക്കാൻ വേണ്ടി 25 കോടി രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ബജറ്റിൽ വകയിരുത്തിയിട്ടുള്ള നികുതി വരുമാനത്തെക്കാൾ കൂടുതൽ സമാഹരിക്കുന്ന നികുതിയുടെ രണ്ടു ശതമാനമോ 3 കോടി രൂപയോ ഏതാണോ അധികം അത് വ്യാപാരി ക്ഷേമനിധിയിലേയ്ക്കു നൽകുന്നതാണ്.

## XVII

## ഉപസംഹാരം

**233.** സർ, 2010-11-ലെ പുതുക്കിയ കണക്കുകൾ ഞാൻ അവതരിപ്പിക്കുന്നു.

| പുതുക്കിയ എസ്റ്റിമേറ്റ് 2010-11 | |
|---|---|
| | *രൂപ കോടിയിൽ* |
| റവന്യൂ വരവ് | 32127.01 |
| റവന്യൂ ചെലവ് | 35863.13 |
| റവന്യൂ കമ്മി | −3736.12 |
| മൂലധന ചെലവ് | 3184.19 |
| വായ്പകളും മുൻകൂറുകളും (തനി) | −739.82 |
| പൊതുക്കടം (തനി) | 6279.08 |
| പൊതുകണക്ക് (തനി) | 1498.43 |
| ആകെ മിച്ചം | 117.38 |
| വർഷാരംഭ രൊക്ക ബാക്കി | 58.40 |
| വർഷാന്ത്യ രൊക്ക ബാക്കി | 175.78 |

**234.** 2010-11-ലെ ബജറ്റിൽ പ്രതീക്ഷിച്ചതിനെക്കാൾ 946.19 കോടി രൂപ റവന്യൂ വരുമാനം കൂടുതൽ ലഭിക്കുമെന്നാണ് ഇപ്പോഴത്തെ കണക്കുകൂട്ടൽ. ഇതുമൂലം റവന്യൂ കമ്മി 1.48 ശതമാനത്തിൽ നിന്ന് 1.41 ശതമാനമായി കുറയും. പുതുക്കിയ കണക്കു പ്രകാരം ധനക്കമ്മിയും 3.49 ശതമാനത്തിൽ നിന്ന് 2.89 ശതമാനമായി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. 2250 കോടി രൂപ പദ്ധതിയേതര മൂലധനച്ചെലവു പ്രതീക്ഷിച്ച സ്ഥാനത്ത് 646.56 കോടി രൂപയേ ചെലവ് ഇപ്പോൾ പ്രതീക്ഷിക്കുന്നുള്ളു എന്നതാണ് മറ്റൊരു പ്രധാന മാറ്റം. നീണ്ട മഴ മൂലം നിർമ്മാണ പ്രവൃത്തികൾ വൈകിയതാണ് ഇതിനു കാരണം. പക്ഷേ, മൊത്തം ചെലവിൽ കുറവു പ്രതീക്ഷിക്കുന്നില്ല. കാരണം ഉപധനാഭ്യർത്ഥനകളിലൂടെ റവന്യൂ ചെലവ് ഗണ്യമായി ഉയർന്നിട്ടുണ്ട്.

**235.** സർ, 2011-12-ലെ ബജറ്റ് മതിപ്പു കണക്കുകൾ അവതരിപ്പിക്കുന്നു.

| ബജറ്റ് എസ്റ്റിമേറ്റ് 2011-12 | |
|---|---|
| | *രൂപ കോടിയിൽ* |
| റവന്യൂ വരവ് | 38546.89 |
| റവന്യൂ ചെലവ് | 44566.33 |
| റവന്യൂ കമ്മി | –6019.44 |
| മൂലധന ചെലവ് | 2910.13 |
| വായ്പകളും മുൻകൂറുകളും (തനി) | –1711.38 |
| പൊതുക്കടം (തനി) | 7793.76 |
| പൊതുകണക്ക് (തനി) | 2694.15 |
| ആകെ മിച്ചം | –153.04 |
| വർഷാരംഭ രൊക്ക ബാക്കി | 175.78 |
| ഇപ്പോൾ പ്രഖ്യാപിച്ച അധികച്ചെലവ് | 753.41 |
| വർഷാന്ത്യ രൊക്ക ബാക്കി | –730.67 |

**236.** 2011-12-ൽ മൊത്തം സർക്കാർ ചെലവ് 23.6 ശതമാനം ഉയരുമെന്നാണ് കരുതുന്നത്. ശമ്പള പരിഷ്കരണമടക്കമുള്ള എല്ലാ ചെലവുകൾക്കും പൂർണമായി തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ നടപ്പുവർഷത്തെപ്പോലെ തന്നെ റവന്യൂ വർദ്ധന നിലനിൽക്കും എന്നതിന്റെ അടിസ്ഥാനത്തിൽ റവന്യൂ കമ്മി 1.97 ശതമാനമായി നിർത്താൻ കഴിഞ്ഞു. ഈ ബജറ്റിൽ പുതിയ വിഭവ സമാഹരണങ്ങളൊന്നും നിർദ്ദേശിച്ചിട്ടില്ല എന്നതും ഓർക്കേണ്ടതാണ്. പദ്ധതിയ്ക്കു പുറമെയും മൂലധനച്ചെലവിനു പണം വകയിരുത്തിയിട്ടുണ്ട്. ധനക്കമ്മി അനുവദനീയമായ പരിധിയ്ക്കുള്ളി ലാണ്. ആഭ്യന്തര വരുമാനത്തിന്റെ 3.48 ശതമാനം.

**237.** സർ, സഭയിലെ എല്ലാവരിൽ നിന്നും വിമർശനപരവും ക്രിയാത്മകവുമായ സഹകരണം എനിക്ക് ലഭിച്ചിട്ടുണ്ട്. എന്നെ സംബന്ധിച്ചടത്തോളം കഴിഞ്ഞ അഞ്ചുവർഷം വലിയൊരു അനുഭവപാഠമാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരോടും, പ്രത്യേകിച്ച് മന്ത്രിസഭയിലെ എന്റെ സഹപ്രവർത്തകരോടും നന്ദി രേഖപ്പെടുത്തുന്നു. ഞങ്ങളുടെ പ്രവർത്തനത്തിന് നേതൃത്വം നൽകിയ മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദനെ ഞാൻ അഭിവാദ്യം ചെയ്യുന്നു.

**238.** ഒരു വേദന ഞാൻ തുറന്നു പറയട്ടെ. കേരള ലോട്ടറിയെ സംരക്ഷിക്കാനും അന്യരാജ്യ-അന്യ സംസ്ഥാന ലോട്ടറി മാഫിയയുടെ ചൂഷണത്തിൽ നിന്നു ജനങ്ങളെ രക്ഷിക്കാനുമാണ് ഈ സർക്കാർ പൂർണ പ്രതിബദ്ധതയോടെ ശ്രമിച്ചത്. എന്നാൽ ലോട്ടറി മാഫിയയെ നിയന്ത്രിക്കാൻ പൂർണ അധികാരവും ചുമതലയുമുള്ള കേന്ദ്രസർക്കാർ അതിനു തയ്യാറായില്ല. കേരള സർക്കാർ 2004 മുതൽ റിപ്പോർട്ടുകളും നിവേദനങ്ങളും കത്തുകളും അയച്ചിട്ടും ഇപ്പോൾ മാത്രമാണ് ബന്ധപ്പെട്ട സർക്കാരുകളെ അവ അറിയിക്കുന്നതിനു പോലും കേന്ദ്രസർക്കാർ സന്നദ്ധമായത്. ഇതുകണ്ടു കയ്യും കെട്ടി നോക്കിനിൽക്കാതെ ലോട്ടറി മാഫിയയെ തടയാൻ വിവിധ

മാർഗ്ഗങ്ങളിലൂടെ ശ്രമിക്കുകയായിരുന്നു ഈ സർക്കാർ. പക്ഷേ ഇക്കാര്യത്തിലുണ്ടായ വിപുലമായ അസത്യപ്രചാരണം ജനങ്ങൾ മനസിലാക്കുമെന്നെനിക്കുറപ്പുണ്ട്. ലോട്ടറി മാഫിയയെ നിയന്ത്രിക്കാനുള്ള നമ്മുടെ പരിശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തണമെങ്കിൽ നിയമലംഘനം നടത്തുന്നവർക്കെതിരെ കേന്ദ്രസർക്കാർ നടപടി സ്വീകരിക്കുകയോ നിലവിലുള്ള നിയമത്തിൽ സംസ്ഥാനത്തിന് അധികാരം നൽകി ഭേദഗതി വരുത്തുകയോ ചെയ്യണം. ഇക്കാര്യത്തിൽ യോജിച്ച നിലപാടു സ്വീകരിക്കാൻ എല്ലാവർക്കും കഴിയേണ്ടതുണ്ട്.

**239.** സർ, വരവും ചെലവും യാന്ത്രികമായി കണക്കൊപ്പിച്ചു പോകുന്ന യാഥാസ്ഥിതിക ധനനയത്തിനു പകരം വികസനോന്മുഖ ധനനയമാണു ഞങ്ങൾ സ്വീകരിച്ചത്. വികസനച്ചെലവുകൾ ചുരുക്കാനല്ല, മറിച്ച് വരുമാനം വർദ്ധിപ്പിച്ചു കമ്മി കുറയ്ക്കാനാണ് അടിസ്ഥാനപരമായി വികസനോന്മുഖ ധനനയം ശ്രമിക്കുക. സാമൂഹ്യക്ഷേമരംഗത്തെ ചെലവുകൾ പുനരുൽപാദനപരമല്ല എന്ന കാഴ്ചപ്പാട് ഞങ്ങൾ അംഗീകരിക്കുന്നില്ല. വിദ്യാഭ്യാസം ആരോഗ്യം തുടങ്ങിയ സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾ ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ പോലെ വികസനത്തിന് സുപ്രധാനമാണ്. റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാൻ ശ്രമിക്കുന്നതോടൊപ്പം ഭൗതിക പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ പരമാവധി വായ്പ സമാഹരിക്കുന്നതിന് വികസനോന്മുഖ ധനനയം പരിശ്രമിക്കും. മേൽപറഞ്ഞതു പോലൊരു വികസനോന്മുഖ ധനകാര്യനയം നടപ്പാക്കാൻ കഴിഞ്ഞതിന്റെ ഫലമായിട്ടാണ് ഭരണത്തിലേറി അഞ്ചുവർഷം പിന്നിടുമ്പോൾ ജനങ്ങൾക്കു നൽകിയ വാഗ്ദാനം നിറവേറ്റിയ ചാരിതാർത്ഥ്യത്തോടെ ഈ പ്രസംഗം അവസാനിപ്പിക്കാൻ എനിക്കു കഴിയുന്നത്. സർ, സാമ്പത്തിക അടിത്തറ സുസ്ഥിരമാക്കി എന്നു മാത്രമല്ല, മുന്നോട്ടു കുതിക്കാനുള്ള ഒരു മാർഗ്ഗവും ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ഞാൻ വാക്കുകൾ ഉപസംഹരിക്കുന്നത്.

**240.** തന്റെ മഹദ്കൃതിയായ ദിനാന്തത്തിൽ ഒഎൻവി കാണുന്ന സ്വപ്നം ഞാനുമിവിടെ പങ്കുവെയ്ക്കുന്നു.

*എന്നു,മകിഞ്ചനർ*
*കണ്ടകിനാവുകൾ*
*ഉണ്മയായ് മാറ്റാ-*
*നൊരുദിനം വന്നിടും*
*ചെങ്കനലാളുന്ന*
*നിസ്വലക്ഷങ്ങൾ തൻ*
*നെഞ്ചിലെച്ചൂള*
*യതിന്നു ചൂടേകിടും*
*ദിക്കുകൾ മങ്ങും*
*ദിനാന്തത്തിലെയൊറ്റ*
*നക്ഷത്രമായെന്റെ*
*സ്വപ്നം ജ്വലിക്കുന്നു...*

കഴിഞ്ഞ അഞ്ചു കൊല്ലത്തെ ഈ സർക്കാരിന്റെ നേട്ടങ്ങൾ ചരിത്രപ്രധാനങ്ങളാണ്. ദരിദ്രൻ കണ്ട സ്വപ്നങ്ങൾ ഉണ്മയായി മാറ്റാൻ നടത്തിയ ശ്രമങ്ങളാണത്. നിസ്വലക്ഷങ്ങളുടെ നെഞ്ചിലെ ചൂളയാണവയ്ക്കു ചൂടേകിയത്. ദിനാന്തത്തിൽ ഉദിച്ചുയരുന്ന ഒറ്റ നക്ഷത്രത്തിന്റെ പ്രതീക്ഷ ജനങ്ങൾക്കു നൽകാനായി എന്ന ആത്മവിശ്വാസത്തോടെയാണ് സർ, ഞാൻ ഈ ബജറ്റ് സഭയുടെ അംഗീകാരത്തിനു സമർപ്പിക്കുന്നത്.

*—: ജയ്ഹിന്ദ് :—*